

# വചനധ്വനി

Vol. IV No.2 2013 March - May

# വചനധ്വനി

ഒരു സ്വതന്ത്ര ക്രൈസ്തവ പ്രസിദ്ധീകരണം

Vol. IV No. 2 2013 March - May

*ഉദ്ദേശ്യം :*

## വിശ്വാസ പ്രതിവാദവും ഉപദേശ സമർത്ഥനവും

*Chief Editor*

**S. SUDARSANAN**

*Publisher*

**S. JEESAN KUMAR**

*Managing Editor*

**A. SHAJI**

*Associate Editors*

**R. KRISHNANKUTTY THIRUVATTAR**

**D. STEEPHEN, MA (Eco), MA (Mal) MTh**

**R. RAVINDRAN**

**S. JYOTHISH**

**K. BALASUBRAMANIAN**

### പ്രതികരണവേദി :

വചനധ്വനിയുടെ വായനക്കാരിൽ നിന്നും പ്രതികരണങ്ങൾ ക്ഷണിക്കുന്നു. അഭിപ്രായങ്ങൾ, വിമർശനങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ എഴുതി അറിയിക്കുക. പൊതു പ്രയോജനമുള്ളവ പ്രസിദ്ധീകരിക്കുന്നതാണ്.

വചനധ്വനി ഇ-മെയിലിൽ ലഭിക്കണമെന്നുള്ളവർ നിങ്ങളുടെ ഇ-മെയിൽ വിലാസം ഞങ്ങൾക്ക് മെയിൽ ചെയ്യുക

## താളുകൾ മറിക്കുമ്പോൾ

**3** ആര്യാനുകരണം ദൈവസഭയിലോ ?

**4** ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത

**8** എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ

**13** ഡാർവിനിസ്റ്റ് ബ്രദറൺകാർ സുവിശേഷപ്രവർത്തനം മതിയാക്കണം

**15** പാരമ്പര്യത്തിന്റെ പടയാളികൾ

**17** ദൈവനാമ മഹത്വത്തിന് വ്യാജസാക്ഷ്യങ്ങളോ ?

**21** രാജകീയ ന്യായപ്രമാണവും സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണവും

**24** മുഹമ്മദ് ഈസായുടെ ബൈബിൾ സ്റ്റഡിക്ക് മറുപടി

**27** ഖുർ ആനിലെ അള്ളാഹു പഴയ നിയമത്തിലെ യഹോവ അല്ലേ?

## ലേഖനങ്ങൾ ക്ഷണിക്കുന്നു

വിശ്വാസപ്രതിവാദവും ഉപദേശസമർത്ഥനവും ലക്ഷ്യമാക്കുന്ന ഈടുറ്റ ലേഖനങ്ങൾ അയച്ചുതരിക. ലേഖകന്റെ വിലാസവും ഫോൺ നമ്പരും ഉൾപ്പെടുത്തിയിരിക്കണം.

## ചോദ്യോത്തര പംക്തി

ക്രൈസ്തവ വിശ്വാസത്തിനെതിരെ ഇതര മത വിശ്വാസികളും ദുരുപദേശ സംഘങ്ങളും ഉന്നയിക്കുന്ന ചോദ്യങ്ങളും തിരുവചന സംബന്ധമായ സംശയങ്ങളും എഴുതി അറിയിക്കാവുന്നതാണ്. അതാത് മണ്ഡലങ്ങളിൽ പ്രഗത്ഭരായവർ മറുപടി എഴുതുന്നു.

ലേഖനങ്ങൾ, പ്രതികരണങ്ങൾ, ചോദ്യങ്ങൾ എന്നിവ അയക്കേണ്ട വിലാസം :

**SUDARSANAN. S.**
PB No.1 Koovalassery P.O.
Thiruvananthapuram - 695 512
✆ 9446104078
Email:vachanadhwani@gmail.com

പത്രാധിപ ലേഖനം

# ആര്യാനുകരണം ദൈവസഭയിലോ ?

ആര്യാധിനിവേശത്താൽ തമസ്കരിക്കപ്പെട്ട ഇന്ത്യയുടെ പ്രാചീന ചരിത്രം പുരാവസ്തു ശാസ്ത്രത്തിന്റെ പുരോഗതിയിൽ ഏറെക്കുറെ വെളിച്ചം കാണുകയുണ്ടായി. പ്രാചീന ഇന്ത്യൻ ജനതയായ ദ്രാവിഡർ നാഗരികരും പരിഷ്കൃതരും, വിദ്യാസമ്പന്നരും, വൈദ്യശാസ്ത്ര നിപുണരുമായിരുന്നു. ഊഷരഭൂമി താണ്ടി എത്തിയ ആര്യന്മാർ സമ്പൽസമൃദ്ധമായ ഇന്ത്യൻ മണ്ണിൽ ആകൃഷ്ടരായി ഇവിടെ ആധിപത്യം ഉറപ്പിക്കുവാൻ പ്രയോഗിച്ച മാർഗ്ഗങ്ങൾ രേഖപ്പെടുത്തിയ ചരിത്രഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമാണ്.

എന്തിനേറെ പറയുന്നു; ദൈവം മന്ത്രത്തിനധീനനും മന്ത്രം ബ്രാഹ്മണനനധീനവും എന്നു രേഖപ്പെടുത്തി ദൈവത്തിനതീതരായി വിളംബരം ചെയ്യപ്പെട്ട ആര്യന്മാരുടെ കൗശല ബുദ്ധി പ്രാചീന ഇന്ത്യൻ ജനതയെ അവർണ്ണരും അടിമകളുമാക്കി മാറ്റുകയായിരുന്നു. അക്ഷരം വിലക്കപ്പെട്ടവർ, അടിമത്വത്തിന് വിധിക്കപ്പെട്ടവർ, അവശരായി ഒതുക്കപ്പെട്ടവർ! സ്വന്തം മണ്ണിൽ പീഡിതരായി മാറ്റപ്പെടുകയായിരുന്നു ദ്രാവിഡജനത. കാട്ടാളകൂട്ട സമാനം പ്രാചീന ഇന്ത്യൻ ജനതയെ ആക്രമിച്ചു പുരോഗമിച്ചവർ ചരിത്രവും തിരുത്തി എഴുതുകയുണ്ടായി. വേദകർത്താക്കളും ഉപനിഷത്ത് രചയിതാക്കളും സ്മൃതികാരന്മാരും പുതിയ ചരിത്രം നിർമ്മിക്കുകയായിരുന്നു. ഇവയെല്ലാം എല്ലാക്കാലത്തും ആധിപത്യം നിലനിർത്തുവാനുള്ള ആര്യവ്യാമോഹത്തിന്റെ ഫലമായിരുന്നു. ആര്യാധിപത്യത്തിന് അടിമപ്പെട്ട് അജ്ഞരും അവശരും അടിമകളും അവർണ്ണരുമായി അവഗണിക്കപ്പെട്ട ജനവിഭാഗത്തിന് ഇന്നു കാണുന്ന പുരോഗതി പ്രദാനം ചെയ്തത് ബൈബിളായിരുന്നു. ക്രൈസ്തവ മിഷണറിമാരുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനം വിജ്ഞാനത്തിലേയ്ക്കും സമത്വത്തിലേയ്ക്കും അവരെ നയിക്കുകയായിരുന്നു. ഈ സാമൂഹിക പരിവർത്തനമാണ് ഇന്ത്യൻ മണ്ണിൽ ക്രൈസ്തവ വിശ്വാസം വളരുവാൻ കാരണമായത്.

വർഗ്ഗീയ വിവേചനമില്ലാത്ത, ഉച്ചനീച തട്ടുകളില്ലാത്ത സാഹോദര്യത്തിന്റെ സമൃദ്ധമായ പരിലാളനം; അവശത അനുഭവിച്ചിരുന്ന ജനവിഭാഗങ്ങൾക്ക് ആവേശമായിമാറി. ക്രൈസ്തവർ സമൃദ്ധിയായി ഇന്ത്യയിൽ വളരാൻ തുടങ്ങി. കാലം പുരോഗമിച്ചപ്പോൾ പഴയ ആര്യതന്ത്രം, ക്രൈസ്തവർക്കിടയിൽ നുഴഞ്ഞു കയറി. ക്രൈസ്തവ വിശ്വാസത്തിന്റെ തനിമ നഷ്ടപ്പെട്ടു; ക്രൈസ്തവ സമൂഹത്തിന്റെ വളർച്ച മുരടിച്ചു; എങ്കിലും ആര്യൻചിന്ത പിന്മാറിയില്ല. ക്രൈസ്തവർ ന്യൂനപക്ഷം എങ്കിലും അവർക്കിടയിൽ വചനവിരുദ്ധമായ ഉച്ചനീച തട്ടുകൾ സൃഷ്ടിക്കുവാൻ പരിശ്രമിക്കുന്നവർ വർദ്ധിക്കുന്നു. അറിവും അധികാരവും ചില കുടുംബക്കാർക്കുവേണ്ടി മാത്രം സംവരണം ചെയ്തിരിക്കുന്നതുപോലെ. മറ്റുള്ളവർ ഉന്നത സ്ഥാനങ്ങളിൽ എത്തുന്നതിൽ അസഹിഷ്ണുക്കൾ ആയവരും, പറയുവാനും എഴുതുവാനുമുള്ള അവകാശം തങ്ങൾക്ക് മാത്രമെന്ന് അവകാശപ്പെടുന്നവരും തെറ്റുകൾക്കെതിരെയുള്ള പ്രതികരണം പ്രതിരോധിക്കാൻ പരിശ്രമിക്കുന്നവരും, പഴയ ആര്യവൽക്കരണത്തിന്റെ പുത്തൻ പതിപ്പുകൾ തന്നെ.

ദൈവം നൽകിയ സ്വാതന്ത്ര്യവും ദൈവം കനിഞ്ഞരുളിയ കൃപാവരങ്ങളും ദൈവം നിശ്ചയിച്ച ശുശ്രൂഷയുടെ സ്ഥാനങ്ങളും ഉപേക്ഷിച്ചു ഏതോ പാരമ്പര്യക്കാരുടെ ആജ്ഞാനുവർത്തികളായി ജീവിക്കണമെന്ന കല്പന ദൈവജനത്തിന് സ്വീകാര്യമല്ല. ദൈവത്തിന് അതീതമായി വാഴ്ത്തപ്പെടുന്ന കുടുംബമഹിമ ഇനിയും വിമർശിക്കപ്പെടും. വചനമാകുന്ന പടവാളിനെ പ്രതിരോധിക്കാൻ പാരമ്പര്യമാകുന്ന പരിചയ്ക്കു സാധിക്കുമോ ?

**എസ്സ്. സുദർശനൻ**

# ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത

സുവി. ബെൻസൺ ബാബു മീമ്പാറ. ഫോൺ: 9496579624

(കഴിഞ്ഞ ലക്കം തുടർച്ച)

*"..............പുരുഷനെ ആദ്യവും സ്ത്രീയെ രണ്ടാമതും സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് മുൻഗണനയനുസരിച്ച് പുരുഷന്മാർക്കാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടത് എന്ന് ചിലർ വാദിക്കുന്നു. എന്നാൽ സമയത്തിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണന ശ്രേഷ്ഠതയ്ക്ക് അഥവാ മേൽക്കോയ്മയ്ക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു ഘടകമായി പരിഗണിക്കുവാൻ തിരുവചനാടിസ്ഥാനത്തിൽ നിന്ന് മനസ്സിലാക്കാനാവില്ല. ഒന്നാമത് സൃഷ്ടിക്കപ്പെടുന്നതിന് മേധാവിത്വമുണ്ടെങ്കിൽ മനുഷ്യനേക്കാൾ മൃഗങ്ങൾക്കാണ് ഉന്നതസ്ഥാനം കൊടുക്കേണ്ടത്. മൃഗങ്ങളെ സൃഷ്ടിച്ചതിന് ശേഷമാണല്ലോ മനുഷ്യനെ സൃഷ്ടിച്ചത്. (പ്രൊഫ. പി.പി.സ്കറിയ, ജീവവചനം 2012 ഫെബ്രു. 29).*

മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ.............(സങ്കീ.49:20), എന്ന വേദവാക്യമാണ് ഈ വാക്കുകൾ വായിച്ചപ്പോൾ ഈയുള്ളവന്റെ ഓർമ്മയിലേക്ക് വന്നത് (ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു ഞാൻ പറയുന്നത് ഭോഷ്ക്കല്ല). സത്യത്തെ തമസ്കരിക്കുവാനുള്ള ബാലിശമായ വാദഗതികളല്ല "ആഴമായ പഠനം" നടത്തി എന്നവകാശപ്പെടുന്ന ഒരാളിൽ നിന്നും വായനക്കാർ പ്രതീക്ഷിക്കുന്നത്. "പുരുഷനെ ആദ്യവും സ്ത്രീയെ രണ്ടാമതും സൃഷ്ടിച്ചിരിക്കുന്നതു കൊണ്ട് മുൻഗണനയനുസരിച്ച് പുരുഷൻമാർക്കാണ് ഒന്നാം സ്ഥാനം കൊടുക്കേണ്ടത് എന്ന് ചിലർ വാദിക്കുന്നു" എന്ന തന്റെ പ്രസ്താവന ശ്രദ്ധിക്കുക. തുടർന്ന് ഈ വാദത്തിനുള്ള മറുപടിയും അദ്ദേഹം നൽകുന്നു; "ഒന്നാമത് സൃഷ്ടിക്കപ്പെടുന്നതിന് മേധാവിത്വമുണ്ടെങ്കിൽ മനുഷ്യനെക്കാൾ മൃഗങ്ങൾക്കാണ് ഉന്നത സ്ഥാനം കൊടുക്കേണ്ടത്. മൃഗങ്ങളെ സൃഷ്ടിച്ചതിന് ശേഷമാണല്ലോ മനുഷ്യനെ സൃഷ്ടിച്ചത്" ശുദ്ധ അസംബന്ധം എന്നല്ലാതെ അതിൽ കുറഞ്ഞ വിശേഷണങ്ങൾ ഒന്നും ഈ വ്യാഖ്യാനം അർഹിക്കുന്നില്ല. വാദപ്രതിവാദങ്ങൾ നടത്തി നേടിയെടുക്കുവാൻ പുരുഷനോട് ദൈവം ആവശ്യപ്പെട്ടിരിക്കുന്ന ഒരു സംഗതിയല്ല അവന്റെ 'നായകത്വം' (headship) എന്നുള്ളത്. അത് സൃഷ്ടിപ്പിൽ ദൈവം തന്നെ വച്ചിരിക്കുന്ന ഒരു ക്രമമാണ് അർത്ഥാൽ ദൈവദത്തമാണ്. അതുകൊണ്ട് തന്നെ സ്വാഭാവികമാണ് (natural). സ്വാഭാവിക ക്രമത്തെ (natural order) സ്വഭാവ വിരുദ്ധമാക്കുവാൻ ശ്രമിക്കുന്നവർ ഏതൊരു കാലത്തും ഉപയോഗിക്കുന്ന വില കുറഞ്ഞ ഒരു തന്ത്രമാണ് ഇല്ലാത്ത വാദങ്ങൾ ഉണ്ടെന്ന് വരുത്തി ആ വിടവിലൂടെ നാശകരമായ മതഭേദങ്ങളെ (destructive heresies) നുഴയിക്കുക എന്നത്. ഇത്തരുണത്തിൽ അപ്പൊസ്തലന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്, "ഞാൻ പോയശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും എന്ന് ഞാൻ അറിയുന്നു. ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നും എഴുന്നേൽക്കും" അ. പ്രവൃത്തികൾ 20:29,30. വിപരീതോപദേശക്കാർ എഴുന്നേൽക്കുന്നത് സഭയ്ക്കകത്ത് നിന്നാണെന്നും, ക്രിസ്തുശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയുക എന്നതാണ വരുടെ ഉദ്ദേശ്യമെന്നും പൗലൊസ് വ്യക്തമാക്കുന്നു. സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിക്കുവാനുള്ള ഉത്തരവാദിത്വം അവരവരിൽ തന്നെ നിക്ഷിപ്തമായിരിക്കുന്നതിനാൽ ഓരോ ക്രിസ്തുവിശ്വാസിയും വളരെ ജാഗ്രതയോടെ ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടേ മതിയാകൂ.

## തിരുവെഴുത്തിന്റെ ഉപദേശം

ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ ഓരോരുത്തരും നടക്കേ

ണ്ടത് എങ്ങനെയെന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഇടയലേഖനത്തിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കട്ടെ.

ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ;

ആദാം അല്ല സ്ത്രീ അത്രെ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത് 1തിമോ 2:13,14. സഭാകൂടിവരവുകളിൽ ശുശ്രൂഷകളിൽ സ്ത്രീജനത്തിന്റെ മേലുള്ള നിയന്ത്രണത്തെക്കുറിച്ച് പറഞ്ഞ് വന്നിട്ട് (1തിമോ. 2:8-12) ഈ നിയന്ത്രണത്തിന് രണ്ടുവിധ കാരണങ്ങൾ ഉള്ളതായി പൗലോസ് വ്യക്തമാക്കുന്നു.

1. സൃഷ്ടിപരം: (ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ)

2. ശിക്ഷാപരം: (ആദാം അല്ല സ്ത്രീ അത്രെ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത്) ഒന്നാമത്തേത്, സൃഷ്ടിപ്പിൽ സ്ത്രീയുടെ മേലുള്ള പുരുഷന്റെ നായകത്വത്തേയും രണ്ടാമത്തേത് സ്ത്രീ പുരുഷന് വിധേയപ്പെട്ടിരിക്കേണ്ടതിന്റെ ആവശ്യകതയെയും വ്യക്തമാക്കുന്നു. ഇവയിൽ ഒന്നാമത് രേഖപ്പെടുത്തിയിരിക്കുന്ന "സൃഷ്ടിപരം" ആണ് നാം ചിന്തിച്ച് വരുന്ന വിഷയത്തിന്റെ പരിധിയിൽപെടുന്നത് എന്നതിനാൽ ആ ഭാഗം അല്പം കൂടെ വിശദമാക്കുവാൻ ആഗ്രഹിക്കുന്നു. മറ്റൊരു തിരുവചനഭാഗം ശ്രദ്ധിക്കുക.

"പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലൊ സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലൊ സൃഷ്ടിക്കപ്പെട്ടത്? 1കൊരി.11:8,9.

സ്ത്രീയുടെ സൃഷ്ടിപ്പിനോടുള്ള ബന്ധത്തിൽ രണ്ട് കാര്യങ്ങളാണ് വിശുദ്ധ പൗലൊസ് ഇവിടെ വ്യക്തമാക്കുന്നത്.

1. സ്ത്രീ ഉണ്ടായത് (originate) പുരുഷനിൽ നിന്നാണ് (from the man)

2. സ്ത്രീ സൃഷ്ടിക്കപ്പെട്ടത് (created) പുരുഷന് വേണ്ടിയാണ് (for the man)

സൃഷ്ടാവായ ദൈവം, സൃഷ്ടിപ്പിൽ പുരുഷനും സ്ത്രീക്കും അനേകകാര്യങ്ങളിൽ ഐക്യതയും, തുല്യതയും നൽകിയിരുന്നു എന്നത് നിസ്തർക്കമാണ് ഉൽപ്പത്തി 1:26-28; 5:12. പുരുഷനും സ്ത്രീയും ഒരേ ദൈവസാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടത്, ഭൂമിയുടെ മേൽ വാഴുവാനുള്ള അധികാരം രണ്ട് പേർക്കുമാണ് നൽകിയത്. അനുഗ്രഹത്തിലും അവർ തുല്യതയുള്ളവരാണ്. എങ്കിലും അവർക്ക് തമ്മിൽ സ്ഥാനം സംബന്ധിച്ചും ഉത്തരവാദിത്വങ്ങൾ സംബന്ധിച്ചും വ്യത്യാസം കൽപ്പിച്ചിരുന്നു. മുകളിൽ ഉദ്ധരിച്ച, അപ്പൊസ്തലന്റെ വാക്കുകൾ സ്വന്ത ആശയങ്ങൾ തിരുകി കയറ്റാതെ പ്രാർത്ഥനയോടെ മനസ്സിലാക്കുവാൻ ശ്രമിച്ചാൽ, ഏതൊരു സാധാരണക്കാരനും മനസ്സിലാകുന്ന വിധത്തിൽ ദൈവാത്മാവിന്റെ ആലോചന സ്പഷ്ടമാണ്.

പുരുഷന്റെ നായകത്വവും, സ്ത്രീയുടെ വിധേയത്വവും എത്രയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു ഭാഗമാണ് 1കൊരി.11:3-16 വരെയുള്ള വാക്യങ്ങൾ. "സ്ത്രീയുടെ തല പുരുഷൻ" (1കൊരി.11:3) എന്ന് ദൈവാത്മാവ് രേഖപ്പെടുത്തുമ്പോൾ "ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു എന്നതിൽ" ആൺ-പെൺ വ്യത്യാസമില്ല എങ്കിലും (ഗലാ 3:27,28) കുടുംബത്തിലും ദൈവസഭയിലും നായകത്വം പുരുഷനാണ് എന്ന യാഥാർത്ഥ്യം സ്ഫടിക സ്ഫുടമായി വ്യക്തമാക്കുകയാണ്. അതായത് ക്രിസ്തുവിൽ നാം ഒന്നായിരിക്കുമ്പോൾ തന്നെ കുടുംബത്തിലും, ദൈവസഭയിലും സ്ഥാനീയവും, കർത്തവ്യപരവുമായിരിക്കുന്ന വ്യത്യാസങ്ങൾ സ്ത്രീപുരുഷന്മാർ തമ്മിലുണ്ട്. അതുപോലെ ".........സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം (വിധേയത്വത്തിന്റെ പ്രതീകം - POC) ഉണ്ടായിരിക്കണം" (1കൊരി 11:10) എന്ന് പവിത്രാത്മാവ് രേഖപ്പെടുത്തിയിരിക്കുമ്പോൾ, നായകത്വമുള്ളതു കൊണ്ടാണ് വിധേയത്വം ആവശ്യമായി വരുന്നത് എന്ന വസ്തുത വചനത്തെ സ്നേഹിക്കുന്നവർ അംഗീകരിച്ചേ മതിയാകൂ.

**മൂടുപടം: വിധേയത്വത്തിന്റെ പ്രതീകം**

ദൈവം നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയമാണ് (eternal purpose) സഭ. അതായത് സഭ എന്ന നിത്യമായ പദ്ധതി ദൈവം നിവർത്തിച്ചത് കർത്താവായ യേശുക്രിസ്തുവിൽ കൂടിയാണ്. ഈ സഭയിലൂടെയാണ് ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സ്വർഗ്ഗത്തിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും അറിയായ് വരുന്നത് എഫേ.3:10,11. ഒന്നുകൂടെ വ്യക്തമാക്കിയാൽ ദൈവത്തിന്റെ ബഹുവിധമായ

ജ്ഞാനത്തെക്കുറിച്ചുള്ള സ്വർഗ്ഗീയൻമാരുടെ പാഠപുസ്തകമാണ് ദൈവസഭ. അവിടെ വിധേയത്വത്തിന്റെ പ്രതീകമായ മൂടുപടമണിഞ്ഞ സ്ത്രീകൾക്കും അവരുടെ വാചാലമായ മൗനത്തിനും (active silence) വലിയ പ്രാധാന്യമുണ്ട്. ഈ യാഥാർത്ഥ്യം അംഗീകരിക്കാത്ത സ്ത്രീകളും, സഭാശുശ്രൂഷകളിൽ അവരുടെ സമത്വത്തിനുവേണ്ടി വാദിക്കുന്ന അഭിനവ അപ്പൊസ്തലന്മാരും ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത അലക്ഷ്യമാക്കുകയാണ്. ദൈവത്തെയും ദൈവശ്വാസീയമായ തിരുവെഴുത്തിനേയും മറ്റെന്തിനെക്കാളും വിലമതിക്കുന്ന സഹോദരിമാരോട് മാത്രമായി പറയട്ടെ......

> വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്; ഈവക നിമിത്തമല്ലോ ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത് എഫെ.5:6,7.

മൂടുപടം വിധേയത്വത്തിന്റെ പ്രതീകമായതിനാൽ (1കൊരി11:10), ദൈവസഭയുടെ അംഗമായ ഒരു സ്ത്രീ മൂടുപടമിടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല (1കൊരി11:5) എന്നതാണ് ദൈവസഭയുടെ ഉപദേശവും മര്യാദയും (custom). ഈ ഉപദേശത്തിനെതിരായി ഒരുത്തൻ തർക്കിക്കുവാൻ ഭാവിച്ചാൽ മൂടുപടമിടാതെയുള്ള ഒരു മര്യാദ ദൈവസഭകൾക്കില്ല എന്ന് അപ്പൊസ്തലൻ മറയില്ലാതെ വ്യക്തമാക്കുകയാണ്.

"ഒരുത്തൻ തർക്കിക്കുവാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല ദൈവ സഭകൾക്കുമില്ല എന്ന് ഓർക്കട്ടെ" 1കൊരി11:16.

ഈ ഭാഗത്ത് "അങ്ങനെയുള്ള മര്യാദ" എന്ന് പറഞ്ഞിരിക്കുന്നത് തർക്കിക്കുന്ന കാര്യത്തെ സംബന്ധിച്ചാണ് എന്നൊരു തെറ്റായ ധാരണ നമ്മുടെ വിശ്വാസികൾക്കിടയിലുണ്ട്. ആയതിനാൽ വാദപ്രതിവാദങ്ങളെയും ഖണ്ഡന മണ്ഡനങ്ങളേയും തികച്ചും അനാത്മികമായി അവർ കാണുകയും അങ്ങനെയുള്ളവരെ "ആത്മീക വളർച്ച" യില്ലാത്തവരായി പരിഗണിക്കുകയും ചെയ്യുന്നു. എന്നാൽ 'മര്യാദ' എന്നതിന് 'ആചാരം' (custom) എന്ന വാക്കാണ് കുറച്ചുകൂടി യോഗ്യമായ പരിഭാഷ. 'തർക്കിക്കുക' എന്നത് ഒരു ആചാരമല്ലല്ലൊ ? ആയതിനാൽ "മൂടുപടം ധരിക്കേണ്ട ആവശ്യമില്ല" എന്ന് ഒരുത്തൻ തർക്കിക്കുവാൻ ഭാവിച്ചാൽ, മൂടുപടം ധരിക്കാതെയുള്ള ഒരു മര്യാദ അപ്പൊസ്തലൻമാർക്കോ ദൈവസഭകൾക്കോ സ്വീകാര്യമല്ല എന്ന യാഥാർത്ഥ്യം അപ്പൊസ്തലൻ ഊന്നി പറയുകയാണ്. ഇതാണ് ദൈവശ്വാസീയമായ തിരുവെഴുത്തിന്റെ ഉപദേശം.

എന്നാൽ മൂടുപടം വിധേയത്വത്തിന്റെ പ്രതീകമാണ് എന്ന 'സഭാതത്വം' അംഗീകരിക്കുവാൻ പ്രൊഫ.പി.പി.സ്കറിയ തയ്യാറല്ല; പകരം തന്റെ 'ആഴമായ പഠനത്തെ സാധൂകരിക്കുവാൻ BC 1450-1250 കാലഘട്ടത്തിൽ നിലവിലിരുന്ന അസീറിയൻ നിയമാവലിയേയും, എബ്രായ തിരുവെഴുത്തുകളേയും കൂട്ടുപിടിച്ച് അപ്പൊസ്തലിക ഉപദേശത്തിൽ മായം ചേർക്കുകയാണ്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കൂ....

*'മൂടുപടം അവർക്ക് പുരുഷന്മാരേക്കാൾ താഴ്ന്ന ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത് എന്നുള്ളതിന്റെ അടയാളമായിരുന്നില്ല. നേരെ മറിച്ച് മാന്യതയുടെയും ഉയർന്ന പദവിയുടെയും ഒരു ചിഹ്നമായിരുന്നു. പഴയനിയമത്തിൽ ഒരിടത്തും സ്ത്രീകൾ മൂടുപടം ധരിക്കണമെന്ന നിർദ്ദേശങ്ങൾ ഒന്നുമില്ല. എന്നാൽ യാദൃശ്ചികമായ ചില പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ചില അനുമാനങ്ങളിൽ എത്താൻ കഴിയും. ഉദാഹരണമായി, അബ്രഹാം മിസ്രയീമിൽ ചെന്നപ്പോൾ തന്റെ ഭാര്യ സാറ സുന്ദരിയാണെന്ന് മിസ്രയീമ്യർ കണ്ടു എന്ന് പറയുന്നതുകൊണ്ട് ഇസ്ലാമിലെ സ്ത്രീകളെപ്പോലെ സാറ മൂടുപടം ധരിച്ചിരുന്നില്ലെന്ന് മനസ്സിലാക്കാം. അതുപോലെ തന്നെ, റിബേക്ക മൂടുപടം ധരിച്ചിരുന്നുവെങ്കിൽ അബ്രഹാമിന്റെ ദാസൻ കിണറ്റിനരികെ അവളെ കണ്ടപ്പോൾ അവൾ സുന്ദരിയാണെന്ന് മനസ്സിലാക്കുകയില്ലായിരുന്നു. റാഹേൽ ലേയയേക്കാൾ സുന്ദരിയും മനോഹരരൂപിണിയും എന്ന് യാക്കോബിന് മനസ്സിലാക്കുവാൻ കഴിഞ്ഞത് അവൾ മൂടുപടം ധരിക്കാതിരുന്നത് കൊണ്ടാണെന്ന് അനുമാനിക്കുന്നതിൽ അപാകതയുണ്ടെന്ന് തോന്നുന്നില്ല" (ജീവവചനം 2012 സെപ്റ്റംബർ 20).*

മൂടുപടം വിധേയത്വത്തിന്റെ പ്രതീകമായി അംഗീകരിച്ചാൽ പുരുഷന്റെ നായകത്വവും,

സ്ത്രീയുടെ വിധേയത്വവും ദൈവീക ക്രമീകരണമാണ് എന്ന യാഥാർത്ഥ്യം കൂടി സ്കറിയ മാസ്റ്റർക്ക് സമ്മതിക്കേണ്ടിവരും. അതിന് താൻ തയ്യാറല്ലാത്തതുകൊണ്ടാണ് അസ്സീറിയൻ നിയമാവലിയേയും, പഴയ നിയമത്തേയും കൂട്ടുപിടിച്ച് "മൂടുപടം" തികച്ചും അപ്രധാനമായ ഒന്നാണ് എന്ന് സ്ഥാപിക്കുവാൻ തന്റെ ലേഖനത്തിലുടനീളം ശ്രമിക്കുന്നത്. മറ്റൊരു വസ്തുത കൂടെ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്; 1കൊരിന്ത്യർ 11-ാം അദ്ധ്യായത്തിൽ പൗലൊസ് 'മൂടുപടം' എന്ന് വിളിച്ചിരിക്കുന്നത് 'ശിരോവസ്ത്ര'ത്തെയാണ് (head coveirng). തല മറയ്ക്കുവാൻ ഉപയോഗിക്കുന്ന വസ്ത്രമാണ് വിവക്ഷ. അല്ലാതെ ഇസ്ലാമിലെ സ്ത്രീകൾ ധരിക്കുന്നതുപോലെ തലയും, മുഖവും ആകമാനം മറയ്ക്കുന്ന ഒരു ആവരണമല്ല. സാമാന്യബുദ്ധിയിൽ മനസ്സിലാക്കുവാൻ സാധിക്കുന്ന ലളിതമായ ഒരു സത്യമാണത്. സാറയും, റിബേക്കയും, റാഹേലും, മൂടുപടം ധരിക്കാതിരുന്നത് കൊണ്ടാണ്, യഥാക്രമം മിസ്രയീമ്യർക്കും അബ്രഹാമിന്റെ ദാസനും, യാക്കോബിനും അവർ സുന്ദരിമാരാണെന്ന് മനസ്സിലായത് എന്ന സ്കറിയ മാസ്റ്ററുടെ പ്രസ്താവനയിൽ ഒരു അപകടം പതിയിരിക്കുന്നുണ്ട്. 'ജീവവചന' ത്തിന്റെ തുടർന്നുള്ള പേജുകളിൽ, പൗലൊസ് മൂടുപടത്തിന് കൊടുക്കുന്ന അർത്ഥം തന്നെ സ്കറിയ മാസ്റ്റർ മാറ്റിയെഴുതിയാൽ അതിൽ നാം അൽപ്പം പോലും അതിശയിക്കേണ്ടതില്ല എന്ന് മുന്നമെ പറഞ്ഞ് വയ്ക്കട്ടെ.

**മൂടുപടം (ശിരോവസ്ത്രം) അനാവരണം ചെയ്യുന്ന ആത്മീക സത്യങ്ങൾ**

സഭാകൂടിവരവുകളിൽ സ്ത്രീകൾക്ക് പ്രാർത്ഥിക്കാമോ? പ്രവചിക്കാമോ? ഇത്യാദി സംഗതികളല്ല 1കൊരിന്ത്യർ 11:3-16 വരെയുള്ള ഭാഗങ്ങളിലെ പ്രതിപാദ്യവിഷയം. പ്രത്യുത സ്ത്രീകൾ പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുമ്പോൾ മൂടുപടം ധരിക്കേണ്ടുന്നതിന്റെ ആവശ്യകതയാണ് അപ്പൊസ്തലൻ ഊന്നിപ്പറയുന്നത്; അതായത് 'മൂടുപട'മാണ് ഈ ഭാഗത്തെ കേന്ദ്രവിഷയം. അതുകൊണ്ട് തന്നെ സഭാകൂടിവരവുകളിലെ സ്ത്രീകളുടെ പ്രാർത്ഥനയും പ്രവചനവും ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ല. ഈ സത്യത്തെ സാധൂകരിക്കുവാൻ ചില തെളിവുകൾ കൂടെ നൽകുന്നു. നിങ്ങൾ തന്നെ വിധിക്കുവിൻ; സ്ത്രീ മൂടുപടമിടാതെ ദൈവത്തോട് പ്രാർത്ഥിക്കുന്നത് യോഗ്യമോ?" 1കൊരി11:13. ഈ വാക്യത്തിലെ "ദൈവത്തോടുള്ള പ്രാർത്ഥന" സഭായോഗത്തിലെ പ്രാർത്ഥനയായി പരിമിതപ്പെടുത്തുവാനുള്ള ന്യായങ്ങൾ ഏതെല്ലാമാണെന്ന് 'ആഴമായ പഠനം' നടത്തിയവർ വ്യക്തമാക്കിയാൽ കൊള്ളാം. ദൈവസഭയുടെ അംഗമായ ഒരു സ്ത്രീ മൂടുപടം ധരിക്കാതെ ദൈവത്തോട് പ്രാർത്ഥിക്കുന്നത് അയോഗ്യമാണ് എന്ന ആത്മീകസത്യമാണ് പൗലൊസ് ഇവിടെ വ്യക്തമാക്കുന്നതെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്.

കൊരിന്ത് സഭാകൂടിവരവുകളിലെ പ്രശ്നങ്ങൾ പൗലൊസ് കൈകാര്യം ചെയ്യുന്നത് 11-ാം അദ്ധ്യായം 17 മുതൽ 14:39 വരെയുള്ള ഭാഗങ്ങളിലാണ്. ഈ ഭാഗങ്ങളിൽ വളരെ വ്യക്തമായി ഏഴ് പ്രാവശ്യം 'നിങ്ങൾ കൂടിവരുമ്പോൾ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് (11:17, 18,20, 33,34; 14:23,26). കർത്താവിന്റെ അത്താഴം, ആത്മീകവരങ്ങളുടെ ഉപയോഗം (പ്രത്യേകാൽ പ്രവചനം, ഭാഷാവരം, വ്യാഖ്യാനവരം), സ്തോത്രം ചെയ്യൽ (14:16,17) തുടങ്ങിയവയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകളാണ് സഭാകൂടിവരവുകളിൽ നേരിട്ടത്. ഈ പ്രശ്നങ്ങൾക്കെല്ലാം കൃത്യമായി പരിഹാരം നിർദ്ദേശിക്കുന്ന അപ്പൊസ്തലൻ, "വിശുദ്ധൻമാരുടെ സർവ്വസഭകളിലും എന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ; ന്യായപ്രമാണം പറയുന്നത് പോലെ കീഴടങ്ങിയിരിക്കുവാനല്ലാതെ സംസാരിക്കുവാൻ അവർക്ക് അനുവാദമില്ല" (14:34) എന്ന് ആത്മാവിനാൽ നിയന്ത്രിക്കപ്പെട്ടവനായി രേഖപ്പെടുത്തുമ്പോൾ, ആത്മാധിവാസമുള്ളവർക്ക് ഈ സത്യത്തെ അവഗണിക്കാനാകുമോ ?

തൽക്കാലം നമുക്ക് മൂടുപടം അനാവരണം ചെയ്യുന്ന ആത്മീക സത്യങ്ങളിലേക്ക് മടങ്ങിവരാം. നമ്മുടെ ചിന്താവിഷയമായ വേദഭാഗത്ത് രണ്ട് വിധത്തിലുള്ള മൂടുപടങ്ങളെപ്പറ്റി പൗലോസ് പ്രതിപാദിക്കുന്നുണ്ട്, 15-ാം വാക്യം ശ്രദ്ധിക്കുക...

'സ്ത്രീ മുടി നീട്ടിയാലോ അത് മൂടുപട

# എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ

എ. സ്റ്റീഫൻ

യഥാർത്ഥത്തിൽ മാനവസമൂഹത്തിനാക മാനം ഒരു ആന്തരീകത്തകർച്ച സംഭവിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യന്റെ ഉള്ളിൽ വക്രത നിറഞ്ഞിരിക്കുന്നതിനാൽ പുറമെയുള്ള പ്രവർത്തനങ്ങളിലും അത് ദർശിക്കുവാൻ കഴിയും. എന്തുകൊണ്ടാണ് ജനത്തിന്റെ നിറം മങ്ങിപ്പോയത് ? യേശുക്രിസ്തുവിന്റെ നിർമ്മലമായ രക്തത്താൽ പാപക്കറ കഴുകിക്കളയാതെ മനുഷ്യർ മാനസാന്തരമെന്ന ചായം തേച്ചു. തേച്ചതൊക്കെ മാഞ്ഞു പോയിരിക്കുന്നു. ഏതോ വീഴ്ച പറ്റിയിരിക്കുന്നു. ഞാനുദ്ദേശിക്കുന്നത് ആത്മീയമണ്ഡലത്തെയാണ്. ഈ വിഷയം പഠിക്കാനും എഴുതാനും തുടങ്ങിയപ്പോൾ അനവധി പുസ്തകങ്ങൾ വായിക്കുവാനെനിക്കിടയായിത്തീർന്നു. അതൊക്കെ എനിക്ക് കൂടുതൽ വിശുദ്ധിക്കായുള്ള ആവേശമുളവാക്കി.

---

ത്തിന് പകരം നൽകിയിരിക്കുക കൊണ്ട് അവൾക്ക് മാനം ആകുന്നു എന്നു പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ ?" 'നീണ്ടമുടി മൂടുപടത്തിന് പകരം നൽകിയിരിക്കുന്നു' എന്ന ഭാഷാന്തരം തെറ്റിദ്ധരിക്കപ്പെടുവാൻ സാധ്യതയുണ്ട്, "for her hair is given to her for a covering" (NASB) എന്നാണ് ഇംഗ്ലീഷിൽ. നീണ്ടമുടി മൂടുപടമായി നൽകിയിരിക്കുന്നു എന്നാണർത്ഥം. അതായത് നീണ്ട മുടി സ്ത്രീകളുടെ സ്വാഭാവിക മൂടുപടമാണ്. മറ്റൊന്ന് മനഃപൂർവ്വമായി ധരിക്കേണ്ട മൂടുപടമാണ് 11:5. പ്രാർത്ഥിക്കുകയോ, പ്രവചിക്കുകയോ ചെയ്യുന്ന സ്ത്രീ മൂടുപടം ധരിക്കേണം എന്ന് പറയുമ്പോൾ, സ്വാഭാവിക മൂടുപടത്തിൽ നിന്നും വ്യത്യസ്തമായി മറ്റൊരു മൂടുപടമാണ് പരാമർശം. നീണ്ടമുടി മൂടുപടത്തിന് പകരമായി നൽകിയിരിക്കുന്നതുകൊണ്ട്, മറ്റൊരു മൂടുപടം അതിൻമീതെ ധരിക്കേണ്ട ആവശ്യമില്ല എന്നാരെങ്കിലും ശഠിക്കുന്നുവെങ്കിൽ, അങ്ങനെയുള്ളവർക്ക് അപ്പൊസ്തലൻ നൽകുന്ന മറുപടി ശ്രദ്ധിക്കുക.

"സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ച് കളയട്ടെ, കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ" 1കൊരി 11:6.

മനഃപൂർവ്വമായി ധരിക്കേണ്ട മൂടുപടം ഇടുന്നില്ലെങ്കിൽ, സ്വാഭാവിക മൂടുപടമായ നീണ്ടമുടി കൂടെ കത്രിച്ചു കളയുവാനോ, വടിച്ചു കളയുവാനോ (.....to have her hair cut off or her head shaved) ആണ് താൻ ആവശ്യപ്പെടുന്നത്. അർത്ഥാൽ സ്ത്രീക്ക് തലമേൽ രണ്ട് വിധത്തിലുള്ള മൂടുപടവും അത്യന്താപേക്ഷിതമാണ്.

നീണ്ടമുടിയെന്ന സ്വാഭാവിക മൂടുപടം നൽകിയതിലൂടെ പ്രകൃതി പഠിപ്പിക്കുന്ന പാഠം സ്ത്രീക്ക് മൂടുപടം ആവശ്യമാണ് എന്ന് തന്നെയാണ്. അതായത് അവൾ വിധേയപ്പെട്ടിരിക്കേണ്ടവളാണ് എന്ന സത്യം പ്രകൃതി തന്നെ നമ്മെ പഠിപ്പിക്കുന്നു. മാത്രമല്ല ഈ സ്വാഭാ വിക മൂടുപടത്തെ അവളുടെ മാനം അഥവാ തേജസ്സ് (glory) എന്നാണ് വിളിച്ചിരിക്കുന്നത്. മനഃപൂർവ്വമായി ധരിക്കേണ്ട മൂടുപടത്തെ 'വിധേയത്വത്തിന്റെ പ്രതീകം' എന്ന് തിരുവെഴുത്ത് വിളിക്കുമ്പോൾ മൂടുപടമായി നൽകിയിരിക്കുന്ന സ്ത്രീയുടെ തേജസ്സാകുന്ന നീണ്ട മുടി തങ്ങളുടെ സ്വാഭാവിക വിധേയത്വത്തെ, സൃഷ്ടിപ്പിൽ ദൈവം താൻ തന്നെ വച്ചിരിക്കുന്ന ദിവ്യമായ ക്രമത്തെയാണ് വെളിപ്പെടുത്തുന്നത്. സ്വാഭാവികവും മനഃപൂർവ്വവുമായിരിക്കുന്ന വിധേയത്വം സ്ത്രീകൾക്ക് ഉണ്ടായിരിക്കേണം എന്ന വസ്തുത അർത്ഥശങ്കക്കിടയില്ലാതവണ്ണം വചനം വ്യക്തമാക്കുന്നു. ഇവിടെ മറ്റൊരു യാഥാർത്ഥ്യം കൂടെ അനുവാചകരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുവാൻ താൽപര്യപ്പെടുകയാണ്. നീണ്ടമുടി സ്ത്രീയുടെ തേജസ്സും, സ്വാഭാവിക വിധേയത്വത്തെ വെളിപ്പെടുത്തുന്ന മൂടുപടവുമാകയാൽ, നീണ്ടമുടി കത്രിച്ച് ചെറുതാക്കി ലോകാനുരൂപമായി ഓടിക്കൊണ്ടിരിക്കുന്ന സഹോദരിമാർ ദൈവീക കോടതിയിൽ കണക്ക് പറയേണ്ടിവരും എന്നതിന് സംശയമില്ല. (മൂടുപടസംബന്ധമായ ചർച്ചകൾ അടുത്ത ലക്കത്തിലും തുടരുന്നതാണ്). *

"നിലനില്പ്" എന്ന പുസ്തകത്തിൽ ഫിലിസ് ബോട്ടം പറയുന്നതിപ്രകാരമാണ് "ജീവിതത്തെ ഇഷ്ടം പോലെ കൗശലപൂർവ്വം നാം കൈകാര്യം ചെയ്യരുത്; പകരം ജീവിതം നമ്മിലർപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ ഏവയെന്ന് കണ്ടെത്തുകയാണ് വേണ്ടത്. അവയെ നിറവേറ്റുംവിധം നാം സജ്ജരാകണം. ഇതിന് വളരെ കാലതാമസവും വിനയവും ആവശ്യമായി വരും."

വിശുദ്ധി - Holiness - ഹിബ്രു കാദൊഷ്, കോദെഷ് = വേർതിരിച്ചു പ്രതിഷ്ഠിക്കുക എന്നാണാശയം. ഗ്രീക്കിൽ ഹഗിയോസ്. ശബ്ബത്തിനോട് ചേർത്താണ് വിശുദ്ധം എന്ന ആദ്യ പദം കാണുന്നത്. ഉല്പത്തി 2:3ൽ ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു എന്നു കാണുന്നു. ഏറ്റവും പരമോന്നതമായ അർത്ഥം ദൈവത്തിനുള്ളതാണ്. വിശുദ്ധിയിൽ മഹിമയുള്ളവനായ യഹോവക്കു തുല്യനാരുമില്ല പുറപ്പാട് 15:11. ദൈവത്തിന്റെ പര്യായമാണ് വിശുദ്ധി. ബൈബിൾ വെളിപ്പെടുത്തുന്ന ഈ ദൈവത്തിൽ ഈ സമ്പൂർണ്ണതകളെല്ലാം വിശുദ്ധിയിൽ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ആയതിനാലാണ് ദൈവീക ത്രിത്വത്തിലെ ആളത്തങ്ങൾക്ക് വിശുദ്ധി വിശേഷണമായിരിക്കുന്നത്. ദൈവം പരിശുദ്ധനാണ് - പരിശുദ്ധപിതാവ് യോഹ17:11 യേശുക്രിസ്തു പരിശുദ്ധനാണ് - പരിശുദ്ധദാസൻ അ:പ്ര:4:30. ദൈവത്തിന്റെ വിശുദ്ധി മനുഷ്യർക്ക് അനുഭവമാക്കിക്കൊടുക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ വിശുദ്ധി സങ്കീ.51:11; യെശ.63:10,11. ദൈവീക ശുശ്രൂഷക്കായി പ്രതിഷ്ഠിക്കപ്പെട്ടവർ വിശുദ്ധരാണ്. തന്റെ ജനത്തെക്കുറിച്ച് വിശുദ്ധനായ ദൈവം ആഗ്രഹിക്കുന്നതും അവരോടാവശ്യപ്പെടുന്നതും വിശുദ്ധിയാണ് എബ്രാ12:10. ഒരു വ്യക്തി വീണ്ടും ജനിക്കുന്ന സമയത്താണ് ദൈവത്തിന്റെ വിശുദ്ധി മനുഷ്യാത്മാവിൽ പകരപ്പെടുന്നത്. അതേത്തുടർന്ന് അത് വിശ്വാസിയുടെ വിശുദ്ധസ്വഭാവത്തിന്റെ അടിസ്ഥാനവും ഉറവയുമായി മാറുന്നു. ആകയാലൊരു ക്രിസ്ത്യാനി വിശുദ്ധനെന്ന് വിളിക്കപ്പെടുന്നു. ദൈവീകവിശുദ്ധിയുടെ പരമോന്നതമായ വ്യക്തി യേശുക്രിസ്തുവത്രെ. യേശുതന്നെത്തന്നെ വിശുദ്ധീകരിച്ചു യോഹ 17:19. യേശുക്രിസ്തുവിന്റെ വിശുദ്ധിയാണ് ഒരു ക്രിസ്ത്യാനിയുടെ വിശുദ്ധജീവിതത്തിന്റെ മാനദണ്ഡം.

വിശുദ്ധി എന്നാലെന്ത്? തീപ്പൊരിക്ക് തീയുടെ സ്വഭാവവും, ആൽവൃക്ഷത്തിന്റെ ഏറ്റവും ചെറിയ ശിഖരത്തിന് ആൽമരത്തിന്റെയും മുന്തിരിവള്ളിയുടെ ഏറ്റവും ചെറിയ വള്ളിക്ക് വലിയ മുന്തിരിവള്ളിയുടെ സ്വഭാവവുമുണ്ട്. സമുദ്രത്തിലെ ഒരു തുള്ളിവെള്ളം സമുദ്രത്തെപ്പോലെയെന്ന് പ്രസ്താവിക്കുമ്പോൾ അതിൽ കപ്പലുകൾക്ക് സഞ്ചരിക്കാമെന്നോ മത്സ്യങ്ങൾക്ക് നീന്തിക്കളിക്കാമെന്നോ അല്ല, പിന്നെയോ സ്വഭാവത്തിലും ഗുണത്തിലും ഒന്നുപോലിരിക്കുന്നുവെന്നാണല്ലോ. ദൈവത്തെപ്പോലെ നിത്യതയോ, സർവ്വജ്ഞാനമോ, സർവ്വശക്തിയോ ഒന്നുമുണ്ടെന്നല്ല. എന്നാൽ സ്വഭാവത്തിലയാൾ ദൈവത്തെപ്പോലെ തന്നെ നല്ലവനും ശുദ്ധിയുള്ളവനും സ്നേഹവാനും നീതിമാനുമായിരിക്കും. ആകയാൽ വിശുദ്ധിയെന്നത് സ്വഭാവത്തിൽ ദൈവവുമായുള്ള അനുയോജ്യതയാകുന്നു.

യേശുക്രിസ്തു ഈ ലോകത്തിലായിരുന്നുവെങ്കിലും ഈ ലോകത്തിന്റേതല്ലായിരുന്നു. ഈ ലോകത്തിന്റെ അശുദ്ധവഴികളിലവൻ ആനന്ദം തേടിയില്ല; പാപത്താലും സ്വസ്നേഹത്താലും അവനാത്മാവിനാൽ വഷളാക്കപ്പെട്ടില്ല. ദുഷ്ടന്മാർക്ക് നന്മ ചെയ്തപ്പോഴും അവരുടെയിടയിൽ പ്രവർത്തിച്ചപ്പോഴും ആത്മാവിൽ യേശു അവരോട് വേർപെട്ടിരുന്നു. വിശുദ്ധി പ്രാപിച്ചവർ ജീവിതരൂപാന്തരം നേടിയവരാണ്. അവരാണ് സ്വർഗ്ഗത്തിനുള്ളവർ. എന്തുകൊണ്ടാണ് നാം വിശുദ്ധരായിരിക്കേണ്ടത്? 1പത്രൊസ് 1:15,16 വാക്യങ്ങളിലിപ്രകാരം വായിക്കുന്നു: "നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരായിരിപ്പിൻ" തങ്ങളുടെ വാച്ച് കൃത്യസമയം കാണിക്കണമെന്നും, മക്കൾ അനുസരണമുള്ളവരായിരിക്കണമെന്നും, സ്നേഹിതർ യോഗ്യരായിരിക്കണമെന്നും ഒരാളാഗ്രഹിച്ചാലതിൽ തെറ്റൊന്നുമല്ല. ആയതുപോലെ നാം വിശുദ്ധരായിരിക്കണമെന്ന് ദൈവമാഗ്രഹിക്കുന്നു.

അനേകർക്കും ഈ കല്പന കഠിനമായി തോന്നുന്നു. ദൈവം സ്നേഹമാകുന്നുവെ

ന്നതിനാൽ ദൈവകല്പനകൾ കഠിനമല്ല. മറിച്ച് കരുണാർദ്രവും അളവറ്റ സ്നേഹവും നിറഞ്ഞിരിക്കുന്ന കല്പനയത്രെ അതെന്ന് മനസ്സിലാക്കണം. നമ്മെ വിശുദ്ധീകരിക്കാനായി യേശു പീഡിപ്പിക്കപ്പെട്ടു, പരിഹസിക്കപ്പെട്ടു, മുൾക്കിരീടം നൽകിയ കഠോര വേദന സഹിച്ചു ക്രൂശിൽ അപമാനകരമായ മരണം വരിച്ചു. അതിനാൽ വിശുദ്ധരായ ജനത്തെ അവനാവശ്യമുണ്ട്. എപ്രകാരമാണ് വിശുദ്ധി ലഭ്യമാകുന്നത് ? മനുഷ്യസഹായം കൂടാതെ ദൈവം ഭക്ഷണസാധനങ്ങൾ ഭൂമിയിൽ നിന്നും മുളപ്പിക്കുന്നില്ല. ഇക്കാര്യത്തിൽ ദൈവം മനുഷ്യരുമായി പങ്കാളിയായി പ്രവർത്തിക്കുന്നു. ഇതിനായി ദൈവം സൂര്യപ്രകാശം നൽകുന്നു. കാറ്റും ചൂടും, രാവും പകലും, ഋതുക്കളും, മണ്ണിനുള്ളിൽ വായു കടക്കുവാൻ മണ്ണിരയും, മറ്റു ക്ഷുദ്രജീവികളും ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു. വിത്ത് കിളിർത്തു വരുവാനായി അതിൽ ജീവൻ പകരുന്നു. മനുഷ്യന്റെ ഭാഗത്തുനിന്നും ഭൂമി കൃഷിക്കായൊരുക്കുന്നു, വിത്ത് വിതെക്കുന്നു, കളയെടുക്കുന്നു, കൊയ്ത്തുകാലത്ത് വിളവ് ശേഖരിക്കുന്നു. സ്വശക്തിയാലാണിതെല്ലാം നേടിയതെന്ന് മനുഷ്യർ ചിലപ്പോൾ ചിന്തിക്കാറുണ്ട്. ആ ചിന്ത തികച്ചും തെറ്റാണ്. ഇതെല്ലാം ക്രമീകരിക്കുവാനായി പണ്ടേ ദൈവം ഭൂമിയെ ഒരുക്കിയിരുന്നു. രാവും പകലും വിശ്രമരഹിതനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവൻ മയങ്ങുന്നില്ല, ഉറങ്ങുന്നതുമില്ല.

നമ്മുടെ ആത്മീയവിഷയങ്ങളിലും ഇതേ പ്രകാരം തന്നെ. മനുഷ്യനും ദൈവത്തോടു സഹകരിക്കണം. ഒരു പാപിയെ തന്റെ സഹായം കൂടാതെ ഒരിക്കലും ദൈവം രക്ഷിക്കുന്നില്ല. അതിന് മറ്റുള്ളവരുടെ സഹായവും ആവശ്യമുണ്ട്. എഴുതുന്നവർ, പാടുന്നവർ, പ്രസംഗിക്കുന്നവർ, മറ്റ് ത്യാഗപരമായ കാര്യങ്ങൾ ചെയ്യുന്നവർ ഇങ്ങനെ പോകുന്നു. ദീർഘദർശികളും, മാലാഖമാരും ഈ ദിവ്യസത്യങ്ങൾ വിളിച്ചറിയിച്ചു. യേശു ക്രൂശിൽ മരിച്ചു. പരിശുദ്ധാത്മാവിനെ നൽകി. പുസ്തകരൂപത്തിൽ ദൈവവചനം എഴുതപ്പെട്ടു. അനേകായിരം വർഷങ്ങൾക്കു മുമ്പെ നമ്മുടെ രക്ഷയ്ക്കായി എല്ലാം ഒരുക്കപ്പെട്ടു. എന്നാൽ പാപിയായ മനുഷ്യൻ ഈ സത്യം സ്വയം സ്വീകരിക്കണം. പാപം ഏറ്റുപറഞ്ഞുപേക്ഷിക്കണം. രക്ഷിക്കപ്പെടുന്നതിനു മുമ്പെ വിശ്വസിക്കണം. വിശ്വസിച്ചേറ്റു പറയാതെ രക്ഷ നേടാമെന്ന് ചിന്തിച്ചാൽ വിത്ത് വിതയ്ക്കാതെ വിളവെടുക്കാമെന്ന് ചിന്തിക്കുന്ന കർഷകനോട് സമനാണ്. ഇരുവരും ഭോഷന്മാരാണെന്നോർക്കുക. ഇതിനെല്ലാം ഒരു ശുദ്ധഹൃദയമുണ്ടാകണം.

ഇതിൽ നിന്നെല്ലാം നിന്നെ സാത്താൻ അകറ്റിക്കളയാൻ സാദ്ധ്യതയുണ്ടെന്നത് വിസ്മരിച്ചുകളയരുത്. വിശുദ്ധി നിങ്ങളെ പരിതസ്ഥിതിയുടെ യജമാനനാക്കിത്തീർക്കും. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയത്രെ. ആ ദൈവം നമ്മിൽ വസിക്കുന്ന അനുഭവമത്രെ വിശുദ്ധി.

ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ ലക്ഷണം വിശുദ്ധിയും വിശ്വസ്തതയുമാണ്. വിശുദ്ധി പാലിക്കാത്ത ഒരു വ്യക്തിയിൽ തീർച്ചയായും അശുദ്ധിയുണ്ടായിരിക്കും. അഥവാ അവിശ്വസ്തതയുണ്ടായിരിക്കും എന്നതിൽ സംശയമില്ല. ഇക്കാര്യത്തിൽ എന്നെ ഹഠാദാകർഷിച്ച പുതിയ നിയമത്തിലെ ഒരു വ്യക്തിത്വം സ്തേഫാനോസിന്റേതാണ്. സ്തേഫാനോസിൽ ക്രിസ്ത്യാനിത്വം ലളിതവും ക്രിത്രിമത്വം ഇല്ലാത്തതും ഒരു തൊഴിൽരീതി അല്ലാത്തതും ആയിരുന്നു. പുതിയ നിയമത്തിലെ ഒരു നല്ല ക്രിസ്ത്യാനി എന്ന സാക്ഷ്യം കൈവരിച്ചയാൾ സഭയിൽ ഒരു ഔദ്യോഗികസ്ഥാനമില്ലാത്ത ആളായിരുന്നു എന്നത് ശ്രദ്ധേയമാണ്. "പന്തിരുവരിൽ" ഉൾപ്പെടാതെ "ഏഴുവരിൽ" ഒരുവനായിരുന്നു. അ:പ്രവൃത്തി 6:3ൽ ഏഴുപേർ എന്ന അംഗസംഖ്യ അ:പ്രവൃത്തി 21:8ൽ ഔദ്യോഗികവിശേഷണമായിത്തീർന്നു. യേശുക്രിസ്തുവുമായി ബന്ധപ്പെടുന്ന ഏതൊരു വാക്കും വ്യക്തിയും ഉയർത്തപ്പെട്ട് അവരുടെ സാമാന്യനാമം പൊതുനാമമായി രൂപാന്തരപ്പെടുന്നു. അവഗണിക്കപ്പെട്ടതിനെ മേന്മയുള്ളതായും തുച്ഛമായതിനെ മാന്യമായും രൂപാന്തരപ്പെടുത്തുന്നവനാണ് യേശുക്രിസ്തു. ഒരു സാധാരണ പദവിയെ ശ്രേഷ്ഠപദവിയാക്കി സഭയുടെ സേവനത്തിനുപയോഗിച്ചു. നിങ്ങൾ എന്തു ചെയ്തു എന്നുള്ളതല്ല വിഷയം. എങ്ങനെ ചെയ്തു എന്നുള്ളതാണ് പ്രധാനം. വലിയ കാര്യങ്ങൾ ചെറുതായി കാട്ടിയും ചെറിയ കാര്യങ്ങൾ വലുതായി കാട്ടിയും പ്രവർത്തിക്കു

വാൻ നിങ്ങൾക്ക് കഴിയും.

ഇക്കാലങ്ങളിലെ "സുവിശേഷവേലക്കാർ" ഒട്ടുമുക്കാൽ പേരും ബൈബിൾ സെമിനാറികളിൽ പഠനം നേടിയവരാണല്ലോ അല്ലെങ്കിൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടോ, ട്രെയിനിംഗ് കോളേജോ അതെന്തുമാകട്ടെ, ഇവർക്ക് വീടുകൾ കയറി സുവിശേഷം പറയാനറിയില്ല. നുണ പറയാനറിയാം, പുതിയ പുതിയ മാദ്ധ്യമങ്ങളിലൂടെ പണമുണ്ടാക്കാനറിയാം, സഭകളെ രണ്ടാക്കാനറിയാം പിന്നെയും എടുത്തു പറയേണ്ടത് സ്റ്റേജുകളിൽ പാട്ടിനിടയിൽ പറയുന്ന ചെറിയ വർത്തമാനം ഉണ്ടല്ലോ; അത് പറയുന്നത് കേൾക്കാറുണ്ട്. ക്ഷമിക്കണം ഇവന്മാർക്ക് ശരിക്ക് അതും പറയാനറിയില്ല. എന്നാൽ ഇവരുടെ ചെയ്തികൾ അന്വേഷിക്കാതെ ധാരാളം പണം കൊടുക്കുന്ന വിശ്വാസികളെന്ന് പറയുന്ന പൊങ്ങച്ചക്കാരായ പുത്തൻ പണക്കാരുമുണ്ട്. നടപ്പിലുള്ള വിവിധ ഫണ്ടുകളുടെ അംഗീകാരവുമുണ്ട്. അപ്പോൾ പിന്നെ ഇക്കൂട്ടരെ മാത്രം പറഞ്ഞിട്ടു കാര്യവുമില്ലല്ലോ? (നല്ല വേലക്കാർക്ക് ഇതിൽ ശങ്കിക്കപ്പെടേണ്ട കാര്യമില്ലല്ലോ) അനേക വർഷങ്ങളായി കഷ്ടതയും കണ്ണുനീരും പട്ടിണിയും അനുഭവിച്ച് ഒരു തുണ്ടു ഭൂമിയോ, സ്വന്തമായി ഒരു കിടപ്പാടമോ, ബന്ധുജനങ്ങളോ ബാങ്ക് ബാലൻസോ ഇല്ലാത്തവരെയും യജമാനന്മാരാൽ ഫണ്ടുകളിൽ പേര് ചേർക്കപ്പെടാത്തവരെയും ഈ അഭിനവ കപടവേഷധാരികളായ കള്ള വേലക്കാർക്ക് പുച്ഛമാണ്. ഈയുള്ളവന്റെ അനുഭവവും മറിച്ചൊന്നുമല്ല. ഒരു ന്യൂനപക്ഷം യഥാർത്ഥ വേലക്കാരുണ്ട് എന്നത് സ്മരിക്കുന്നില്ല. അവരിലൂടെ ആത്മാക്കൾ രക്ഷിക്കപ്പെടുന്നു. പ്രാദേശിക സഭകളുണ്ടാകുന്നു. യഥാർത്ഥ സ്തേഫാനോസുമാരെ ഇന്നും സഭകൾക്കാവശ്യമുണ്ട്. സ്തേഫാനോസ് ശുശ്രൂഷിച്ച മേശ മാന്യമായ രീതിയിലായതു കൊണ്ട് ഒരു ഡീക്കൻ മാത്രമായിരുന്ന സ്തേഫാനോസ് തന്റെ ശുശ്രൂഷയാൽ ഒരു വിളക്കുമരമായിത്തീർന്നു. ജീവിതത്തിന്റെ സാധാരണ തുറകളിൽ എന്നും ഒരു പ്രകാശമായി പരിണമിച്ചു.

അടിസ്ഥാനപരമായി താൻ വിശ്വസ്തതയുള്ളവനായിരുന്നു. വിശ്വസ്തതയുള്ളവർക്കു മാത്രമേ നല്ല സാക്ഷ്യമുള്ളവരായിരിക്കാൻ കഴിയുകയുള്ളൂ. വിശ്വസ്തത, വിശുദ്ധി ഇവ രണ്ടും ഇഴചേർന്നു കിടക്കുകയാണ്. ഒന്ന് മാറ്റി മറ്റൊന്ന് സ്വീകരിക്കാനാവുകയില്ല. ആകർഷണീയ സ്വഭാവങ്ങളോ ആത്മീകവേഷങ്ങളോ ഒരിക്കലും ആത്മാർത്ഥതയ്ക്കു പകരമാവില്ല. ആത്മാർത്ഥതയ്ക്കു പകരമായി മറ്റൊന്നുമില്ല. ഒരു വ്യക്തിയുടെ സ്വഭാവത്തെക്കുറിച്ചുള്ള പ്രധാന ചോദ്യം അവൻ ഏതെങ്കിലും സാഹചര്യത്തിൽ കള്ളം പറയുമോ എന്നതാണ്? ഇപ്രകാരമൊരു ചോദ്യമുണ്ട്: നിങ്ങൾ അനീതിയുള്ള മമ്മോനിൽ വിശ്വസ്തരായില്ലെങ്കിൽ സത്യമായത് നിങ്ങളെ ആർ ഭരമേല്പിക്കും ? ലൂക്കോസ്16:11.

സ്തേഫാനോസിൽ കാണുന്ന മറ്റൊരു ഗുണം കൃപയും ശക്തിയും നിറഞ്ഞവനായിരുന്നു. ഇന്നനേകർക്ക് ശക്തിയുണ്ട്, കൃപാവരങ്ങളുമുണ്ട് പക്ഷെ കൃപയില്ല. ശക്തി പ്രകടനങ്ങളാണ്. തൊണ്ടകൾ പൊട്ടിക്കുകയാണ്. കൃപയില്ലാത്ത ശക്തിപ്രകടനങ്ങൾ കാണാനും കേൾക്കാനും നല്ല രസമാണ്. അവർ സ്വയം ആശ്വസിക്കുകയാണ്. സ്വയപ്രശംസ കർത്താവ് വെറുക്കുന്ന പാപമാണ്. ഇതൊന്നും ഇങ്ങനെയുള്ളവർക്ക് ബാധകമല്ല. നല്ല പ്രസംഗം? ജനത്തിന് (വിശ്വാസികൾക്ക്) അതുമതി. ജീവിതമില്ലാത്ത പ്രസംഗങ്ങൾ - ആർക്കുവേണം നിർജ്ജീവമായതിനെ ? ഇന്നനേകരും ആത്മപൂർണ്ണരാണ് ജ്ഞാനപൂർണ്ണരല്ല. ജ്ഞാനത്താൽ നയിക്കപ്പെടുന്ന ആത്മീകം പ്രയോജനമുള്ളതാണ്. എന്നാൽ അജ്ഞതയാൽ നയിക്കപ്പെടുന്ന ആത്മീകം നാശകരമാണ്. ചിലർക്ക് ആത്മാവുണ്ട് പക്ഷെ ജ്ഞാനമില്ല. ചിലർക്ക് ജ്ഞാനമുണ്ട് പക്ഷെ ആത്മാവില്ല. ഈ രണ്ടു കൂട്ടരും ബലഹീനരാണ്. എന്നാൽ ആത്മാവും ജ്ഞാനവും ചേർന്ന് ഒരു വിശുദ്ധനെ യഥാർത്ഥ ക്രിസ്ത്യാനിയായി രൂപപ്പെടുത്തുന്നു.

സ്തേഫാനോസിന്റെ വിശുദ്ധിയുടെ മുമ്പിൽ അതിശക്തമായ എതിർപ്പുകളുണ്ടായി. വസ്തുതകൾക്കുവേണ്ടി ഉറച്ചുനിന്നപ്പോൾ, അവനെതിരായി ചിലർ എഴുന്നേറ്റു. ഇന്നനേകം വേർപാട് ക്രിസ്ത്യാനികളുടെയും തൊഴിൽ തല പൂഴ്ത്തിവെയ്ക്കുകയാണ്. അതിന്റെ ഫലമോ ? ആ പൂഴ്ത്തിവെച്ചിരിക്കുന്ന തലയിൽ നിന്ന് ഉത്സാഹം വരുന്ന ഒരാശയം പോലും ഉദിക്കുന്നില്ല. അങ്ങനെ അവർ മന്ദീഭവിച്ചവരും അകംപൊള്ളയായവരും ആയിത്തീരുന്നു.

തന്നെക്കുറിച്ച് മറ്റുള്ളവർ വ്യാജം പറഞ്ഞപ്പോൾ "അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ പ്രകാശിച്ചു" അ:പ്ര 6:15. വ്യാജത്തെ പ്രകാശമാക്കി മാറ്റാനുള്ള ശക്തി സ്തേഫാനോസിനുണ്ടായിരുന്നു. ചില പ്രമാണങ്ങൾക്കായി ഉറച്ചുനിൽക്കുന്ന വ്യക്തിക്ക് എല്ലാ പ്രശ്നങ്ങളുടെയും മദ്ധ്യത്തിലും പ്രകാശിക്കുന്ന ഒരു മുഖം ഉണ്ടായിരിക്കും. ഒന്നിനു വേണ്ടിയും നിൽക്കാത്ത മനുഷ്യന്റെ മുഖത്ത് ഒന്നും കാണുകയില്ല. ഒന്നുമല്ലാത്തവനായിത്തീരുന്നു. ഈവിധകാരണങ്ങളാൽ സ്തേഫാനോസിന് എന്നിൽ സ്വാധീനം ചെലുത്താനിടയായിത്തീർന്നു.

വിശുദ്ധിക്ക് ഏറ്റവും അത്യാവശ്യം സത്യസന്ധത തന്നെയാണ്. ഒന്നും ഒളിച്ചുവെക്കാതെ നിന്നെത്തന്നെ സമർപ്പിക്കുക. ദൈവത്തിനായി വൻകാര്യങ്ങൾ പ്രവർത്തിച്ച ജോനാഥാൻ എഡ്വേർഡ് ഇപ്രകാരമെഴുതി "എന്റെ പ്രതിഷ്ഠയും ഉഭയസമ്മതവും ഇന്ന് ഞാൻ പുതുക്കുന്നു. ദൈവസന്നിധിയിൽ എന്നെയും എനിക്കുള്ള എല്ലാറ്റിനെയും ദൈവത്തിന് നൽകി. ഇന്നുമുതൽ ഞാൻ എന്റെ സ്വന്തമല്ല. എന്റെ ബുദ്ധിയിലും, ധാരണയിലും, സ്നേഹബന്ധങ്ങളിലും യാതൊരവകാശവും എനിക്കില്ല. എന്റെ ഇന്ദ്രിയങ്ങളും എന്റെ നാവും, കരചരണങ്ങളും, ദൈവത്തിന്റേതാകുന്നു. ഭാവിയിലും എനിക്ക് ഇതിലൊന്നിലും യാതൊരവകാശവും ഇല്ല" ഇങ്ങനെയുള്ള ജീവിതം ആകർഷണീയമെന്ന് തോന്നാറുണ്ടോ?

വിശുദ്ധിയുള്ളവർക്ക് മാത്രമേ ക്രിസ്തു മൂലമുള്ള സ്നേഹത്തിന്റെ സേവനത്തിലേക്കിറങ്ങിച്ചെല്ലാൻ സാദ്ധ്യമാകുകയുള്ളൂ. ഇന്നനേകരും വയറുപിഴപ്പിന് മാത്രം പ്രേരിപ്പിക്കപ്പെട്ടു കർത്താവിന് അടിമപ്പണി ചെയ്യുകയാണ്. വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ ഇവയൊക്കെ കരുണാമയന്റെ മറവിൽ സ്വന്തം തലമുറകൾക്കുവേണ്ടിയുള്ള ധനാഗമമാർഗ്ഗമാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. സത്യത്തിൽ അനേകരിൽ പലരും അങ്ങനെയാണ്. ആസ്തികൾ പെരുകിക്കഴിഞ്ഞപ്പോൾ കരുണയ്ക്കയവ് വന്നു. ഇക്കൂട്ടർക്ക് കിട്ടിക്കൊണ്ടിരിക്കുമ്പോൾ ഭയങ്കരസ്നേഹം ഇല്ലെങ്കിലോ മുഖം ചുളിയൽ ഇത് വിശുദ്ധമായ, കരുണാർദ്രമായ സേവനമാണോ അല്ലേ - അല്ല. ചിലർക്ക് അഥവാ ചില വിശുദ്ധന്മാർക്ക് പണത്തിന്റെ കൊഴുപ്പു കൊണ്ട് "കയറിപ്പിടുത്തവും, വാണിഭങ്ങളും" എന്നാലും അവരെ മതി വേർപാടുകാർക്ക്. എന്തൊരാശ്ചര്യമാണിത് ?

വിശുദ്ധിയുള്ളവർക്ക് മാത്രമേ ശരീരശുദ്ധീകരണവുമുള്ളൂ റോമ12:1; 6:13, 1കൊരി6:19; വ്യാജത്തെ നോക്കരുത് സങ്കീ:119:37. ലോകത്തിന്റെ അത്യാർത്തിയുടെ നോട്ടവും അതിന്റെ അന്തിമഫലവും കഷ്ടവും പിന്നെ നഷ്ടവും ആയിരുന്നു. പൊൻകട്ടിയും ബാബിലോണ്യവസ്ത്രവും ആഖാനെ വല്ലാതെയാകർഷിച്ചു. മോഹത്തോടുകൂടിയ നോട്ടം ദുരന്തമായ അന്ത്യത്തിന് വഴിയൊരുക്കി. ദാവീദിന്റെ മോഹത്തോടെയുള്ള നോട്ടം അവന്റെ ഔന്നത്യത്തിനും, അഭിമാനത്തിനും ചിതയൊരുക്കി. എന്നാൽ അവരിലെല്ലാം ഒരു അനുതാപഹൃദയവും ഏറ്റുപറച്ചിലുമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. സ്വയമായി വളരെ ദീർഘനാളത്തെ പദ്ധതികൾക്കൊടുവിൽ കാര്യങ്ങൾ സാധിച്ചെടുത്ത് കഴിഞ്ഞ് വ്യക്തി സ്വതന്ത്രനാകുകയും "സഭ" പാപം ചെയ്തെന്ന് ആരോപിക്കപ്പെടുകയും ചെയ്യുന്നു. ഒപ്പംതന്നെ യാതൊരു തെറ്റും ചെയ്യാത്ത ദൈവദാസന്മാരെ മൂപ്പന്മാരെന്ന ചില കള്ളന്മാരുടെ വാക്കുകൾ കേട്ടു ആ സുവിശേഷകന്മാർ അദ്ധ്വാനിച്ചുണ്ടാക്കിയ സഭകളിൽ നിന്ന് തന്ത്രപൂർവ്വം പുറത്താക്കപ്പെടുന്നു. എല്ലാറ്റിന്റെയും പരിണിതഫലം അവരവർ ആവോളം അനുഭവിക്കുന്നുമുണ്ട്.

ചിലരുമായുള്ള സഖിത്വം അതിൽ തന്നെ പാപം അല്ലായിരിക്കാം. നമ്മുടെ ആത്മീയത്വത്തെ തടസ്സപ്പെടുത്തുന്ന യാതൊന്നിനോടും വിശുദ്ധർ അകന്നു നിൽക്കേണ്ടവരാണ്. ആകയാൽ ഇയ്യോബിനെപ്പോലെ ഇയ്യോബ്31:1 ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു. ഇത് ഇയ്യോബിന്റെ സാക്ഷ്യമാണ്. വിശുദ്ധി അഭിലഷിക്കുന്നവർ ഈ സാക്ഷ്യം സ്വന്ത അനുഭവമാക്കിയേ മതിയാകൂ. അശുദ്ധസംസാരങ്ങൾ ഒഴിവാക്കുക. എല്ലാറ്റിന്റെയും ഉറവിടം ഹൃദയം തന്നെയാണ്. ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത് മത്തായി12:34. അതുകൊണ്ട് സകല ജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക. ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത് സദൃ4:23.

മൂപ്പനായ യോഹന്നാന്റെ വാക്കുകളോടെ ഈ ലേഖനം സമാഹരിക്കട്ടെ. "പ്രിയനെ, നിന്റെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു". 3യോഹന്നാൻ2.

*

# 'ഡാർവിനിസ്റ്റ് ബ്രദറൺകാർ' സുവിശേഷ പ്രവർത്തനം മതിയാക്കണം

എസ്സ്. സുദർശനൻ

സുവിശേഷ വിഹിത സഭകളുടെ കൂട്ടത്തിലാണ് ബ്രദറൺകാർ അറിയപ്പെടുന്നത്. മലയാളികളായ ബ്രദറൺ വിശ്വാസികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷ പ്രവർത്തനത്തിനായി കടന്നുപോയിട്ടുണ്ട് എന്നതു ശ്രദ്ധേയമായ വസ്തുത തന്നെ. ബ്രദറൺ വിശ്വാസികളായ കേരളീയർ മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിലെ സുവിശേഷ പ്രവർത്തനം തങ്ങളുടെ ദൗത്യമായി തന്നെ കരുതി, വിവിധ നിലകളിൽ സുവിശേഷം അറിയിച്ചു വരുന്നു. 'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ' എന്ന, കർത്താവിന്റെ കല്പനയാണ് സുവിശേഷ പ്രവർത്തനത്തിന്റെ പ്രേരകശക്തി.

"ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നും" സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" എന്നും ഉള്ള കർത്താവിന്റെ വാക്കുകൾ, 'സുവിശേഷം സകല മനുഷ്യർക്കും' ഉള്ളതാണെന്നു വ്യക്തമാക്കുന്നു. ഭൂമിയുടെ അറ്റത്തോളം സുവിശേഷം അറിയിക്കാൻ കർത്താവ് അരുളിചെയ്തപ്പോഴും മനുഷ്യർ വിവിധ മതങ്ങളിൽ വിശ്വസിച്ചിരുന്നവരും വിവിധ ഭാഷകളിലും ദേശങ്ങളിലും വംശ ങ്ങളിലും ഗോത്രങ്ങളിലും ജാതികളിലും ഉൾപ്പെട്ടവരുമായിരുന്നു. സുവിശേഷം കേട്ടു വിശ്വസിക്കുന്നവർ ക്രിസ്തുവിൽ ഒന്നായിത്തീരുന്നു. അവർ ദൈവമക്കളും ദൈവസഭയുടെ അംഗങ്ങളും ദൈവരാജ്യത്തിന് അവകാശികളും ആയിത്തീരുന്നു.

പെന്തക്കോസ്തുനാളിൽ യെരൂശലേമിൽ ആരംഭിച്ച സുവിശേഷ പ്രസംഗം ലോകത്തിന്റെ അറ്റത്തോളം ഇന്നും അഭംഗുരം തുടരുന്നു. ആദ്യം യഹൂദനും പിന്നെ യഹൂദേതരരും സുവിശേഷം കേട്ടു വിശ്വസിച്ചു ദൈവസഭയുടെ അംഗങ്ങളായി. യാതൊരുവിധ വർഗ്ഗീയ വേർതിരിവോ, മതപരിഗണനയോ വർണ്ണവ്യത്യാസമോ, ഉച്ചനീച തട്ടുകളോ ഇല്ലാത്ത, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ ക്രിസ്തുവിൽ യുക്തമായി ചേർന്നു, കർത്താവിൽ വിശുദ്ധ മന്ദിരമായി വളർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന ദൈവസഭയുടെ അംഗങ്ങളാകുവാനുള്ള യോഗ്യത പാരമ്പര്യമോ, കുടുംബ മഹിമയോ, പണമോ, പദവിയോ ഒന്നുമല്ല; സുവിശേഷം കേട്ടു വിശ്വസിക്കുന്നവരെ കർത്താവ് ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു. ദൈവസഭയിൽ കർത്താവിനാൽ ചേർക്കപ്പെട്ടവരെ ക്കുറിച്ച് വെളിപ്പാട് 5:19-ൽ പറയുന്നത്: നീ അറുക്കപ്പെട്ടു, നിന്റെ രക്തം കൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി എന്നാണ്. നാം ആകുന്ന ദൈവസഭയെ പണിയുവാൻ നമ്മുടെ കർത്താവ് നമുക്കായി കാൽവരിയിൽ അറുക്കപ്പെട്ടു. താൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ട് നമ്മെ വിലയ്ക്കുവാങ്ങി. ദൈവസഭയിൽ ഒരാൾ അംഗമാകുന്നത് ഒരു മനുഷ്യന്റെയും ഔദാര്യം കൊണ്ടല്ല. ആരുടെയും യോഗ്യതകൊണ്ടും അല്ല. ദൈവത്തിന്റെ അളവറ്റ കൃപ ഒന്നുകൊണ്ടു മാത്രം. സഭയെ പണിയുന്നതും സഭയെ പരിപാലിക്കുന്നതും സഭയുടെ ഉടമസ്ഥനും എല്ലാം കർത്താവ് ഒരുവൻ മാത്രം. ക്രിസ്തുയേശു മൂലക്കല്ലായിരിക്കുന്ന സഭാമന്ദിരത്തിൽ അപ്പൊസ്തലന്മാരും പ്രവാചകന്മാരും കഴിഞ്ഞാൽ ശേഷം എല്ലാവരും കല്ലുകൾ മാത്രം. സഭാമന്ദിരം പണിയുവാൻ കർത്താവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരാകട്ടെ സർവ്വഗോത്രത്തിലും, വംശത്തിലും, ജാതിയിലും നിന്നുള്ളവരെയാണ്. ഇന്നും ഈ വ്യവസ്ഥയ്ക്കു മാറ്റം വന്നിട്ടില്ല.

ഡോ.ജോൺസൻ സി.ഫിലിപ്പ് പറയുന്നത് ഇതര പശ്ചാത്തലത്തിൽ നിന്നും വന്നവർ ചേക്കേറിയവരും പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന

വരും ആകുന്നു, എന്നാണ്. ഇവിടെ ബ്രദറൺകാരുടെ കാര്യമാണ് ഡോ.ജോൺസൻ സി. ഫിലിപ്പ് ഉദ്ദേശിക്കുന്നത്. അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ബ്രദറൺകാർ മാത്രമാണ് ദൈവസഭയുടെ അംഗങ്ങൾ. ഇതരപശ്ചാത്തലങ്ങളിൽപ്പെട്ടവരെ തങ്ങളുടെ കൂടെ ചേർക്കാൻ ഇക്കൂട്ടർ പ്രയോഗിക്കുന്ന പ്രധാന മാർഗ്ഗം സുവിശേഷം അറിയിക്കുകയാണ്. സുവിശേഷം കേട്ടു വിശ്വസിക്കുന്നവർ ചേക്കേറി പ്രശ്നങ്ങൾ ഉണ്ടാക്കുന്നവർ ആണെന്നു ഡോ. ജോൺസൻ സി.ഫിലിപ്പിനും കൂട്ടർക്കും ആക്ഷേപം ഉണ്ടെങ്കിൽ, ഇക്കൂട്ടർ അടിയന്തിരമായി സുവിശേഷ പ്രവർത്തനം മതിയാക്കണം. അപ്പോൾ ബ്രദറൺ സഭകളിലേയ്ക്കു ചേക്കേറുന്നവരുടെ എണ്ണം കുറയും. സുവിശേഷ പ്രവർത്തനം നിമിത്തമല്ലാതെ ചേക്കേറുന്ന ഒരു കൂട്ടരുണ്ട്. അക്കാര്യം അന്യത്ര വിശദമാക്കുന്നുണ്ട്. സുവിശേഷത്താൽ അല്ലാതെ ദൈവസഭയുടെ അംഗമാകാൻ മറ്റേതെങ്കിലും മാർഗ്ഗമുണ്ടോ ? ഇല്ലേ ഇല്ല. അപ്പോൾ പിന്നെ സുവിശേഷഘോഷണം എന്ന മാർഗ്ഗം നിരാകരിക്കുന്നവർ ദൈവവ്യവസ്ഥയെ തള്ളിക്കളയുന്നവർ തന്നെ. അവിശ്വാസികൾ രക്ഷിക്കപ്പെട്ടു ദൈവസഭയുടെ അംഗങ്ങളാകുവാൻ ദൈവം വച്ച മാർഗ്ഗമാണ് സുവിശേഷം. സുവിശേഷം വിശ്വാസികളുടെ സന്തതികളായ അവിശ്വാസികളോടു മാത്രം പ്രസംഗിച്ചാൽ മതിയോ? പോരാ, സകല ജാതികളോടും പ്രസംഗിക്കുവാനാണ് കർത്താവിന്റെ കല്പന.

ഡോ.ജോൺസൻ സി.ഫിലിപ്പ് സഞ്ചരിക്കുന്ന പാത വചനത്തിൽ നിന്ന് അന്യമായതെന്നു മനസ്സിലാക്കാൻ ഗവേഷണം ഒന്നും വേണ്ട. ഈ വേദവിപരീതത്തെ ഇനിയും പിൻതാങ്ങണമോ എന്ന് അദ്ദേഹത്തിന്റെ സിൽബന്ധികളും ഈ അപഥസഞ്ചാരം എവിടെ ചെന്നെത്തും എന്ന് അദ്ദേഹത്തെ പൊക്കിപ്പിടിച്ചു നടക്കുന്നവരും, ഈ മൂഢോപദേശത്തിന്റെ കൂടെ നിൽക്കണമോ എന്ന് ആളും അർത്ഥവുമായി അദ്ദേഹത്തിന്റെ പുറകിൽ നിൽക്കുന്നവരും ചിന്തിക്കണം. ദുരുപദേശങ്ങളെയും വേദവിപരീതങ്ങളെയും എതിർത്തു തോൽപിച്ചു വചനത്തിന്റെ തനിമ മലയാളക്കരക്കു പ്രദാനം ചെയ്ത ബ്രദറൺകാർ, ബ്രദറൺകാരനായി അറിയപ്പെടുന്ന ഡോ.ജോൺസൻ സി.ഫിലിപ്പിന്റെ വേദവിപരീതത്തെ തിരുത്തുവാൻ തയ്യാറാകുമോ? അതോ സ്വന്തബന്ധങ്ങളുടെ ദന്തഗോപുരത്തിനുള്ളിൽ സ്തുതിപാഠകരുടെ വെഞ്ചാമരത്തിൽ ആട്ടിയുറക്കാനാണോ ഭാവം? ക്രൈസ്തവ സഭയുടെ ചരിത്ര ഏടിന്റെ പഴയ താളുകൾ മറിച്ചുനോക്കൂ. വചനവ്യവസ്ഥ അക്ഷരംപ്രതി പാലിച്ചിരുന്ന പല സഭാവിഭാഗങ്ങളും, വചനം പാലിക്കാത്ത സമുദായങ്ങളായി പരിണമിച്ചത് കാണാൻ സാധിക്കും. മാനസാന്തരപ്പെട്ടില്ലെങ്കിൽ ബ്രദറൺ സഭകൾക്കും ആ സ്ഥിതി തന്നെ ഉണ്ടാകും. ദൈവത്തിന്റെ പദ്ധതി തുടർന്നുകൊണ്ടേയിരിക്കും. ദൈവം സഭയിൽ അംഗങ്ങളെ ദിനംപ്രതി ചേർത്തുകൊണ്ടേയിരിക്കും. അതിൽ ബ്രദറൺകാർ ഉണ്ടായിരിക്കയില്ല. ബ്രദറൺ സഭകൾ വചനം അനുസരിക്കാത്ത സമുദായമായി അറിയപ്പെടും. ആ കൂട്ടത്തിലേയ്ക്ക് വിശ്വാസികൾ ആരും ചേക്കേറുകയില്ല. ഡാർവിനിസ്റ്റ് ബ്രദറൺ സന്തതികൾ കൂട്ടത്തോടെ നരകത്തിലേയ്ക്ക്. മാനസാന്തരപ്പെടുവിൻ. ആദ്യം കുമ്പനാട്ടു സ്നാനപ്പെട്ട നാലുപേർ ഞങ്ങൾക്കു പിതാവായിട്ടുണ്ട് എന്നു പറവാൻ തുനിയരുത്. ഡാർവിനിസ്റ്റ് ബ്രദറൺകാർ തള്ളിയ കല്ലുകളെ കൊണ്ട് ദൈവത്തിനു പ്രസാദമുള്ള ആത്മിയയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമായ ആത്മിയഗൃഹം പണിയുവാൻ ദൈവത്തിനു കഴിയും.

മലയാളികളായ ബ്രദറൺ വിശ്വാസികളിൽ ബഹുഭൂരിപക്ഷവും, മലയാളികളല്ലാത്ത ബ്രദറൺകാർ പൂർണ്ണമായും "ഡാർവിനിസ്റ്റ് ബ്രദറൺകാർ" അല്ല എന്ന യാഥാർത്ഥ്യം ഡോ. ജോൺസൻ സി.ഫിലിപ്പിന് അജ്ഞാതമല്ലല്ലോ? ദൈവം വിശുദ്ധീകരിച്ചതിനെ മലിനമായി കാണുന്ന ഡോ.ജോൺസൻ സി.ഫിലിപ്പിന്റെ നവീനോപദേശം വചനവിരുദ്ധവും പൈശാചികവും തന്നെ. ഡോ.ജോൺസൻ സി.ഫിലിപ്പിന്റെ കപട ആത്മീയത ദൈവജനം തിരിച്ചറിഞ്ഞ് പ്രതികരിക്കണം. ഡോ.ജോൺസൻ സി.ഫിലിപ്പ് ധരിച്ചിരിക്കുന്ന, വേർപാട് ഉപദേശ സംരക്ഷകനെന്ന, മൂടുപടം എടുത്തു മാറ്റിയാൽ, ദൈവജനത്തെ ഭിന്നിപ്പിക്കുന്ന വഞ്ചനയുടെ യഥാർത്ഥ രൂപം പ്രത്യക്ഷമാകും.

*"വേർപാടിതര സഭാപശ്ചാത്തലത്തിൽ നിന്നു വേർപാടിലേയ്ക്കു ചേക്കേറിയവരും, വേ*

കാര്യം നിസ്സാരം പ്രശ്നം ഗുരുതരം

# പാരമ്പര്യത്തിന്റെ പടയാളികൾ

ജോസറയ്ക്കൽ

ജെയിംസ് : ചാക്കോച്ചേട്ടൻ ദെവ്ടെ പോയിട്ട് വരവാ ?

ചാക്കോ : ഇന്ന് ശനിയാഴ്ചല്ലേ, മാതാവിന്റെ നൊവേന കഴിഞ്ഞിട്ട് വരവാ

ജെയിംസ് : ഓ ഞാനതു മറന്നു

ചാക്കോ : നീ മറക്കും, നീയിപ്പൊ അവർടെ പിന്നാല്യല്ലേ! എന്താ ചെയ്യാ, കുർബ്ബാനയ്ക്ക് കൂടിയിരുന്ന ആളല്ലേ, ഒക്കെ മറന്നു.. ഒരു കാര്യം പറയാം.. അമ്മേ മറുന്നുള്ള കളി വേണ്ട! അത് നെനക്കും കുടുംബത്തിനും ദോഷാ...

ജെയിംസ് : എന്റെ അമ്മേനേം അപ്പനേം ഞാൻ നന്നായിട്ട് നോക്കുന്നുണ്ട്

ചാക്കോ : കണ്ടോ, തർക്കുത്തരം! നിന്റെ അമ്മേടേം അപ്പന്റേം കാര്യല്ല പറഞ്ഞത് യേശുക്രിസ്തൂന്റെ അമ്മേടെ കാര്യാ!

ജെയിംസ് : മറിയല്ലേ, അതെനിക്കറിയാം -

ചാക്കോ : എത്ര നിസ്സാരായിട്ടാ പറേണെ? എടാ ജെയിംസേ, 'നന്മനിറഞ്ഞ മറിയമേ' എന്ന് എത്രനാള് ചൊല്ലി നടന്നതാ - ഇപ്പൊ അതൊക്കെ പോയി, അവന് യേശുക്രിസ്തു മാത്രായി

ജെയിംസ് : ചാക്കോച്ചേട്ടൻ ബൈബിള് വായിക്കാറുണ്ടോ ?

ചാക്കോ : പിന്നേ - പള്ളീലെ ധ്യാനം കഴിഞ്ഞേപ്പിന്നെ ദിവസോം ആറദ്ധ്യായം വായിക്ക്യാണ്ട് പൊറത്തെറങ്ങില്ല

ജെയിംസ് : വഴിയും സത്യവും ജീവനും ഞാനാകുന്നു, എന്നിൽകൂടെയല്ലാതെ ആരും പിതാവിന്റെ അടുത്തെത്തുന്നില്ലെന്ന് ഒരു വാചകം വായിച്ചിട്ടുണ്ടോ ?

ചാക്കോ : പിന്നേ......

ജെയിംസ് : എന്നിട്ടെന്തിനാ മറ്റുള്ള മദ്ധ്യസ്ഥന്മാരുടെ അടുത്ത് ചെന്ന് ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണേന്ന് പറേണെ ?

ചാക്കോ : അതെ, നമ്മടെ അപ്പനപ്പൂപ്പന്മാർ

---

*ർപാടിനെ ത്യജിച്ചു പോയവരും സഭകൾക്കു ക്ഷീണം വരുത്തുന്നുണ്ടെന്നതു വസ്തുതയാണ്. ഇതര പശ്ചാത്തലത്തിൽ നിന്നും കടന്നുവന്നവർ ശുശ്രൂഷാരംഗത്ത് പ്രവേശിക്കുമ്പോൾ അവരുടെ പൂർവ്വകാല ഉപദേശങ്ങൾ പടിപടിയായി വേർപാടു വിശ്വാസത്തിലേക്കു കടത്തിവിടുന്നു. ഇതു ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കും. നാം വളരെ ജാഗ്രതയോടെ ഇത്തരം സാഹചര്യങ്ങളെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു.* ("വേർപാട്" ലക്കം.19 പേജ്1.)

മുകളിൽ ഉദ്ധരിച്ച ഭാഗത്ത് ഡോ.ജോൺസൻ സി.ഫിലിപ്പ് ആഹ്വാനം ചെയ്യുന്നതു പോലെ, ബ്രദറൺ സഭകളിൽ ഇത്തരം സാഹചര്യങ്ങളെ "കൈകാര്യം ചെയ്യാൻ" കഷ്ടപ്പെടാതെ, സുവിശേഷപ്രവർത്തനം മതിയാക്കിയാൽ ചേക്കേറുന്നവരും അവരെക്കൊണ്ടുള്ള ബുദ്ധിമുട്ടും പൂർണ്ണമായും ഒഴിവാക്കാം. അതാണ് ഡാർവിനിസ്റ്റ് ബ്രദറൺകാരുടെ അഭിമാനത്തിനു യോജിച്ചത്. അപ്പോൾ പിന്നെ ഉന്നത സ്ഥാനങ്ങളിൽ എത്തി നിൽക്കുന്നവരെ ചെറുത്തു തോൽപ്പിക്കാൻ ഡോ.ജോൺസൻ സി. ഫിലിപ്പിനും കൂട്ടർക്കും കഠിനപ്രയത്നം ചെയ്യേണ്ടിവരില്ല. ശുശ്രൂഷാരംഗത്ത് ഉന്നതസ്ഥാനങ്ങളിൽ എത്തിനിൽക്കുന്ന ഡാർവിനിസ്റ്റ് ബ്രദറൺകാർ അല്ലാത്തവരെ ചെറുത്തു തോൽപ്പിക്കാനുള്ള ഡോ.ജോൺസൻ സി.ഫിലിപ്പിന്റെ കുത്സിതശ്രമങ്ങൾ കുറെക്കാലമായി തുടരുകയാണല്ലോ? അത്തരം ഹീനപ്രവൃത്തികൾ ഇനിയും തുടരാനാണു ഭാവമെങ്കിൽ ഡാർവിനിസ്റ്റ് ഇതര ബ്രദറൺകാരും വിശേഷാൽ വചനധ്വനിയും അത്തരം വിഷയങ്ങളിൽ ഇനിയും നിശബ്ദമായിരിക്കയില്ല. ഭക്തന്മാരായ ദൈവദാസന്മാർ ഡോ.ജോൺസൻ സി.ഫിലിപ്പിനെ ബുദ്ധി ഉപദേശിക്കുകയോ, അദ്ദേഹം ഉൾപ്പെട്ടുനിൽക്കുന്ന സഭ അദ്ദേഹത്തെ നിയന്ത്രിക്കുകയോ ചെയ്യുന്നത് ദൈവജനത്തിന്റെ ആത്മിയപുരോഗതിക്കും ദൈവനാമ മഹത്വത്തിനും കാരണമാകും. *

തൊടങ്ങിവച്ച ഒരു പാരമ്പര്യണ്ട്; അത് വിട്ട്ള്ള കളി ഈ ചാക്കോയ്ക്കില്ല.

ജെയിംസ് : അപ്പൊ പാരമ്പര്യാണ് പ്രശ്നം അല്ലേ?

ചാക്കോ : എന്താ സംശയം ? എന്റെ കാർണവന്മാർ കാണിച്ചുതന്നതും പറഞ്ഞതും ഞാനനുസരിക്കും - അങ്ങന്യാ വേണ്ടത്

ജെയിംസ് : മാറ്റം വരുത്താൻ പാടില്ല, അല്ലേ ?

ചാക്കോ : എന്താ സംശയം ? ഒരിക്കലും മാറ്റാൻ പാടില്ല - ദൈവകോപം ഉണ്ടാവും - എന്തിനാ ഈ ചെറുപ്പത്തില് നരകത്തീയില് പോണെ ?

ജെയിംസ് : ചാക്കോച്ചേട്ടന്റെ വീട് ടെറസ്സാണോ ?

ചാക്കോ : ജോസ്സുട്ടി ഗൾഫീന്ന് വന്നപ്പോ വീട് ടെറസ്സാക്കി - മഴക്കാലത്ത് ചോർന്നൊലിച്ച് ഒരു പരുവത്തിലായി - അവന് ഒറ്റ നിർബന്ധം ടെറസ്സാക്കാന്ന് - ടെറസ്സിന്റെ മോളില് ഷീറ്റ് വിരിച്ചിട്ട്ണ്ട് - വേനൽക്കാലത്ത് എന്താ ചൂട്! അതൊന്ന് കൊറയാനാ -

ജെയിംസ് : സൂര്യന് വല്ല മാറ്റോം വന്നിട്ടുണ്ടോ ? അതുപോട്ടെ, നമ്മടെ കാർണവന്മാർ ടെറസ്സ് വീട്ടിലായിരുന്നോ താമസ്സിച്ചിരുന്നത് ? അന്ന് മഴ പെയ്തിരുന്നില്ലേ ? സൂര്യൻ ഉദിച്ചിരുന്നില്ലേ?

ചാക്കോ : അങ്ങനെ പറഞ്ഞാ - വേനൽക്കാലോം വർഷക്കാലോം അന്നുണ്ടായിരുന്നു - എന്നാലും ഇത്ര ചൂടുണ്ടായിരുന്നില്ല -

ജെയിംസ് : ചാക്കോച്ചേട്ടന് കാറുണ്ടല്ലേ ?

ചാക്കോ : കഴിഞ്ഞ തവണ ജോസ്സുട്ടി വന്നപ്പോ ഒരു കാറ് വാങ്ങിച്ചു - ഞായറാഴ്ച പള്ളീ പോവാൻ - എല്ലാവർക്കും ഒന്നിച്ച് പോവണ്ടെ ?

ജെയിംസ് : ഒന്നിച്ചു ചെന്നില്ലെങ്കിൽ പള്ളീകേറ്റില്ലേ ? അതുപോട്ടെ, ചാക്കോച്ചേട്ടൻ ഇപ്പോ ധരിച്ചിരിക്കുന്ന വേഷായിരുന്നോ ചാക്കോച്ചേട്ടന്റെ അപ്പൻ ധരിച്ചിരുന്നത് ?

ചാക്കോ : ഇത് നല്ല കാര്യം! അപ്പന് എവ്ടെ പോവാനും ഒരു രണ്ടാം മുണ്ട് മാത്രം - ഷർട്ടിടില്ല - വല്ലവിശേഷങ്ങള് വരുമ്പം ഒരു കയ്യുള്ള ബനിയനിടും -

ജെയിംസ് : യേശുക്രിസ്തു ജീവിച്ചിരുന്ന കാലത്ത് ആരെങ്കിലും ടെറസ്സ് വീട്ടില് താമസ്സിച്ചിട്ടുണ്ടോ ? കാറിൽ സഞ്ചരിച്ചിട്ടുണ്ടോ! പേന്റും ഷർട്ടും ധരിച്ചിട്ടുണ്ടോ? കൊടപിടിച്ചിട്ടുണ്ടോ?

ചാക്കോ : ഇങ്ങന്യൊക്കെ പറഞ്ഞാ -

ജെയിംസ് : ഇന്ന് കാറും ബൈക്കും ഇല്ലാത്ത വീടുകളുണ്ടോ ? ഫാക്ടറികളില്ലാത്ത നാടുണ്ടോ ? അന്തരീക്ഷത്തിൽ ചൂട് കൂടുന്നത് ഇതൊക്കെയാണ്. മരങ്ങളൊക്കെ വെട്ടിനശിപ്പിക്ക്യല്ലേ ? മരം വച്ചു പിടിപ്പിക്കുന്ന പതിവേ ഇല്ല - എല്ലായിടത്തും പൂച്ചെടികൾ! അലങ്കാരത്തിനായി വളർത്തുന്ന ഇലച്ചെടികൾ!

ചാക്കോ : പണ്ടത്തെപ്പോലെ വൃക്ഷത്തൈ കിട്ടാനില്ല - അതറിയോ ?

ജെയിംസ് : അതല്ല, ബുദ്ധിമുട്ടാൻ തയ്യാറല്ല - ജോസ്സുട്ടീടെ കല്യാണം - എവിടെ വച്ചായിരുന്നു ?

ചാക്കോ : അത്മ്മ്ടെ പള്ളിഹോളില്, എഴുന്നൂറ്റമ്പത് ആളുകളോളം ഉണ്ടായിരുന്നു ക്ഷണിച്ചോര്

ജെയിംസ് : വീടിന്റെ മുറ്റത്ത് പന്തലിട്ടിട്ടല്ലേ പണ്ട് കല്യാണം നടത്തിയിരുന്നത് ഇതൊന്നുമല്ല കാര്യം - കാലത്തിനൊത്ത് നമ്മള് മാറിക്കൊണ്ടിരിക്കുന്നു എന്നുസാരം! പക്ഷെ, ദൈവത്തിന്റെ കാര്യം വരുമ്പോ - പാരമ്പര്യം പൊക്കിപിടിക്കും - നമ്മടെ മാതൃഭാഷയിൽ മനസ്സിലാവുന്ന തരത്തിൽ എഴുതിത്തന്നാലും വായിക്കില്ല - പഠിക്കില്ല - അനുസരിക്കില്ല - ബൈബിൾ ദൈവവചനമാണെന്ന് പറഞ്ഞ് ചുറ്റും മെഴുകുതിരി കത്തിച്ച് പൂജ്യവസ്തു മാതിരി കരുതി ദൈവങ്ങളെന്ന് കൊട്ടിഘോഷിക്കുന്നതിന്റെ അരികത്ത് വക്കും -

ചാക്കോ : അതേ, കാര്യൊക്കെ ശര്യാ - എങ്കിലും ബൈബിളിനെ ചെറുതാക്കരുത് മോനെ!

ജെയിംസ് : ആരാ ചെറുതാക്കണേ ? ആറും പത്തും അദ്ധ്യായം ദിവസോം വായിക്കുന്നതല്ല കാര്യം! അതിലെഴുതിയത് അനുസരിക്കുന്നതാ കാര്യം! ബലിയേക്കാൾ അനുസരണാ വലുത്! പത്രത്തില് വായിക്കുന്ന ലോക കാര്യങ്ങള് എല്ലാവർക്കും അറിയാം - മാർപ്പാപ്പയെ തെരഞ്ഞെടുത്തതും അതിന് എത്ര കർദ്ദിനാളന്മാർ പങ്കെടുത്തെന്നും കറുത്തതും വെളുത്തതുമായ പുകവന്നെന്നും എല്ലാം ചാക്കോച്ചേട്ടനെപോലുള്ളവർക്കറിയാം - ബൈബിളറിഞ്ഞുകൂടാ -

ചാക്കോ : അതെ, നമ്മള് വർത്താനം പറഞ്ഞ്

# ദൈവനാമ മഹത്വത്തിന് വ്യാജ സാക്ഷ്യങ്ങളോ ?

ടി.കെ. മുസ്തഫ വയനാട്

ക്രൈസ്തവ മാർഗ്ഗത്തെ സമൂഹമദ്ധ്യത്തിൽ അപകീർത്തിപ്പെടുത്തുന്നതിനായി അതിശയോക്തി നിറഞ്ഞതും അബദ്ധ-അസത്യ-അർദ്ധസത്യപ്രസ്താവ്യങ്ങളിലൂടെയും ക്രിസ്ത്യാനിത്വം അവകാശപ്പെട്ട് രംഗപ്രവേശം ചെയ്യുന്ന വ്യാജൻമാരുടെ എണ്ണം ദിനംപ്രതി കൂടിക്കൂടി വരികയാണ്.

കൽപിതകഥകളെ വെല്ലുന്ന ജീവിതാനുഭവങ്ങളുടെ നേർ സാക്ഷ്യമവകാശപ്പെട്ട് വായിൽ തോന്നിയത് കോതക്ക് പാട്ടെന്ന പോൽ അസത്യ-അബദ്ധ ജഡില പ്രസ്താവനകൾ വലിയ വായിൽ വിളിച്ചുകൂവി ദൈവനാമ മഹത്വത്തിനായി പെടാപ്പാട് പെടുകയാണ് വെളിച്ചദൂതന്റെ വേഷമണിഞ്ഞ സുവിശേഷത്തിന്റെ പൊയ്മുഖങ്ങൾ.

ബാല്യകാലം തൊട്ടേ കടുത്ത മതശിക്ഷണത്താലും തീവ്രമത ബോധത്താലും വളർത്തപ്പെടുന്നവരാണ് ഇസ്ലാം വിശ്വാസികളെന്ന് നമുക്കറിയാം. ചെറുപ്പകാലത്ത് മദ്രസകളിൽ നിന്നും ലഭിക്കുന്ന മതവിദ്യാഭ്യാസം ക്രിസ്തുമാർഗ്ഗമടക്കമുള്ള മറ്റൊരു മതത്തിലേക്കും ഒരു ശരാശരി മുസ്ലിമിന് ഒരിക്കലും കടന്ന് ചെല്ലാൻ കഴിയാത്തവിധത്തിലുള്ള അതിശക്തമായ സംവിധാനമാണെന്ന് കാണാൻ കഴിയും.

ആത്മീയ കാഴ്ചപ്പാടും മതപഠനത്തോടുള്ള അവരുടെ തീവ്രമനോഭാവവും നന്നായറിയാവുന്നത് കൊണ്ടാവാം രക്ഷിക്കപ്പെട്ട് യേശുക്രിസ്തുവിന്റെ പാദപീഠത്തിലെത്തിച്ചേരുന്ന മുസ്ലീം സഹോദരങ്ങളോട് വിശ്വാസ സമൂഹത്തിനുള്ള പ്രത്യേക മമതയും പരിഗണനയും. തന്നെയുമല്ല ജാതി, മത, വർണ്ണ, വർഗ്ഗ, ഭാഷാ ദേശഭേദമെന്യേ കർത്താവ് തന്റെ ചങ്കിലെ ചോര കൊടുത്ത് സഹോദരങ്ങളായിരിക്കാൻ വിളിച്ച് വേർതിരിച്ചവരുടെ കൂട്ടമാണല്ലോ ദൈവസഭ.

എന്നാൽ നിഷ്കളങ്കരായ ക്രൈസ്തവ വിശ്വാസികളിൽ നിന്നും ലഭിക്കുന്ന വൻതോതിലു

---

നിന്ന് നേരം പോയത് അറിഞ്ഞില്ല - ഒരു ചായകുടിക്കേണ്ട സമയം കഴിഞ്ഞു.

ജെയിംസ് : ചായ കുടിക്കാൻ പത്തു മിനിറ്റ് വൈക്യാലും കൊഴപ്പമില്ല - ഈ സത്യമൊന്നറിയ് - ഈ ബൈബിള് വച്ചിട്ടാ നമ്മളെ ന്യായം വിധിക്കുന്നേ - അറിഞ്ഞില്ല എന്നു പറഞ്ഞാൽ ഒരു രക്ഷേം ഇല്ല - അതിനാ മാതൃഭാഷയില് ദൈവവചനം എഴുതി തന്നിരിക്കുന്നേ! സത്യദൈവത്തെ അറിയാൻ ശ്രമിക്ക്! പാരമ്പര്യൊക്കെ വിട്ടുകള, ഇന്നത്തെ മനുഷ്യനായിട്ട് - വിശ്വാസിയായിട്ട് ജീവിക്ക് - പടുകൂറ്റൻ പള്ളി പണിയുന്നവരും പള്ളിക്കൂടം പണിയുന്നവരും ആസ്പത്രി പണിയുന്നവരും പറയുന്നത് കേട്ടാ - നാശത്തിലേക്കാ നമ്മുടെ പോക്ക്!

ചാക്കോ : അതും ഇതും പറഞ്ഞെന്നെ പേടിപ്പിക്കല്ലേ!

ജെയിംസ് : ഇനിയും സമയമുണ്ട് ചാക്കോച്ചേട്ടാ! മാനസാന്തരപ്പെട്ട് പാപങ്ങൾ കർത്താവിനോട് ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് ദൈവകല്പനകളനുസരിച്ച് ജീവിച്ചാ - രക്ഷയുണ്ട്. പാരമ്പര്യം പറഞ്ഞിരുന്നാ - ദൈവമുമ്പാകെ കണക്കു പറയലല്ല, ബോധിപ്പിക്കലാണ് ചെയ്യേണ്ടത് - നമുക്ക് ജീവിതത്തിൽ നാം എന്തെല്ലാം പ്രവർത്തിച്ചു എന്നതാണ് കാര്യം! ഒരു കാര്യംകൂടി - വീട്ടിച്ചെന്ന് ബൈബിളിലെ മീഖാപ്രവാചകന്റെ പുസ്തകത്തിൽ 6-ാം അദ്ധ്യായത്തിലെ 8-ാം വാക്യമൊന്ന് മനസ്സിരുത്തി വായിക്ക്! ഇനി നമുക്ക് ദാ ആ കടേ കേറി ഒരു ചായ കുടിക്കാം - എന്താ ?

(രണ്ടുപേരും നടന്നു പോകുന്നു)

മീഖാ 6:8

"മനുഷ്യാ, നല്ലതെന്തെന്ന് അവൻ നിനക്ക് കാണിച്ചുതന്നിരിക്കുന്നു: ന്യായം പ്രവർത്തിക്കുവാനും ദയാതല്പരനായിരിക്കുവാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടക്കുവാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത് ? "

*

ള്ള സ്വീകാര്യതയും വിശ്വാസ്യതയും ചൂഷണം ചെയ്ത് ആത്മാർത്ഥത എന്നത് തൊട്ടുതീണ്ടിയിട്ടില്ലാത്ത ചിലർ പേരിനും പ്രശസ്തിക്കും സാമ്പത്തിക ലാഭത്തിനുമായുള്ള വേദിയാക്കി ക്രിസ്തുമാർഗ്ഗത്തെ ദുരുപയോഗം ചെയ്തു കൊണ്ടിരിക്കുകയാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഇത്തരം വ്യാജന്മാരുടെ ആഗമനത്തിന് തടയിടുന്നതിനും പ്രതിരോധിക്കുന്നതിനും ബാദ്ധ്യസ്ഥരായവർ ഇത്തരക്കാർക്ക് പബ്ലിസിറ്റി നൽകുന്നതിനും കൺവെൻഷൻ വേദികളൊരുക്കി കൊടുക്കുന്നതിനും മത്സരിച്ചു കൊണ്ടിരിക്കുന്ന അത്യന്തം ഹീനമായ പ്രവർത്തനങ്ങൾ ആത്മീയഗോളത്തിൽ നാം കണ്ടതാണ്.

ദൈവനാമ മഹത്വത്തിനായുള്ള സാക്ഷ്യവേദികളിലെ ഇക്കൂട്ടരുടെ പേക്കൂത്തുകൾ കണ്ട് ദൈവികവിളിയുടെയും ദർശനത്തിന്റെയും വാഗ്ദത്ത നിവർത്തിയായി തെറ്റിദ്ധരിക്കുന്ന പാവം വിശ്വാസികൾ കൺവെൻഷൻ നടത്തിപ്പിനായും സ്തോത്രക്കാഴ്ചയിലൂടെയും നൽകുന്ന നോട്ടുകെട്ടുകളുടെ കനമോർക്കുമ്പോൾ വീതംപറ്റാനുള്ള വ്യഗ്രതയിൽ സത്യത്തിനും നീതിക്കും ആത്മാർത്ഥതക്കും എന്ത് വില ?

രണ്ട് മൂന്ന് വർഷം മുമ്പ് ഒട്ടുമിക്ക ക്രിസ്ത്യൻ സംഘടനകളും ഒരു ബീവിക്ക് പിന്നാലെ പരക്കം പായുകയായിരുന്നു. എവിടെ നോക്കിയാലും ബീവിമയമായിരുന്നു. കൺവെൻഷൻ വേദികൾക്ക് മുന്നിൽ 'ജീവനുള്ള' രക്തസാക്ഷിയെ കാണാനും സാക്ഷ്യം കേട്ട് കോരിത്തരിക്കാനും ഒഴുകിയെത്തിയത് പതിനായിരങ്ങൾ.

യാഥാസ്ഥിതിക പാരമ്പര്യ മുസ്ലീം സമുദായത്തിൽ കടുത്ത മതശിക്ഷണത്താൽ നേർച്ചക്കുട്ടിയായി ജനിച്ചു വളർത്തപ്പെട്ട കൊല്ലംകാരി. ഇന്നവരെവിടെപ്പോയി ?

പബ്ലിസിറ്റി കൺവീനർമാരും സ്തുതിപാടകരും മറുപടി പറയേണ്ടതുണ്ട്.

ഫ്ളക്സ് ബോർഡുകളിലെ പരസ്യവാചകങ്ങളിലോ പെന്തെക്കോസ്തുകാരന്റെ വാചാലതകളിലോ കൺവെൻഷൻ വേദികളിലെ നിത്യസാന്നിദ്ധ്യമായോ ഇന്നവരെ കാൺമാനില്ല. അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് സാക്ഷ്യത്തിലെ അവകാശവാദങ്ങളിലെ പൊള്ളത്തരം വെളിപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ കൺവെൻഷൻ വേദികളിൽ നിന്നും അകറ്റി നിർത്തപ്പെട്ടിരിക്കുന്നു എന്നാണ്. ബീവിയുടെ സാക്ഷ്യത്തിന്റെ ആധികാരികത ചോദ്യം ചെയ്തുകൊണ്ടുള്ള ലേഖനങ്ങൾ ചില പെന്തക്കൊസ്തു പ്രസിദ്ധീകരണങ്ങളിൽ വായിക്കാനുമിടയായി.

ഏതായാലും സ്വദേശത്തും വിദേശങ്ങളിലുമായി നൂറ് കണക്കിന് വേദികൾ ഒരുക്കിക്കൊടുത്ത്, സ്ഥാനത്തും അസ്ഥാനത്തും പ്രതിഷ്ഠിച്ച് സ്തോത്രക്കാഴ്ചയിലൂടെ ലക്ഷങ്ങൾ വാരിക്കഴിഞ്ഞല്ലോ! ഇനി അപവാദപ്രചരണമാകാം. ഗർഭപാത്രം പുറത്ത് വരുമാറ് സ്വന്തം പിതാവ് ഭീകരമായി ആക്രമിച്ചതും മരണഹേതുകമായി മർദ്ദിച്ചവശയാക്കിയ ശേഷം ചാക്കിൽ കെട്ടി പുഴയിലെറിഞ്ഞതും വഴിയോരങ്ങളിലും തെരുവോരങ്ങളിലും ഭ്രാന്തിയെപോൽ അലഞ്ഞ് നടന്ന് അന്തിയുറങ്ങിയതുമായ വീരസാഹസികതകൾ കേട്ട് പുളകിതരായി 'പ്രൈസ് ദ ലോർഡ്' ഉം 'ഹല്ലേലൂയ്യ' യും വിളിച്ച് കോരിത്തരിച്ച സാധുക്കൾ മാത്രം വിഡ്ഢികൾ.

ഇനി വേറൊരു കക്ഷിയെ പരിചയപ്പെടാം. സ്വദേശം വയനാട്. ബാല്യം തൊട്ടേ മതപണ്ഡിതനാവാനുള്ള ത്വരയും സമർപ്പണവും മതപഠന കേന്ദ്രത്തിലെത്തിച്ചു. പത്ത് വർഷത്തെ മതപഠനാനന്തരം കണ്ണൂർ ജില്ലയിലെ മുസ്ലീം ഇടവക പള്ളിയിൽ കൊച്ചച്ചനായുള്ള സേവനം.

യേശുക്രിസ്തുവിന്റെ ദിവ്യത്വത്തേയും ബൈബിളിന്റെ ദൈവികതയേയും ക്രിസ്തീയ രക്ഷാമാർഗ്ഗത്തിന്റെ നിസ്തുല്യതയേയും വിമർശിച്ചും താറടിച്ചും ഖുറാൻ കൺവെൻഷൻ വേദികളിലെ തീപ്പൊരിയായിരുന്നു കക്ഷി ഒരു നാൾ.

അങ്ങനെ ഒരിക്കൽ ക്രൈസ്തവ വിരുദ്ധ പ്രസംഗം 'കത്തി'ച്ചതിനൊടുവിൽ തന്നെ സമീപിച്ച അപരിചിതനായ വ്യക്തി കൈമാറിയ കുറിപ്പുകളിലെ ചില ചോദ്യങ്ങൾ അദ്ദേഹത്തിന്റെ തലച്ചോറിനെ മർദ്ദിച്ചു പുണ്ണാക്കിക്കൊണ്ടിരുന്നത്രേ ?

യേശുക്രിസ്തു ദൈവമല്ലയെങ്കിൽ പിന്നെ ആരാണെന്ന് വെളിപ്പെടുത്തണമെന്നും യേശു ദൈവമല്ലെന്ന പ്രസംഗം അവസാനിപ്പിച്ച് ക്രിസ്തു ആരാണെന്ന് വെളിപ്പെടുത്തി പ്രസംഗിക്കണമെന്നുമുള്ള ആവശ്യാനന്തരം യേശു ആരെന്ന ചോദ്യം വാരിയെല്ല് കൊണ്ട് മൂടപ്പെട്ട ഹൃദയത്തിന്റെ ആഴത്തിൽ ഒളിച്ചുനിന്നു.

ക്രിസ്തു ആരെന്നറിയാൻ ഖുറാനിൽ ഗവേഷണം നടത്തിയ മൗലവി ഖുറാനിൽ യേശുവി

ന്റെയും മുഹമ്മദിന്റെയും പേരിനടിയിൽ വരയിട്ട് കൊണ്ട് സത്യാന്വേഷണത്തിന് തുടക്കം കുറിച്ചു. ക്രിസ്തുവിന്റെ പേരിന് മുഹമ്മദിനേക്കാൾ 21 വോട്ട് ലീഡ് ലഭിച്ചതറിഞ്ഞതു മുതൽ കർത്താവിന്റെ നിസ്തുല്യത അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടുപോൽ.

ദിവ്യജനനം തൊട്ട് വീര്യപ്രവൃത്തികളും ക്രൂശു മരണവുമടക്കം ക്രിസ്തുവിന്റെ നിസ്തുല്യതയും ദൈവികതയും ആധികാരികമായി ബോധ്യപ്പെട്ടതിന് ശേഷം യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചുവെന്നാണ് പറയപ്പെടുന്നത്.

കൊച്ചച്ചന്റെ അനുഭവസാക്ഷ്യം ഏതായാലും ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വെച്ച് പ്രഖ്യാപിച്ചപ്പോൾ മൂക്കത്ത് വിരൽ വെച്ച് പോയെന്നതാണ് വാസ്തവം. താരതമ്യ പഠനനൈപുണ്യം തെളിയിക്കാൻ ഉദ്ധരിച്ച പല ഖുറാൻ വചനങ്ങളും ഇസ്ലാമിനെ സംബന്ധിച്ചു പ്രാഥമികജ്ഞാനം പോലുമില്ലാത്ത സദസ്യരെ കോരിത്തരിപ്പിച്ച് ഹല്ലേലൂയ്യാ പറയിപ്പിക്കാൻ വേണ്ടുവോളം മതിയായിരുന്നു. പക്ഷേ ഓതി കേൾപ്പിച്ച പല ഖുർ ആൻ വചനവ്യാഖ്യാനങ്ങളും പരിശോധിച്ചപ്പോൾ കൊച്ചച്ചന്റെ വ്യാഖ്യാനവും യാഥാർത്ഥ്യവും തമ്മിൽ രാവും പകലുമെന്ന പോൽ അന്തരം.

'ഇംറാൻ കുടുംബമെന്ന ഖുറാനിലെ 3-ാം അധ്യായം കൊച്ചച്ചന് 'മറിയം കുടുംബ'മാണ്. ഒന്നാം ക്ലാസ് മദ്രസാ വിദ്യാർത്ഥിക്കറിയാവുന്ന പ്രാഥമികജ്ഞാനം പത്ത് വർഷത്തെ അറബിക് കോളേജ് പഠനത്തിൽ ബോധ്യപ്പെട്ടിട്ടില്ലെങ്കിൽ അതിവിചിത്രമെന്നല്ലാതെ മറ്റെന്ത് പറയാനാണ് ? അതൊന്നുമല്ല രസകരം. ഖുറാൻ 3-ാം അദ്ധ്യായം 49-ാം വചനം അവസാനഭാഗം ('ഇന്നഫീ ദാലിക ലആയതുല്ലകും ഇൻകും തും മുഅ് മിനീൻ') നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഇതിലെല്ലാം നിങ്ങൾക്ക് ഉത്തമദൃഷ്ടാന്തമുണ്ടെന്ന വചനത്തിന്റെ കൊച്ചച്ചൻ ഭാഷ്യമിതാ.

"യേശു സ്വർഗ്ഗത്തിലേക്ക് പോയി. ഇപ്പോഴും ജീവിക്കുന്നു. ഇനി മടങ്ങി വരികയും ചെയ്യും" എങ്ങനെയുണ്ട് കൊച്ചച്ചന്റെ അറബി ഭാഷാ ജ്ഞാനം ? (ഇത് പോലുള്ള ഭീമാബദ്ധങ്ങൾ നിരവധിയാണ് വിസ്താര ഭയത്താൽ വിശദീകരിക്കുന്നില്ല).

കണ്ണൂർ ജില്ലയിലെ ഇടവക പള്ളിയിലെ കൊച്ചച്ചന്റെ പോസ്റ്റായിരുന്നു തനിക്കെന്നും വെള്ളിയാഴ്ച കുർബാന വല്യച്ചനും പ്രസംഗം കൊച്ചച്ചനുമാണെന്നുമെല്ലാം ആവേശം മൂത്ത് വിളിച്ചു കൂവിയപ്പോൾ പ്രസംഗം ഡിവൈൻ ധ്യാന കേന്ദ്രത്തിന് വെളിയിൽ പ്രചരിക്കുമെന്ന് സ്വപ്നത്തിൽ പോലും കരുതിക്കാണില്ല.

കണ്ണൂരിലെന്നല്ല ലോകത്തൊരിടത്തും വെള്ളിയാഴ്ചകളിൽ കുർബാന വല്യച്ചനും പ്രസംഗം കൊച്ചച്ചനുമെന്ന സമ്പ്രദായം നിലവിലില്ലെന്നത് ആർക്കാണറിഞ്ഞു കൂടാത്തത് ?

ദൈവനാമ മഹത്വത്തിനായി ചില നിഷ്കളങ്കർ പ്രസംഗം റെക്കോർഡ് ചെയ്ത് പുറംലോകമറിഞ്ഞത് ഏതായാലും വിനയായി.

അവകാശവാദങ്ങളിലെ നിജസ്ഥിതി വെളിപ്പെട്ട സാഹചര്യത്തിൽ ക്രിസ്തീയ ഗോളത്തിൽ നിന്നും തുടക്കത്തിൽ ലഭിച്ച സ്വീകാര്യതയിലും വിശ്വാസ്യതയിലും ഇടിവ് വന്നുതുടങ്ങിയെന്നും ബീവിയെപോലെ തന്നെ കൊച്ചച്ചന്റെ നിലയും പരുങ്ങലിലാണെന്നുമാണ് കേൾവി.

വേദപുസ്തകം പറയുന്നു.

"സത്യം പറയുന്നവൻ നീതി അറിയിക്കുന്നു
കള്ളസാക്ഷിയോ വഞ്ചന അറിയിക്കുന്നു

..............................................

സത്യം പറയുന്ന അധരം എന്നേക്കും നില നിൽക്കും. വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളൂ. ദോഷം നിരൂപിക്കുന്നവരുടെ ഹൃദയത്തിൽ ചതിവുണ്ട്. സമാധാനം ആലോചിക്കുന്നവർക്കോ സന്തോഷമുണ്ട്"

(സദൃശ്യവാകൃങ്ങൾ 12:17-20)

അവകാശവാദങ്ങളെ അന്ധമായി വിശ്വസിച്ച് ആത്മാർത്ഥതയും ജീവിതപശ്ചാത്തലവുമൊന്നും പരിഗണിക്കാതെ കള്ളനാണയങ്ങൾക്ക് ഇടം കൊടുക്കുകയും പച്ചപ്പരവതാനി വിരിക്കുകയും ചെയ്താൽ ബീവിമാരും കൊച്ചച്ചൻമാരും ഇനിയും രംഗപ്രവേശം ചെയ്യുക തന്നെ ചെയ്യും.

സത്യസുവിശേഷത്തിന്റെ പൊയ്മുഖങ്ങളായ ബീവിമാരും കൊച്ചച്ചൻമാരും വെളിച്ചദൂതന്റെ വേഷമണിഞ്ഞ് ക്രിസ്തുമാർഗത്തിന് അവമതിപ്പ് സൃഷ്ടിക്കാനിറങ്ങുമ്പോൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനുള്ള വിവേകം ഇനിയെങ്കിലും നമുക്കുണ്ടാകട്ടെ!

*

പ്രതികരണ വേദി

# ഡാർവിനിസ്റ്റ് ബ്രദറൺ ?

'വചനധ്വനി'യിലെ ഈ ലേഖനത്തിന് നന്ദി! ഞാനിപ്പോൾ ശരീരസുഖമില്ലാതെ കിടപ്പിലാണെങ്കിലും എഴുതാൻ സാധിക്കുന്നില്ലെങ്കിലും ഒരു പ്രതികരണം എഴുതിയില്ലെങ്കിൽ ഒരു മനസ്സാക്ഷി കുത്തലുണ്ടാകും.

വളരെ അദ്ധ്വാനിച്ച് പഠിച്ചാണ് Dr. ജോൺസൺ സി. ഫിലിപ്പ് ധാരാളം ഡിഗ്രികൾ സമ്പാദിച്ചിട്ടുള്ളത്. ഇദ്ദേഹം ചെന്നിടത്തൊന്നും നിൽക്കക്കള്ളിയില്ലാതെ വന്നപ്പോഴാണ് ലോകത്തിലെ ബ്രദറുകാരെ "റിസർച്ചു" ചെയ്യാൻ ഒരുമ്പെട്ടിരിക്കുന്നതെന്ന് തോന്നുന്നില്ലെ ?

ഒന്നാമത്തെ കാര്യം സുവിശേഷത്തിന്റെ അദ്ധ്വാനമെന്തെന്ന് ഇക്കൂട്ടർക്കറിയില്ല. "വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ച" ഇത്തരക്കാർക്ക് സംരക്ഷകരായി ഒരു കൂട്ടം ("വേർപാട്"ലെ ആകൂട്ടം) വല്യേട്ടന്മാർ ഉണ്ടല്ലോ. വിവേകമുള്ള ആരെങ്കിലും ഇപ്രകാരമൊക്കെ എഴുതിവിടുമോ? കേരളത്തിൽ കുമ്പനാട്ടു മാത്രമല്ലല്ലോ വേർപാടുകാരുണ്ടായത്. അങ്കമാലിയിൽ ആദ്യം വേർപാടിലേക്ക് വന്നതാരാണെന്ന് ഈ മനുഷ്യർ ഒന്നു പഠിക്കട്ടെ. കുന്ദംകുളം ചരിത്രവും, മറ്റിതര ജില്ലകളുടെ ചരിത്രവും ഒക്കെ ഒന്നു പഠിക്കൂ Dr. ജോൺസൺ. താങ്കൾക്കെന്തുപറ്റി. താങ്കൾ മലയാള ഭാഷയിലെ സഭാചരിത്രങ്ങളും വേർപാടു ചരിത്രങ്ങളും ഒക്കെ ഒന്നു കൂടെ പഠിക്കൂ സുഹൃത്തെ. സുവിശേഷം പറഞ്ഞ് ആത്മാക്കളെ നേടൂ സോദരാ!

ഞാൻ 36 വർഷം മുമ്പാണ് "വേർപാട്" ഉപദേശം? എന്ന് ഇന്നു പറയുന്ന ബ്രദറൺ സമൂഹത്തിലേക്ക് വന്നത്. അന്ന് എന്റെ താലൂക്കിൽ ഒരു ബ്രദറൺസഭയുള്ളതായെനിക്കറിയില്ലായിരുന്നു. ഞാൻ വചനം വായിച്ച് ഒരു സത്യാന്വേഷകനായി വണ്ടിക്കൂലി മുടക്കി യാത്ര ചെയ്ത് അന്വേഷിച്ച് ഇങ്ങനെയൊരു സമൂഹത്തെ കണ്ടുപിടിക്കുകയായിരുന്നു. വീണ്ടും ജനിച്ച് യഥാർത്ഥ വചന സത്യങ്ങൾ മനസ്സിലാക്കി അ:പ്ര 2:47 അനുസരിച്ച് പലയിടങ്ങളിൽ പ്രാദേശികസഭകൾക്ക് രൂപം നൽകി വരുന്നു. അനേകർ വിശ്വാസത്തിലേക്ക് വന്നു; ഇപ്പോഴും വരുന്നു. ഇങ്ങനെ വരുന്നവർ ആഭിജാത്യമുള്ള മനുഷ്യരാണ്. ചേക്കാറാനുള്ള സ്ഥലമാണോ പ്രാദേശികസഭ. "ബ്രദറൺ" സഭയാണോ ? അതൊരു കൂട്ടായ്മയല്ലേ സ്നേഹിതാ! Dr. ജോൺസൺ സി.ഫിലിപ്പിനെപ്പോലുള്ള പുഴുക്കുത്തുകൾ ഉള്ളിടത്തോളം കാലം താങ്കളെപ്പോലുള്ള പലരും ഇതിൽ ചേക്കേറുന്നുണ്ടാവും സംശയമില്ല.

**എ. സ്റ്റീഫൻ**

ഗാനങ്ങൾ

## നാഥൻ നടത്തും

സുവി. A.K. വിത്സൻ പൂവൻചിറ

TUNE "സാധുവെന്നെ കൈവിടാതെ"

നാഥനെന്നെ നടത്തിടുമേ
നാൾകൾതോറും തൻകൃപയാൽ

1. പാപിയായ എന്നെത്തേടി
പാരിൽവന്നൊരെൻ രക്ഷകൻ
പാപം ശാപം എല്ലാം നീക്കി
എന്നെ വീണ്ടെടുത്തവനാം
(നാഥനെന്നെ)

2. കണ്ണുനീരിൻ വേളകളിൽ
തണുപ്പിക്കുന്നെൻ ഹൃദയം
രോഗം ദുഃഖം ഏറിവന്നാൽ
ആശ്വസിപ്പിക്കുന്നവനാം
(നാഥനെന്നെ)

3. നാളെയെയോർത്തെന്റെ മനം
ലവലേശം കലങ്ങുകില്ല
എല്ലാം അവൻ അറിയുന്നു
നൻമയ്ക്കായി തീർത്തിടുന്നു
(നാഥനെന്നെ)

4. നാഥൻതരും നാൾകളെല്ലാം
തന്റെ വേലചെയ്തിടും തൻ
വേലതീർത്തെൻ വീട്ടിലെത്തി
നിത്യകാലം വാണിടും ഞാൻ
(നാഥനെന്നെ)

## സ്നേഹം അവതാരമായോ?

അരുവാക്കോട് രാജേഷ്

രീതി: "കനിവിൻ കരങ്ങൾ"

നീ അവന്റെ ആഗ്രഹത്തെ അറിയുന്നില്ലല്ലോ
നന്മയേകും കാൽകരങ്ങൾ ക്രൂശിൽ കണ്ടില്ലേ
എവിടെ നിന്റെ ലോകനേട്ടം ?
പൂവിനെപ്പോലെ നീ വിട്ടുപോയിടും

1. ഈവാനം ഭൂമി മെനഞ്ഞു
അതിൻ മദ്ധ്യേ ക്രൂശിൽ മരിച്ചു
നമുക്കായ് പകരം ശാപം സഹിച്ചു,
ആ മഹാതിരുസ്നേഹം അവഗണിക്കല്ലേ
നരകശിക്ഷയിലേയ്ക്ക് പോകരുതേ നീ

2. ദൈവീക നീതിക്കു മുൻപിൽ
നീയെന്തു നന്മയെനിരത്തും
നമുക്കായ് ചൊരിഞ്ഞ രുധിരം പാവനം
കാണുക ഈ രക്ഷ സ്വർഗ്ഗവാഗ്ദാനം
വിശ്വസിച്ചാൽ നേടാം നിത്യജീവനേ

# രാജകീയ ന്യായപ്രമാണവും സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണവും

***മുഹമ്മദ് ഈസായുടെ കപടവാദങ്ങൾക്കുള്ള മറുപടി***

മുനീർ ബൈബിൾ ലാന്റ്

**ന്യായപ്രമാണം അവസാനിച്ചു (പൂർത്തീകരിച്ചു) എന്നത് പൗലൊസിന്റെ വാദം മാത്രമാണ്. അല്ലാതെ ബൈബിളിന്റെ ഉപദേശമല്ല** എന്നതാണ് ഈസായിസത്തിന്റെ വാദം. യേശുക്രിസ്തുവിന്റെ വിയോഗശേഷവും ശിഷ്യന്മാർ ന്യായപ്രമാണം അനുസരിച്ചിരുന്നു എന്നും യേശുക്രിസ്തു ന്യായപ്രമാണം നീക്കീട്ടില്ല എന്നും അദ്ദേഹം വാദിക്കുന്നു. ബൈബിളും ഖുറാനും ഈ വിഷയത്തിൽ എന്തു പറയുന്നു എന്ന് പരിശോധിക്കാം.

അബ്രഹാം പിതാവിനെ ദൈവം വിളിച്ച് 430 വർഷം കഴിഞ്ഞാണ് മോശെമുഖാന്തരം യിസ്രായേൽ മക്കൾക്ക് ന്യായപ്രമാണം കൊടുത്തത്. ഈ കല്പന കൊടുത്തപ്പോൾ ദൈവം പറഞ്ഞത്, ലോകത്തിലെ എല്ലാ ജനങ്ങൾക്കും എന്നല്ല മറിച്ച് (ലേവ്യ:26:46), തനിക്കും യിസ്രായേൽ മക്കൾക്കും തമ്മിൽ, മോശെ മുഖാന്തിരം വച്ചിട്ടുള്ള ചട്ടങ്ങളും വിധികളും പ്രമാണങ്ങളും ഇവ തന്നെ. ഈ പ്രമാണങ്ങളെല്ലാം യിസ്രായേലിനാണ് ദൈവം കൊടുത്തത് എന്നത് പകൽ പോലെ വ്യക്തമാണ് ആവ. 4:44; 5:1,2,3,16; 6:3, 17,24,25; 7:11,12; 17:20; 27:10; 28:69; 29:11-15, 24-28; 30:15,16; 31:10.

ആവർത്തനം 12:1-ൽ നിനക്ക് അവകാശമായി തരുന്ന ദേശത്ത് പ്രമാണിക്കേണ്ട കൽപനയും ചട്ടങ്ങളും വിധികളും. ആവ: 28:1,15,45- നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട് ഞാൻ നിന്നോട് ആജ്ഞാപിക്കുന്ന അവന്റെ സകല കൽപനകളും പ്രമാണിച്ചു നടന്നാൽ നിന്റെ ദൈവമായ യഹോവ നിന്നെ ഭൂമിയിലുള്ള സർവ്വജാതികൾക്കും മീതെ ഉന്നതമാക്കും.

ഈ കൽപന ഭൂമിയിലുള്ള സകല ജാതികൾക്കും അല്ല എന്നാണ് ഇവിടെ വ്യക്തമാക്കുന്നത്. ആവ: 33:10- അവർ യാക്കോബിന് നിന്റെ വിധികളും യിസ്രായേലിനു ന്യായപ്രമാണവും ഉപദേശിക്കും. രാഷ്ട്രമെന്ന നിലയിൽ കനാൻ ദേശത്ത് യിസ്രായേൽ മാത്രം അനുഷ്ഠിപ്പാൻ രാജകീയ ന്യായപ്രമാണം നൽകി. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയം ലോകത്തിലെ സകല മനുഷ്യർക്കും അനുസരിക്കാൻ വേണ്ടിയല്ല മറിച്ച്, ദൈവം തെരഞ്ഞെടുത്ത അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും സന്തതിക്കു മാത്രമാണ് ഈ പ്രമാണം കൊടുത്തത്. ഇത് പ്രമാണിക്കുന്ന വ്യക്തി ഇതിനാൽ ജീവിക്കും. അവനു നിത്യജീവൻ ലഭിക്കുന്നു. ഈ പ്രമാണം അനുസരിക്കുവാൻ മനുഷ്യന് അതായത് ജഡത്തിന്റെ ബീജത്തിൽ നിന്നും ജനിച്ചവന് സാധ്യമല്ല. അതിനു പരിഹാരമായി മനുഷ്യൻ മരിക്കേണ്ട സ്ഥാനത്തു മനുഷ്യനു പകരം മൃഗങ്ങളെ യാഗം കഴിക്കുവാൻ ദൈവം അനുവദിച്ചു. ഈ യാഗം ക്രിസ്തുവിന്റെ പരമയാഗത്തിലേക്കു വിരൽ ചൂണ്ടുന്നു. എന്തായാലും പ്രമാണം നൂറു ശതമാനം അനുസരിക്കുവാൻ മനുഷ്യൻ അശക്തൻ എന്നതിന്റെ തെളിവാണ് യാഗങ്ങളുടെ ബാഹുല്യം.

പഴയനിയമം യിസ്രായേൽ മക്കൾക്കു മാത്രമാണ് എന്നു വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കെ, ഇസ്ലാമിസ്റ്റുകൾ ഇത് മനസ്സിലാക്കാതെ ലോകത്തിലെ എല്ലാ ജനങ്ങൾക്കും നൽകിയതാണെന്നു വെറുതേ, പൊള്ളത്തരം അല്ലേ പറയുന്നത് ?

ന്യായപ്രമാണം പറയുന്നതെല്ലാം ന്യായപ്രമാണത്തിനു കീഴുള്ളവരോട് എന്ന് പൗലൊസും സമർത്ഥിച്ചിട്ടുണ്ട്. റോമ:3:19.

**യേശു ന്യായപ്രമാണം ലംഘിച്ചിട്ടില്ല. അതു കൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ന്യായപ്രമാണം അനുസരിക്കേണ്ടേ?**

ഇതിനു തെളിവായി ഇസ്ലാമിസ്റ്റുകൾ ഉദ്ധരിക്കുന്ന വചനം മത്താ: 5:17,18 ആണ്. യേശുക്രിസ്തുവിന്റെ ഐഹിക ജനനം യിസ്രായേലിലെ യഹൂദാഗോത്രത്തിലാണ്. അതുകൊണ്ട് ന്യായപ്രമാണത്തിനു വിരുദ്ധമായി ഒന്നും പ്രവർത്തിക്കാൻ പാടില്ല. മാത്രമല്ല, ന്യായപ്രമാണം നിവർത്തിക്കാൻ വന്നു എന്നു പറയുമ്പോൾ

യേശുക്രിസ്തു ന്യായപ്രമാണം അനുഷ്ഠിച്ചിരുന്നു എന്നും ലംഘിച്ചിട്ടില്ല എന്നും മനസ്സിലാക്കണം. ഈ ലോകത്തിന്റെ ബീജത്തിൽ നിന്നും ജനിച്ച മനുഷ്യർക്കു ന്യായപ്രമാണം അനുസരിക്കാൻ കഴിയാതിരിക്കുമ്പോൾ ഉയരത്തിൽ നിന്ന്, ആത്മാവിന്റെ വചനത്തിൽ നിന്നും ജനിച്ചവനു മാത്രമേ ഇതു സാധിക്കൂ എന്നത് ഓർത്ത് അഭിമാനിക്കുന്നു. ഇത് വലിയ കാര്യമല്ലേ? റോമ: 8:3,4. ഉയരത്തിൽ നിന്നു ജനിച്ചവൻ യേശുക്രിസ്തു മാത്രമാണ് (യോഹ.3:13, 8:23) അതുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന വ്യക്തിക്കു മാത്രമേ നിത്യജീവൻ ഉള്ളൂ.

യേശുക്രിസ്തു തന്റെ ശുശ്രൂഷാ കാലയളവിൽ ന്യായപ്രമാണം അനുസരിക്കണം എന്നു പഠിപ്പിച്ചില്ലേ എന്ന ചോദ്യം ഇസ്ലാമിസ്റ്റുകൾ ചോദിക്കാറുണ്ട്. ന്യായപ്രമാണം അനുസരിക്കണം എന്നും അനുസരിച്ചാലേ രക്ഷയുള്ളൂ എന്നും തന്നെയാണ് യേശുക്രിസ്തു പഠിപ്പിച്ചത് എന്ന് ഈ വാദക്കാർ ശഠിക്കുന്നു. ന്യായപ്രമാണത്തിലെ മുഴുവൻ കല്പന അനുസരിച്ചെങ്കിലേ രക്ഷയുള്ളൂ എങ്കിൽ ഒരുത്തനും രക്ഷപ്പെടുകയില്ല എന്നതു വളരെ വ്യക്തമല്ലേ? യിസ്രായേലേ കേൾക്ക, എന്നു പറയുമ്പോൾ യിസ്രായേലിനോടും പ്രമാണിമാരോടും അല്ലാതെ, ലോകത്തിലെ എല്ലാവരോടും അല്ല എന്നു മനസ്സിലാക്കാൻ സാധിക്കണം.

**യേശുക്രിസ്തു പ്രമാണം മാറ്റി, പുതിയതു സ്ഥാപിച്ചു എന്നത് ക്രിസ്ത്യാനികളുടെ അവകാശവാദം മാത്രം. ബൈബിളിൽ അങ്ങനെ ഉണ്ടോ ? ഉണ്ടെങ്കിൽ എവിടെ ?**

മത്തായി 5-7 വരെ അദ്ധ്യായങ്ങളിൽ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽക്കൂടി പുരുഷാരത്തെ ഉപദേശിക്കുന്നതു കാണാൻ കഴിയും. ന്യായപ്രമാണത്തിലെ ഓരോ കല്പനയും എടുത്തു പറഞ്ഞ്, ന്യായപ്രമാണത്തിൽ ഇങ്ങനെ വായിച്ചിട്ടില്ലയോ, ഞാനോ നിങ്ങളോടു കൽപ്പിക്കുന്നു എന്നു പറഞ്ഞാണ് ആ പ്രമാണത്തിലെ കാതലായ വിഷയം പഠിപ്പിച്ചത്. പ്രമാണം തെറ്റിക്കുന്നതിന്റെ ഉത്ഭവം ഹൃദയത്തിൽ നിന്നും ആകയാൽ അതു മുളയിലേ നുള്ളണം എന്ന് യേശു പഠിപ്പിച്ചു. അക്ഷരമായിരുന്ന പ്രമാണത്തെ, ആത്മാവിനാൽ ഹൃദയത്തിലെ മാംസ പലകയിൽ എഴുതി. വിധിക്കാനുള്ള പ്രമാണിക നിയമം മാറ്റി ക്രിസ്തു പുതിയ നിയമം സ്ഥാപിച്ചു. മത്ത: 6:14,15. ഈ കാര്യം യേശു ക്രിസ്തു സ്ഥാപിച്ചത് സുവിശേഷത്തിൽ കാണുവാൻ സാധിക്കും.

ന്യായപ്രമാണത്തിലെ വലിയ പോരായ്മ ക്രിസ്തു ചൂണ്ടിക്കാട്ടി. വ്യഭിചാരത്തിൽ പിടിക്കപ്പെടുന്നവരെ കല്ലെറിഞ്ഞ് കൊല്ലേണം എന്നത് വിട്ടുവീഴ്ചയില്ലാത്ത നിയമമാണ്. പക്ഷേ ക്രിസ്തു ന്യായപ്രമാണം നടപ്പിൽ വരുത്തിയില്ല. ഈ സ്ത്രീയെ കൊണ്ടുവന്ന വ്യക്തികളോട് നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമത് എന്നു പറയുമ്പോൾ, അവർ എറിഞ്ഞില്ല. ഒരു കാര്യം എല്ലാവരും സമ്മതിച്ചു: ഞങ്ങളും പാപികളാണ്. ഈ സ്ത്രീ പരസ്യമായി പാപം ചെയ്തു; ഞങ്ങൾ രഹസ്യത്തിൽ ചെയ്തു.

ന്യായപ്രമാണം, പിടിക്കപ്പെട്ട വ്യക്തികളെ സാക്ഷികളുടെ വെളിച്ചത്തിൽ ശിക്ഷ വിധിക്കുമ്പോൾ രഹസ്യത്തിൽ - ഹൃദയത്തിൽ പാപം ചെയ്തവർക്ക് ശിക്ഷ നൽകാൻ ന്യായാധിപന്മാർക്കു കഴിയുന്നില്ല. സർവ്വത്തെയും കാണാൻ കഴിയുന്ന ദൈവത്തിനു മാത്രമേ - യേശുക്രിസ്തുവിനു മാത്രമേ യഥാർത്ഥ ശിക്ഷ നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഞാനും ശിക്ഷ വിധിക്കുന്നില്ല എന്ന് യേശുക്രിസ്തു പറഞ്ഞതിലൂടെ, ഇപ്പോൾ ഞാൻ ശിക്ഷ നടപ്പിൽ വരുത്തിയാൽ സർവ്വരേയും ശിക്ഷിക്കേണ്ടിവരും മാർ: 10:45. ഇനി ഒരിക്കൽ യേശുക്രിസ്തു ശിക്ഷ വിധിക്കാൻ, ന്യായം വിധിക്കാൻ വരും. യോഹ: 5:22. യേശു ക്രിസ്തുവിനു മാത്രമേ പുതിയ നിയമം അനുസരിച്ചു ശിക്ഷിക്കാൻ അധികാരം ഉള്ളൂ.

ഈ സംഭവത്തെ ആസ്പദമാക്കി ഇസ്ലാം മതം പറയുന്നത്, **യേശുക്രിസ്തു ജനിക്കുന്ന സമയത്ത്, യിസ്രായേൽ രാഷ്ട്രമെന്ന നിലയിൽ, ന്യായപ്രമാണം അനുസരിച്ചു വിധി കല്പിക്കാൻ കഴിയാതവണ്ണം റോമാ സാമ്രാജ്യത്തിനു കീഴിൽ അമർന്നു കിടക്കുമ്പോൾ അവരുടെ ന്യായപ്രമാണം അനുസരിച്ച് ക്രിമിനൽ നിയമം നടപ്പിൽ വരുത്തുവാൻ സാധിക്കാതെ വന്നു. യേശു പഠിപ്പിച്ചു: ആരേയും വിധിക്കരുത്; എല്ലാവരോടും ക്ഷമിക്കണം ശത്രുവിനെ സ്നേഹിക്കണം, എന്നിങ്ങനെയുള്ള ഇളവ് അനുവദിച്ചു.** ഈ അഭിപ്രായത്തിലൂടെ എഴുത്തുകാരൻ, താൽക്കാലികമായി യേശുക്രിസ്തുവിൽ ന്യായപ്രമാണത്തിനു മാറ്റം വന്നു എന്ന് സമ്മതിക്കുകയാണ്. ഇവിടെ താൽക്കാലികം എന്നു പറയുമ്പോൾ എത്ര നാളത്തേയ്ക്ക് എന്ന് എഴുത്തുകാരൻ വ്യക്തമാക്കുന്നില്ല.

താൽക്കാലികം എന്നു പറയുമ്പോൾ, ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ, യിസ്രായേലിന് സ്വതന്ത്രഭരണം കിട്ടുന്നതുവരെ എന്ന ധ്വനി അവിടെ നിന്നും ലഭിക്കുന്നു. അവർക്കു രാജ്യം ലഭിച്ചുവെങ്കിലും രാജകീയ ന്യായപ്രമാ

ണം, പുരോഹിതൻ, യാഗം, ദൈവാലയം എന്നീ കാര്യങ്ങൾ ഇന്നും ക്രമീകരിക്കപ്പെട്ടി ട്ടില്ല. താൽ ക്കാലികമാറ്റം എന്നത് ഇന്നുവരെ തുടരുന്നു എന്നു മനസ്സിലാക്കാം.

മാത്രമല്ല, ഇദ്ദേഹം ഖുറാൻ പഠിച്ചിരുന്നെ ങ്കിൽ ഈ വിഡ്ഢിത്തം സംഭവിക്കില്ലായിരുന്നു. സുറ: 3:50. എന്റെ മുമ്പിലുള്ള തൗറാത്തിനെ സത്യപ്പെടുത്തുവാനായിക്കൊണ്ടു നിങ്ങളുടെ മേൽ നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങളിൽ ചിലത് നിങ്ങൾക്ക് അനുവദിച്ചുതരുവാൻ വേണ്ടി നി യോഗിച്ച പ്രവാചകൻ ഈസാനബി, എന്നു വ്യ ക്തമായി ഖുറാൻ വചനങ്ങൾ പറഞ്ഞിരിക്കെ, ഖുറാൻ പോലും നന്നായി പഠിക്കാതെ മറ്റുള്ള വരുടെ ഗ്രന്ഥത്തെ വിമർശിക്കാൻ പോയാൽ, മലർന്നു കിടന്നു തുപ്പിയാൽ സ്വന്ത മുഖത്തല്ലേ വീഴൂ.

ഇതിനു വ്യാഖ്യാനം കൊടുത്ത ശ്രീ.എം. എം. അക്ബർ, തന്റെ ഖുറാനിൽ, നിഷിദ്ധ കാ ര്യങ്ങളിൽ ചിലത് എന്നതിന് അടിക്കുറിപ്പ് കൊ ടുത്തിരിക്കുന്നത്: അത് ഒട്ടകമാംസം തിന്നുവാൻ അനുവദിച്ചു. ഇത്ര വ്യക്തമായി ന്യായപ്രമാണ ത്തിലെ 'നിഷിദ്ധമായതിൽ ചിലത്' അനുവദി ക്കാൻ വന്നു എന്നു പറയുകയും, 'ചിലത്' എ ന്നാൽ ഒന്നിൽകൂടുതൽ കാര്യങ്ങൾക്ക് അനുവാ ദം തരുവാൻ വന്നു എന്ന് ഏത് കൊച്ചുകുട്ടിക്കും വ്യക്തമാകുന്ന നിലയിൽ ഖുറാൻ വചനങ്ങൾ വെളിപ്പെടുത്തിയിരിക്കെ, ഇതിനെ വളച്ചൊടി ക്കുന്ന പണ്ഡിതമതം; വളച്ചൊടിച്ചത് ബൈബി ളാണ് എന്ന് ആക്ഷേപിക്കാൻ ഇത്തരക്കാർക്ക് എന്തർഹത? സ്വന്തഗ്രന്ഥത്തിലെ വചനത്തെ വള ച്ചൊടിക്കുകയും വക്രീകരിക്കുകയും സ്വാർത്ഥ താൽപര്യപ്രകാരം വ്യാഖ്യാനിക്കുകയും ചെയ് തത് ക്രിസ്ത്യാനികളോ? ഇസ്ലാമിസ്റ്റുകളോ? ചിന്തിക്കുക. ന്യായപ്രമാണം മുഴുവനും അനുസ രിച്ചാലേ രക്ഷയുള്ളൂ എന്ന് ഈസായിസം പറ യുന്നത്, അദ്ദേഹത്തിന്റെ മാത്രം വേദാന്തമാണ്. രാജകീയന്യായപ്രമാണം, നീതി സ്വാതന്ത്ര്യത്തി ന്റെ ന്യായപ്രമാണം നൽകി എന്നു ഖുറാനും സമ്മതിക്കുന്നു.

ഇങ്ങനെ കർക്കശമായ നിയമത്തിലൂടെ ദൈ വസൃഷ്ടിയായ ഭൂമിയെ ശുദ്ധീകരിച്ചും സംസ്ക രിച്ചും വഴിപ്പെടാത്ത ആളുകൾ മറ്റുള്ളവരെ പിഴവിലാക്കാതിരിക്കാൻ വേണ്ടി, നിയന്ത്രിക്കാ ൻ വേണ്ടി, ഇറക്കിക്കൊടുത്ത നിയമമാണ് ന്യാ യപ്രമാണവും പരിശുദ്ധഖുറാനും. (യേശു മശിഹ ഏതു പക്ഷത്ത് പേജ് 84.)

പഴയ നിയമത്തിൽ ഉള്ളതുപോലെ കർക്കശ നിയമമാണ് ഖുറാനിലും ഉള്ളത് എന്നാണ് ഇവി ടെ പറഞ്ഞുവന്നത്. ഇതേ കർക്കശ നിയമമാണ് ഖുറാനും അനുധാവനം ചെയ്യുന്നത് എങ്കിൽ, ശരീയത്ത് ഉൾപ്പെടെ അനുസരിക്കുന്നതിലൂടെ മാത്രമേ രക്ഷയുള്ളൂ എന്നാണ് അദ്ദേഹം പറ ഞ്ഞു വന്നത്. മുഴുവൻ പ്രമാണം അനുസരിക്കു ന്നതിലൂടെ രക്ഷ എങ്കിൽ, ഈ വ്യക്തിക്കുപോ ലും രക്ഷയില്ല എന്നതു വളരെ സ്പഷ്ടമല്ലേ ? കാരണം ശരീ അത്ത് പ്രമാണം ഉള്ള ഇസ്ലാമിക രാജ്യങ്ങളിൽ, കർക്കശ നിയമം അനുസരിച്ച് വഴിപ്പെടാത്ത ആളുകൾ മറ്റുള്ളവരെ പിഴവിലാ ക്കാതിരിക്കാൻ അവരെയെല്ലാം നീക്കം ചെയ് ത്, ദൈവത്തിന്റെ സൃഷ്ടിയായ ഭൂമിയെ ശുദ്ധീ കരിച്ചു മുന്നേറുന്ന രാജ്യമായ സൗദി അറേബ്യ പോലുള്ള രാജ്യത്തേക്ക് എഴുത്തുകാരൻ പോ കേണ്ടി വരും.

ഇദ്ദേഹത്തിന്നു രക്ഷ ലഭിക്കണമെങ്കിൽ അ ങ്ങോട്ടേയ്ക്കു പോകുന്നതായിരിക്കും ഉചിതം. കർക്കശമായ ന്യായപ്രമാണം മുഴുവൻ അനു സരിക്കാത്ത ഇസ്ലാമിനു രക്ഷ ഇല്ല എന്ന് താ ങ്കൾ തന്നേ എഴുതിയല്ലോ ? ഇങ്ങനെ ഉള്ളവർ ക്കു മറ്റുള്ളവരുടെ പ്രമാണങ്ങളെ വിമർശിക്കാ ൻ എന്തർഹത ? ആദ്യം ഈ കർക്കശ നിയമം അനുസരിച്ച് ജീവിക്ക്, എന്നിട്ടുപോരേ മറ്റുള്ള വരെ വിമർശിക്കാൻ. മത്ത: 7:3,4. സ്വന്തകണ്ണി ലെ കോൽ എടുത്തിട്ടു പോരേ മറ്റുള്ളവരുടെ കരട് എടുക്കാൻ. മത്ത: 23:13-15: ഇവരോ സ്വ ർഗ്ഗരാജ്യം കടക്കും എന്ന് ഉറപ്പില്ല, മറ്റുള്ളവർക്ക് സ്വർഗ്ഗരാജ്യം അടച്ചും കളയുന്നു.

ഒരുത്തൻ ന്യായപ്രമാണം മുഴുവൻ അനുസ രിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ സകലത്തി ലും കുറ്റക്കാരനായിത്തീരും. തെറ്റ് ചെയ്താൽ (തൗബ) ക്ഷമ ചോദിച്ചാൽ വിടുതൽ (ഇളവ്) ന ൽകുന്നതല്ല. അതുവരെ ചെയ്തു എന്നു പറയ പ്പെടുന്ന സൽക്കർമ്മവും അവനെ രാജകീയ ന്യായപ്രമാണപ്രകാരം രക്ഷിക്കില്ല. ശിക്ഷിക്കും എന്നാണ് യാക്കോബ് പറഞ്ഞതിന്റെ സാരം. ആഖാൻ തെറ്റ് ചെയ്തപ്പോൾ യിസ്രായേൽ ഹായി പട്ടണത്തോട് തോറ്റോടി: യോശു:7:1-25. യോശുവ കാര്യം ദൈവസന്നിധിയിൽ വച്ചപ്പോ ൾ യിസ്രായേൽ പാപം ചെയ്തിരിക്കുന്നു എന്ന് യഹോവ വെളിപ്പെടുത്തി. ഈ പാപത്തിനു ശി ക്ഷ വിധിച്ചപ്പോൾ യിസ്രായേലിനു പരിഹാരം ഉണ്ടായി. ജഡത്തിന്റെ ബീജത്തിൽ നിന്ന് ജനി ച്ചവന് രാജകീയ ന്യായപ്രമാണം അനുസരി ക്കാൻ കഴിയില്ല എന്ന് യാക്കോബും വ്യക്തമാ ക്കുന്നു. ഈസായിസം ഇപ്പോൾ പറഞ്ഞു നട ക്കുന്നത് ജഡത്തിന്റെ ബീജത്തിൽ നിന്ന് ജനിച്ച വ്യക്തി ആത്മാവിന്റെ വചനമാകുന്ന ബീജ

# ശ്രീ മുഹമ്മദ് ഈസായുടെ ബൈബിൾ സ്റ്റഡിക്ക് മറുപടി

(തുടർച്ച)

അനിൽകുമാർ വി. അയ്യപ്പൻ

## പുരുഷന്റെ താടിരോമം സംബന്ധിച്ച്

*"നിങ്ങളുടെ താടിയുടെ അറ്റം മുറിക്കരുത്" ലേവ്യ19:27. ഈ നിയമത്തെ അനുസരിച്ചാണ് യേശുവും അപ്പൊസ്തലന്മാരും മുൻകാല പ്രവാചകന്മാരും താടി വളർത്തിയത് താടിരോമം വടിക്കുന്നത് പോയിട്ട് അതിന്റെ അറ്റം മുറിക്കാൻ പോലും അവർക്ക് അനുവദിച്ചിട്ടില്ല. ഇത് സംബന്ധമായ ഒരു സംഭവം ദാവീദ് പ്രവാചകന്റെ കാലത്ത് നടന്നത് ഇങ്ങനെയാണ്.*

*ഒരിക്കൽ ദാവീദ് രാജാവ്, അമ്മോന്യ രാജാവായ ഹാനൂനിന്റെ അടുക്കലേക്ക് രണ്ട് ദൂതന്മാരെ അയച്ചു. എന്നാൽ ചാരപ്രവർത്തനത്തിന് വന്നതാണെന്ന് തെറ്റിദ്ധരിച്ച ഹാനൂൻ രാജാവ് ഇവരുടെ വസ്ത്രം നിതംബമധ്യത്തിൽ വച്ച് മുറിച്ച് മാറ്റുകയും താടി പകുതി വടിപ്പിക്കുകയും ചെയ്തു. അത്യന്തം അപമാനിതരായ ഇവർ പ്രവാചകനും രാജാവുമായ ദാവീ*

ത്തിൽ നിന്ന് വീണ്ടും ജനിക്കണം. ഇത് ഖുറാനിലുണ്ടോ ? ഇല്ലേ ഇല്ല. ഈ പുതിയ വാദത്തിലൂടെ ശാരീരിക ജനനപ്രകാരം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ല എന്ന് ഇദ്ദേഹം സമ്മതിക്കുന്നു.

അക്കാരണത്താൽ യിസ്രായേൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി. മറ്റൊരാളെ കൊന്നതിനു പകരമോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിനു പകരമോ, അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിനു തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിനു തുല്യമാകുന്നു. നമ്മുടെ ദൂതന്മാർ വ്യക്തമായ തെളുവുമായി അവരുടെ [യിസ്രായേല്യരുടെ] അടുക്കൽ ചെന്നിട്ടുണ്ട്. എന്നിട്ട് അതിനുശേഷം, അവരിൽ ധാരാളം പേർ ഭൂമിയിൽ അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ് ഖുറാൻ 5:32.

ഒരു നീതിമാനെ കൊന്നാൽ മനുഷ്യകുലം മുഴുവൻ കൊല്ലപ്പെടുമോ ? അതിലുള്ള ദൈവനീതി എന്ത് ? ഒരാളുടെ ജീവൻ രക്ഷിച്ചാൽ മുഴുമനുഷ്യനും രക്ഷപ്പെടുമോ ? ഏതു ദൂതന്മാരാണ് വ്യക്തമായ തെളുവുമായി ചെന്നിട്ടുള്ളത് ? ഇതിന്റെ തൊട്ടു മുകളിലുള്ള വാക്യം വായിച്ചാൽ നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നത് പാപിയായ മനുഷ്യന് പാപത്തിന്റെ ശിക്ഷയായ മരണം അനിവാര്യമാണ്. അതിനു പകരം നൽകിയ ബലിയെക്കുറിച്ചും വായിക്കുന്നു.

ഒരു നീതിമാനെ കൊന്നാൽ സകല മനുഷ്യകുലവും കൊല്ലപ്പെട്ടതിനു തുല്യം എന്നു ഖുറാൻ പറയുമ്പോൾ അല്ലാഹു നീതിമാനല്ല എന്ന് ഇന്നത്തെ മുസ്ലീം ലോകത്തിനു പറയേണ്ടി വരും. കാരണം ബൈബിളിൽ അപ്പൊസ്തലനായ പൗലൊസ് റോമർക്ക് എഴുതിയ ലേഖനത്തിൽ ആദാം മരിച്ചതുമൂലം സകല മനുഷ്യവർഗ്ഗത്തിനും മരണമുണ്ടായി എന്നു പറയുന്ന ഭാഗത്തെ നിശിതമായി വിമർശിക്കുന്ന ദാവാ പ്രസംഗകർക്ക് ഖുറാനിൽ പറഞ്ഞിരിക്കുന്ന നീതി, അനീതി എന്നു പറഞ്ഞ് തള്ളേണ്ടിവരും. കഷ്ടം! ജീവൻ രക്ഷിക്കാൻ ലോകത്തിൽ വന്നതായി ഖുറാനിൽ ഒരു തെളിവും ഇല്ല. കല്പന അനുസരിച്ചു ജീവിക്കുക, നിസ്കാരം നോമ്പ് ഇവ മുറപോലെ നോക്കുക എന്നിങ്ങനെ പറഞ്ഞിട്ടുള്ളതല്ലാതെ മറ്റൊന്നും ഇല്ല. മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ വന്ന ഒരു വ്യക്തിയേ ഉള്ളൂ. പരിശുദ്ധനും നീതിമാനുമായ, മർയമിന്റെ പുത്രനായ ഈസാമസീഹ. വേറൊരു വ്യക്തിത്വത്തെയും കാണാനില്ല. ഖുറാന്റെ വചനങ്ങൾ ബൈബിളിനെ ശരിവയ്ക്കുന്നു. പൗലൊസിന്റെ പാപവും, പാപപരിഹാരവും എന്ന സിദ്ധാന്തത്തെ അംഗീകരിക്കുന്നു.

സത്യം സത്യമായി എഴുതിയ പൗലൊസ് അപ്പൊസ്തലനെയും ഇദ്ദേഹം രചിച്ച ഈടുറ്റ ലേഖനത്തെയും ഇവർക്കെങ്ങനെ ഇത്ര മോശമായി ചിത്രീകരിക്കുവാനും, എഴുതുവാനും പ്രസംഗിക്കുവാനും സാധിക്കുന്നു. ഇക്കൂട്ടരെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം. അന്ധത പിടിച്ചിരിക്കുന്ന ഹൃദയം തുറക്കുവാൻ, ജീവനുള്ള ദൈവമായ യേശുക്രിസ്തുവിനെ അറിയുവാൻ ദൈവം ഇക്കൂട്ടരെ സഹായിക്കട്ടെ. *

*ദിനെ വിവരം അറിയിച്ചു. അദ്ദേഹം ഇവരോട് ഇങ്ങനെ പറഞ്ഞു. "നിങ്ങൾ യെരിഹോവിൽ തന്നെ താമസിക്കുക. നിങ്ങളുടെ താടി വളർന്ന് പഴയത് പോലെ ആകുമ്പോൾ മടങ്ങി വരിക"(2 സാമുവേൽ 10:5).*

*ഇവിടെ താടിയുടെ ബാക്കി ഭാഗം കൂടെ വടിച്ചിട്ട് മാന്യന്മാരായി വരുവാനല്ല മറിച്ച് താടി വളർന്ന് പൂർവസ്ഥിതിയിലായിട്ട് തിരിച്ച് വന്നാൽ മതിയെന്നാണ് നിർദേശിക്കുന്നത്.*

ആധുനിക ബൈബിൾ പണ്ഡിതനായ മുഹമ്മദ് ഈസാ ഇവിടെ കഥയറിയാതെ ആട്ടം കാണുകയാണ്. ലേവ്യാപുസ്തകം 18 മുതൽ 20 വരെയുള്ള അദ്ധ്യായങ്ങളിലെ വിഷയം കനാൻ നാട്ടിലെ ദുരാചാരങ്ങളും പാപജീവിതവും അതിനെതിരെയുള്ള ദൈവത്തിന്റെ പ്രബോധനങ്ങളുമാണ്. യഹോവയായ ദൈവം കനാൻ ദേശനിവാസികളെ ശിക്ഷിക്കുന്നതിനു മുൻപ് അവരുടെ പാപം എന്താണെന്ന് യിസ്രായേൽ മക്കളോട് പറയുകയും അത് നിങ്ങൾ അനുകരിക്കരുത് എന്ന് അവർക്ക് താക്കീത് നൽകുകയും ചെയ്യുന്നു. ലേവ്യ.18:2,3 വാക്യങ്ങളിൽ യഹോവയായ ദൈവം മോശെയോടു പറയുന്നത് "നീ യിസ്രായേൽ മക്കളോടു പറയേണ്ടതു എന്തെന്നാൽ ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; നിങ്ങൾ പാർത്തിരുന്ന മിസ്രയീംദേശത്തിലെ നടപ്പു പോലെ നിങ്ങൾ നടക്കരുത്; ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻ ദേശത്തിലെ നടപ്പു പോലെയും അരുത്; അവരുടെ മര്യാദ ആചരിക്കരുതു" എന്നാണ്. തുടർന്നുള്ള വാക്യങ്ങളിൽ എന്തായിരുന്നു അവരുടെ പാപപ്രവർത്തികൾ എന്ന് വിശദീകരിക്കുന്നു. ലേവ്യാ 20:22,23 വാക്യങ്ങളിൽ ദൈവം പറയുന്നത്: "ആകയാൽ നിങ്ങൾ കുടിയിരിക്കേണ്ടതിന്നു ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന ദേശം നിങ്ങളെ ഛർദ്ദിച്ചുകളയാതിരിപ്പാൻ എന്റെ എല്ലാ ചട്ടങ്ങളും സകല വിധികളും പ്രമാണിച്ചു ആചരിക്കേണം. ഞാൻ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളയുന്ന ജാതിയുടെ ചട്ടങ്ങളെ അനുസരിച്ചു നടക്കരുതു; ഈ കാര്യങ്ങളെ ഒക്കെയും ചെയ്തതുകൊണ്ടു അവർ എനിക്കു അറപ്പായി തീർന്നു" എന്നാണ്. മാത്രമല്ല, ആ അദ്ധ്യായം അവസാനിക്കുന്നത്: "വെളിച്ചപ്പാടോ മന്ത്രവാദമോ ഉള്ള പുരുഷൻ ആകട്ടെ സ്ത്രീയാകട്ടെ മരണശിക്ഷ അനുഭവിക്കേണം; അവരെ കല്ലെറിഞ്ഞു കൊല്ലേണം; അവരുടെ രക്തം അവരുടെ മേൽ ഇരിക്കും" എന്ന് പറഞ്ഞു കൊണ്ടാണ്.

ശ്രീ മുഹമ്മദ് ഈസയുടെ ഈ ലേഖനത്തിൽ താടിയെക്കുറിച്ച് ബൈബിളിൽ നിന്നും ഉദ്ധരിക്കുന്നത് മറ്റു പല ലേഖനങ്ങളിലും അദ്ദേഹം ചെയ്തിരിക്കുന്നത് പോലെ അപൂർണ്ണമായിട്ടാണ് ലേവ്യാ.19:27 ഞാൻ പൂർണ്ണരൂപത്തിൽ താഴെ കൊടുക്കുന്നു.

"നിങ്ങളുടെ തലമുടി ചുറ്റും വിളുമ്പു വടിക്കരുതു; താടിയുടെ അറ്റം വിരൂപമാക്കരുതു"

എന്തു കൊണ്ടാണ് അദ്ദേഹം ആ വാക്യം പൂർണ്ണരൂപത്തിൽ ഉദ്ധരിക്കാതിരുന്നതെന്ന് ഇന്ന് നമ്മുടെ നാട്ടിൽ സാധാരണ കാണുന്ന മൊട്ടത്തലയും നിസ്കാരത്തഴമ്പുള്ള മുസ്ലീങ്ങളുടെ രൂപം നമ്മോട് വിളിച്ചു പറയുന്നുണ്ട്. "നിങ്ങളുടെ തലമുടി ചുറ്റും വിളുമ്പു വടിക്കരുതു" എന്ന ന്യായപ്രമാണത്തിലെ കല്പന നഗ്നമായി ലംഘിച്ചു കൊണ്ടാണ് മുസ്ലീം സുഹൃത്തുക്കൾ തലമൊട്ടയടിച്ചു കൊണ്ടു നടക്കുന്നത്. രണ്ടു കല്പനകളുള്ള ഒരു വാക്യത്തിലെ ഒരു കല്പന ലംഘിക്കുകയും മറ്റേ കല്പന അനുസരിക്കുന്നു എന്ന് പറയുകയും ചെയ്യുന്നതിലെ പൊരുത്തക്കേട് ഒഴിവാക്കാൻ വേണ്ടി അദ്ദേഹം ആ വാക്യത്തിന്റെ ആദ്യഭാഗം അവഗണിച്ചു കളഞ്ഞതാണ്. ശ്രീ. മുഹമ്മദ് ഈസാ സംസാരിക്കുന്നത് ജനങ്ങൾ സത്യം മനസ്സിലാക്കാൻ വേണ്ടിയല്ല; മറിച്ച് കള്ളത്തരം കാണിച്ചിട്ടായാലും ഇസ്ലാം മതം പ്രചരിപ്പിക്കുക എന്ന നിഗൂഢലക്ഷ്യത്തിനു വേണ്ടിയാണ് എന്ന് ഈ തട്ടിപ്പിലൂടെ ഒരിക്കൽകൂടി തെളിയിച്ചിരിക്കുകയാണ്.

ഇനി ഈ വാക്യം കൊണ്ട് ദൈവം എന്താണ് യിസ്രായേൽ ജനത്തോട് പറയാൻ ഉദ്ദേശിച്ചത് എന്ന് നോക്കാം. അതിനു ഈ വാക്യം മാത്രമല്ല. അതിന്റെ മുകളിലും താഴെയുമുള്ള വാക്യങ്ങൾ കൂടി നോക്കണം. അത് ഞാൻ താഴെ കൊടുക്കുന്നു.

"രക്തത്തോടുകൂടിയുള്ളതു തിന്നരുതു; ആഭിചാരം ചെയ്യരുതു; മുഹൂർത്തം നോക്കരുതു; നിങ്ങളുടെ തലമുടി ചുറ്റും വിളുമ്പു വടിക്കരുതു; താടിയുടെ അറ്റം വിരൂപമാക്കരുതു; മരിച്ചവന്നു വേണ്ടി ശരീരത്തിൽ മുറിവുണ്ടാക്കരുതു; മെയ് മേൽ പച്ചകുത്തരുതു; ഞാൻ യഹോവ ആകുന്നു".

കനാൻ നാട്ടിൽ നിലനിന്നിരുന്ന ജാതീയ ആചാരങ്ങളെ യിസ്രായേൽ ജനം അനുസരിക്കരുത് എന്നുള്ള കല്പനയാണിത്. അല്ലാതെ നിർബന്ധമായും താടി വളർത്തിയിരിക്കണം എന്നുള്ള കല്പനയല്ല. വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ച ശേഷം രക്തം കുടിക്കുന്നത് കനാൻ

നാട്ടിലെ ആചാരമായിരുന്നു. (ഈ ലേഖകൻ ഹിന്ദു മതത്തിലായിരുന്ന കാലത്ത് വിഗ്രഹങ്ങൾക്ക് മുൻപിൽ അറുത്ത കോഴിയുടെ കഴുത്തിൽനിന്ന് രക്തം നേരിട്ട് വായിലേക്ക് ചീറ്റിക്കുന്നത് പലവട്ടം കണ്ടിട്ടുണ്ട്) ആഭിചാരം എന്ന് പറഞ്ഞാൽ സ്ത്രീയേയോ പുരുഷനെയോ വശീകരിക്കുന്നതിനുവേണ്ടി ചെയ്യുന്ന മന്ത്രവാദകർമ്മമാണ്. ദൈവത്തിൽ വിശ്വസിക്കാതെ രാശിചക്രങ്ങളിൽ വിശ്വാസമർപ്പിച്ച് എന്തെങ്കിലും പ്രത്യേക കാര്യത്തിനുവേണ്ടി സമയം കുറിക്കുന്നതാണ് മുഹൂർത്തം നോക്കൽ. മരിച്ചു പോയവനുവേണ്ടി തലമുടിയുടെ അരികു കത്രിച്ചു കളയുന്നതും താടിയുടെ അറ്റം മുറിച്ചു കളയുന്നതും ശരീരത്തിൽ മുറിവുണ്ടാക്കുന്നതുമായ ആചാരം കനാൻ നാട്ടിൽ നിലവിലുണ്ടായിരുന്നു. അതു യിസ്രായേൽ ജനത്തിനു പാടില്ല എന്ന് വിലക്കുകയാണ് ദൈവം ഇവിടെ. ഇഷ്ടദേവന്റെയോ ദേവതയുടെയോ ചിത്രം ശരീരത്തിൽ പച്ചകുത്തുന്ന ആചാരവും നിലവിലുണ്ടായിരുന്നു. ഇങ്ങനെ പച്ച കുത്തുന്നതിലൂടെ താൻ ഇന്ന ദേവന്റെ അല്ലെങ്കിൽ ദേവതയുടെ വകയാണ് എന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. യഹോവയായ ദൈവം ഇക്കാര്യവും നിരോധിക്കുകയാണ് ഇവിടെ. ഈ കാര്യത്തെയാണ് കഥയറിയാതെ ആട്ടം കാണുന്ന ശ്രീ.മുഹമ്മദ് ഈസാ തന്റെ മതപ്രചരണത്തിനുവേണ്ടി ഉപയോഗിക്കാൻ ശ്രമിക്കുന്നത്.

താടി പുരുഷത്വത്തിന്റെ അടയാളമായി പരിഗണിക്കപ്പെട്ടിരുന്നെങ്കിലും അത് വടിച്ചു കളയാതെ നിലനിർത്തണം എന്ന നിർബന്ധ കല്പന ലേവ്യാ പുരോഹിതന്മാർക്ക് മാത്രം നൽകിയിട്ടുള്ളതായിരുന്നു. എന്നാൽ അവർ പോലും കുഷ്ഠരോഗ ബാധിതരായിത്തീർന്നു രോഗവിമുക്തി നേടിയാൽ താടി വടിച്ചു കളയണമായിരുന്നു. ലേവ്യാ പുസ്തകത്തിൽ തന്നെ അക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

"കുഷ്ഠശുദ്ധീകരണം കഴിവാനുള്ളവന്റെ മേൽ ഏഴു പ്രാവശ്യം തളിച്ചു അവനെ ശുദ്ധിയുള്ളവനെന്നു വിധിക്കയും ജീവനുള്ള പക്ഷിയെ വെളിയിൽ വിടുകയും വേണം. ശുദ്ധീകരണം കഴിയുന്നവൻ വസ്ത്രം അലക്കി രോമം ഒക്കെയും ക്ഷൗരം ചെയ്യിച്ചു വെള്ളത്തിൽ കുളിക്കേണം. എന്നാൽ അവൻ ശുദ്ധിയുള്ളവനാകും; അതിന്റെ ശേഷം അവൻ പാളയത്തിൽ ചെന്നു തന്റെ കൂടാരത്തിനു പുറമേ ഏഴു ദിവസം പാർക്കേണം ഏഴാം ദിവസം അവൻ തലയും താടിയും പുരികവും എല്ലാം വെടിപ്പാക്കേണം. ഇങ്ങനെ അവൻ സകല രോമവും ക്ഷൗരം ചെയ്യിച്ചു വസ്ത്രം അലക്കുകയും ദേഹം വെള്ളത്തിൽ കഴുകുകയും വേണം. എന്നാൽ അവൻ ശുദ്ധിയുള്ളവനാകും" ലേവ്യ14:9.

ഇവിടെ യഹോവയായ ദൈവം പറയുന്നത് "താടി വടിച്ചെങ്കിൽ മാത്രമേ അവൻ ശുദ്ധിയുള്ളവനാകൂ" എന്നാണ്. ഇത് ശ്രീ.മുഹമ്മദ് ഈസായുടെ വാദഗതികൾക്കെതിരാണ് എന്ന് പ്രത്യേകം പറയേണ്ടല്ലോ മാത്രമല്ല താടി വടിക്കുന്ന പല സന്ദർഭങ്ങളും യിസ്രായേൽ ജനത്തിനിടയിൽ ഉണ്ടായിരുന്നു എന്ന് ബൈബിളിൽ കാണാൻ കഴിയും. വിലാപം കഴിക്കുന്ന സമയത്ത് താടി വടിച്ചു കളയുമായിരുന്നു എന്ന് താഴെയുള്ള വചനങ്ങളിൽ നിന്നും മനസ്സിലാക്കാം.

"ശെഖേമിൽനിന്നും ശീലോവിൽനിന്നും ശമര്യയിൽനിന്നും എൺപതു പുരുഷന്മാർ താടി ചിരെച്ചും വസ്ത്രം കീറിയും തങ്ങളെ ത്തന്നേ മുറിവേല്പിച്ചുംകൊണ്ടു വഴിപാടും കുന്തുരുക്കവും എടുത്തു യഹോവയുടെ ആലയത്തിലേക്കു പോകുംവഴി അവിടെ എത്തി" യിരെമ്യാ 41:5.

"ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ എന്റെ വസ്ത്രവും മേലങ്കിയും കീറി എന്റെ തലയിലും താടിയിലുമുള്ള രോമം വലിച്ചു പറിച്ചു സ്തംഭിച്ചു കുത്തിയിരുന്നു" എസ്രാ.9:3.

ശ്രീ.മുഹമ്മദ് ഈസാ അവകാശപ്പെടുന്നത് പോലെ താടിയുടെ അറ്റം മുറിക്കരുത് എന്നല്ല; വിരൂപമാക്കരുത് എന്നാണ് ദൈവം കല്പിച്ചിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക. താടിയുടെ അറ്റം വിരൂപമാക്കരുത് എന്ന് പറഞ്ഞാൽ അതിനർത്ഥം താടിയുടെ അറ്റം മുറിക്കരുത് എന്നല്ലല്ലോ. ആണ് എന്നാണ് ശ്രീ.മുഹമ്മദ് ഈസാ വാദിക്കുന്നതെങ്കിൽ ഇന്നുള്ള മുസ്ലീങ്ങൾ ആരും താടിയുടെ അറ്റം മുറിക്കാതെയാണോ നടക്കുന്നത് ? എന്തായാലും ക്രിസ്ത്യാനികൾക്കെതിരെയുള്ള മുഹമ്മദ് ഈസായുടെ ബാലിശമായ ഈ ആരോപണം ഞങ്ങൾക്ക് തലയറഞ്ഞു ചിരിക്കാനുള്ള വക ധാരാളം ഉണ്ടാക്കിയിരിക്കുന്നു എന്ന് സമ്മതിക്കാതെ വയ്യ!! (തുടരും)

*

# ഖുറാനില അല്ലാഹു പഴയ നിയമത്തിലെ യഹോവ അല്ലേ ? (തുടർച്ച)

ഇസ്ഹാർ - ഉൾ - ഹഖ്

ഇതാണ് ആ ദൃഷ്ടാന്തം ജനം ആവശ്യപ്പെട്ട ദൃഷ്ടാന്തമെന്തായിരുന്നു ? മുഹമ്മദിന് ഒരുനിധി ഇറക്കപ്പെടുകയോ, മുഹമ്മദിനോടൊപ്പം ഒരു മലക്ക് പ്രത്യക്ഷപ്പെടുകയോ, മരുഭൂമിയിൽ ഉറവ ഒഴുക്കിക്കൊടുക്കുകയോ, മുഹമ്മദ് ഈത്തപ്പനയുടെയും മുന്തിരിയുടെയും തോട്ടം ഉണ്ടാക്കി അതിനിടയിലൂടെ സമൃദ്ധമായി അരുവികൾ ഒഴുക്കുകയോ സ്വർണ്ണം കൊണ്ട് ഒരു വീട് അല്ലാഹു മുഹമ്മദിന് ഉണ്ടാക്കിക്കൊടുക്കുകയോ ആകാശത്തെ കഷ്ണം കഷ്ണമായി ഖുറൈശികളുടെ മേൽ വീഴ്ത്തുകയോ, മുഹമ്മദ് ആകാശത്തേയ്ക്ക് കയറിപ്പോവുകയോ അല്ലാഹുവും മലക്കുകളും കൂട്ടം കൂട്ടമായി മുഹമ്മദിനടുത്തേക്ക് ഇറങ്ങി വരികയോ അങ്ങനെ എന്തെങ്കിലും ഒരു ദൃഷ്ടാന്തമാണ് ജനങ്ങൾ ചോദിച്ചത്. അല്ലാഹു കൊടുത്തതോ? ഖുറാനിലെ ഒരദ്ധ്യായം (സൂറ 24) അവതരിപ്പിച്ചു കൊടുത്തു. അതിൽ ആവശ്യത്തിന് ദൃഷ്ടാന്തങ്ങൾ, ഉണ്ടത്രെ എന്നൊരുപദേശവും!! 'ജനങ്ങൾ അതൊക്കെ വായിച്ച് ആലോചിച്ച് മനസ്സിലാക്കിക്കോ'

ഇതെങ്ങനെയാണ് മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനാണെന്നതിനുള്ള തെളിവ് ആകുന്നത് ? ഒരു പുസ്തകമെഴുതുകയും ആ പുസ്തകത്തിൽ അത്ഭുതങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഉണ്ടായിരിക്കുകയും ചെയ്താൽ അയാൾ പ്രവാചകനാകുമെങ്കിൽ, മാന്ത്രിക നോവലുകൾ എഴുതുന്ന ഏറ്റുമാനൂർ ശിവകുമാർ തുടങ്ങി ഹാരിപോട്ടറുടെ സ്രഷ്ടാവായ ജെ.കെ. റൗളിങ് വരെയുള്ളവർ പ്രവാചകന്മാരും പ്രവാചകിമാരുമാണെന്ന് പറയേണ്ടി വരില്ലേ? സ്ഥിരബുദ്ധിയുള്ള ആരെങ്കിലും ഇവർ ദൈവത്തിന്റെ പ്രവാചകരാണെന്ന് അംഗീകരിക്കുമോ? ഖുറാനെക്കുറിച്ച് ജനങ്ങൾ പറയുന്നത് 'ഇത് കെട്ടിച്ചമച്ച നുണയും പൂർവ്വികന്മാരുടെ കെട്ടുകഥകളും മാത്രമാണ്' എന്നാണ് (സൂറ. 25:4,5). അങ്ങനെയുള്ള ഖുറാനിനകത്ത് ഉണ്ടെന്ന് പറയപ്പെടുന്ന ദൃഷ്ടാന്തങ്ങൾക്ക് ആരെങ്കിലും എന്തെങ്കിലും വില കൊടുക്കുമോ?

വില കൊടുക്കുകയില്ല എന്ന സത്യം ഖുറാനിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാൻ കഴിയും. സൂറ.15:6-ൽ നാം വായിക്കുന്നത് ഇങ്ങനെയാണ് "അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ, ഉത്ബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ". വിസ്മയകരമെന്ന് പറയട്ടെ, 'മനുഷ്യവംശത്തിന് മുഴുവൻ' മാതൃകയായി താൻ അയച്ച അന്ത്യപ്രവാചകനെ സമകാലീനരായ മനുഷ്യർ ഭ്രാന്തൻ എന്നു വിളിച്ചിട്ടും ഭൂമിയിലുള്ള സകല മനുഷ്യർക്കും മാർഗ്ഗനിർദ്ദേശവും വെളിച്ചവുമായി അവതരിപ്പിച്ച ഖുർആൻ 'കെട്ടിച്ചമച്ച നുണയും പൂർവ്വികന്മാരുടെ കെട്ടു കഥകളുമാണെ'ന്ന് അധിക്ഷേപിച്ചിട്ടും അള്ളാഹു ഒരു അത്ഭുതം പോലും ചെയ്തു കാണിക്കുന്നില്ല! എങ്കിലും നാട്ടുകാരുടെ അധിക്ഷേപശരങ്ങളിൽപെട്ട് മുഹമ്മദിന്റെ മനസ്സ് മടുത്തു പോകാതിരിക്കാൻ അള്ളാഹു ആയത്ത് അവതരിപ്പിക്കുന്നുണ്ട്: "നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം കൊണ്ട് നീ ഒരു ഭ്രാന്തനല്ല" സൂറ.68:2. ഈ ഒരായത്തിറക്കി മുഹമ്മദിനെ ആശ്വസിപ്പിക്കുന്നതിനെക്കാൾ പതിനായിരം മടങ്ങ് ഫലം ചെയ്യുന്നതായിരുന്നില്ലേ ഒരത്ഭുതം, ഒരൊറ്റയത്ഭുതം ചെയ്തുകാണിക്കുന്നത് ?

വാസ്തവത്തിൽ അള്ളാഹു അത്ഭുതം കാണിച്ചതായി അവകാശപ്പെടുന്നത് മുഴുവൻ ബൈബിളിലെ പ്രവാചകന്മാരുടെ കാര്യത്തിൽ മാത്രമാണ്. ബൈബിളിലെ പ്രവാചകന്മാരുടെ അത്ഭുതങ്ങളെക്കുറിച്ച് പല വിവരണങ്ങളും നൽകുന്ന ഖുറാനിൽ ബൈബിളിലി

ല്ലാത്ത പ്രവാചകന്മാരുടെ അത്ഭുതങ്ങളെക്കുറിച്ചുള്ള വിവരണം വായിക്കുമ്പോൾ ചിരിവരും. അള്ളാഹു സാലിഹ് എന്ന ദൂതനെ 'ഥമൂദ്' എന്ന സമുദായത്തിലേക്ക് നിയോഗിച്ചതായി ഖുറാനിൽ പറയുന്നുണ്ട്. (ഥമൂദ് എന്ന സമുദായം കേവലം ഭാവനാസൃഷ്ടി മാത്രമാണെന്നാണ് പല പുരാവസ്തു ഗവേഷകരുടെയും അഭിപ്രായം!) സൂറ.26:141-158 വരെയുള്ള ഭാഗത്ത് ആ വിവരണം കാണാം. സ്ഥല പരിമിതി മൂലം 153-158 വരെയുള്ള ഭാഗങ്ങൾ മാത്രം താഴെ കൊടുക്കുന്നുള്ളൂ: സാലിഹിനോടു ജനം പറയുന്നതു നോക്കുക.

"അവർ പറഞ്ഞു: 'നീ മാരണം ബാധിച്ചവരിൽപെട്ട ഒരാൾ മാത്രമാകുന്നു. നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നീ സത്യാവാന്മാരിൽപെട്ടവനാണെങ്കിൽ വല്ല ദൃഷ്ടാന്തവും കൊണ്ടുവരൂ'. അദ്ദേഹം പറഞ്ഞു: 'ഇതാ ഒരു ഒട്ടകം. അതിന് വെള്ളം കുടിക്കാൻ ഒരു ഊഴമുണ്ട്. നിങ്ങൾക്കും ഒരു ഊഴമുണ്ട്; ഒരു നിശ്ചിത ദിവസത്തിൽ. നിങ്ങൾ അതിന് യാതൊരു ദ്രോഹവും ഏല്പിക്കരുത്. (അങ്ങനെ ചെയ്യുന്നപക്ഷം) ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങളെ പിടികൂടും'. എന്നാൽ അവർ അതിനെ വെട്ടിക്കൊന്നു. അങ്ങനെ അവർ വേദക്കാരായിത്തീർന്നു. ഉടനെ ശിക്ഷ അവരെ പിടികൂടി. തീർച്ചയായും അതിൽ (മനുഷ്യർക്ക്) ഒരു ദൃഷ്ടാന്തമുണ്ട്. എന്നാൽ അവരിൽ അധികംപേരും വിശ്വസിക്കുന്നവരായില്ല."

ഇവിടെ ജനം അള്ളാഹുവിന്റെ ദൂതനായ സാലിഹിൽ വിശ്വസിക്കേണ്ടതിന് ഒരു ദൃഷ്ടാന്തം ആവശ്യപ്പെട്ടപ്പോൾ സാലിഹ് കൊണ്ടുകൊടുക്കുന്നത് ഒരു ഒട്ടകത്തെയാണ്. ആ ഒട്ടകത്തിൽ തീർച്ചയായും മനുഷ്യർക്ക് ഒരു ദൃഷ്ടാന്തമുണ്ടെന്ന് അല്ലാഹു പറയുകയും ചെയ്യുന്നു. തലക്ക് വെളിവുള്ള ആരെങ്കിലും ആ പ്രസ്താവനയെ അംഗീകരിക്കുമോ ? ഞാൻ ദൈവത്തിന്റെ പ്രവാചകനാണെന്ന് നിങ്ങളോട് അവകാശപ്പെടുകയും പ്രവാചകത്വത്തിന്റെ തെളിവ് നിങ്ങൾ എന്നോട് ആവശ്യപ്പെടുമ്പോൾ ഞാൻ ഒരു പശുവിനെയോ എരുമയെയോ കാളയെയോ പോത്തിനെയോ അതുമല്ലെങ്കിൽ ഒരു ആനയെയോ കൊണ്ടുവന്ന് നിങ്ങളുടെ മുൻപാകെ നിർത്തി 'ഇതാണ് എന്റെ പ്രവാചകത്വത്തിന്റെ തെളിവ്, ഇതിൽ നിങ്ങൾക്ക് വേണ്ടുന്ന ദൃഷ്ടാന്തമുണ്ട്' എന്ന് പറയുകയും ചെയ്താൽ, നിങ്ങൾ എന്നെ വിശ്വസിക്കുമോ? വിശ്വസിക്കില്ല എന്നാണ് ഉത്തരമെങ്കിൽ, സാലിഹിൽ വിശ്വസിക്കാതിരുന്നവരെ കുറ്റം പറയാൻ എങ്ങനെ സാധിക്കും? ജനത്തിന് വേണ്ടുന്ന തെളിവ്, മനുഷ്യർക്ക് ഒരിക്കലും ചെയ്യാൻ കഴിയാത്തതായിരിക്കണം. അപ്രകാരമുള്ള യാതൊരുവിധ അത്ഭുതങ്ങളും അള്ളാഹു ഒരിക്കൽപോലും അറബികളുടെ മുമ്പാകെ മുഹമ്മദിലൂടെ ചെയ്തു കാണിച്ചതായി ഖുറാനിൽ ഇല്ല! ഈ അള്ളാഹു എങ്ങനെയാണ് ബൈബിളിലെ സത്യദൈവമാകുന്നത് ?

ഇനി അല്ലാഹുവിന്റെ സർവ്വജ്ഞാനം എന്ന വിഷയം നമുക്ക് ഖുർ ആനിൽ നിന്ന് പരിശോധിക്കുകയാണെങ്കിലോ, അവിടെ നാം കാണുന്നത് ഭാവിയെക്കുറിച്ചും ഭൂതകാലത്തെക്കുറിച്ചും യാതൊന്നും അറിയാത്ത ഒരു ആളത്വത്തെയാണ്.

അല്ലാഹു സർവ്വജ്ഞാനിയായ ദൈവമാണ് എന്നുള്ളത് ലോകത്തെ സകല മുസ്ലീങ്ങളുടെയും അവകാശവാദമാണ്. ഖുർആനും അങ്ങനെ അവകാശവാദം മുഴക്കുന്നുണ്ട്. എന്നാൽ ഖുർആനിൽ ഉള്ള ചില ആയത്തുകൾ പരിശോധിച്ചാൽ ഈ പറയുന്ന സർവ്വജ്ഞാനമൊന്നും അല്ലാഹുവിനു ഇല്ല എന്ന കാര്യം വ്യക്തമായി മനസ്സിലാകും. ഇതാ, ഈ ആയത്തുകൾ പരിശോധിക്കൂ.

സത്യവിശ്വാസികളേ, നിങ്ങൾ ഇരട്ടിയിരട്ടിയായി പലിശ തിന്നാതിരിക്കുകയും അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. നിങ്ങൾ വിജയികളായേക്കാം. (സൂറ.3:130).

"നിങ്ങൾ വിജയികളായേക്കാം".......അല്ലാഹുവിനു യാതൊരു ഉറപ്പുമില്ല. വിജയിക്കുമോ ഇല്ലയോ എന്ന് വെറും പ്രതീക്ഷ മാത്രം.

........."നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗൃഹീതരായേക്കാം" (സൂറ.3:132).

......"നിങ്ങൾ അനുഗൃഹീതരായേക്കാം"..... ഇവിടെയും അല്ലാഹുവിന് പ്രതീക്ഷ മാത്രം, പാവം അല്ലാഹു"

"എന്നിട്ട് നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടു

വെന്ന് വരാം" (സൂറ.20:44).

ഇവിടെയും അല്ലാഹുവിന്റെ അവസ്ഥ തദൈവ!!

"(നബിയേ) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരു വേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ? അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും, ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ" (സൂറ. 80:2,3).

ഇവിടെയും കാര്യങ്ങൾക്ക് വ്യത്യാസമൊന്നുമില്ല.

"നിങ്ങൾക്കിപ്പോൾ കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ (മുമ്പ്) അക്കൂട്ടർക്കും അതുപോലെ കേടുപാടുകൾ പറ്റിയിട്ടുണ്ട്. ആ (യുദ്ധ) ദിവസങ്ങളിലെ ജയാപചയങ്ങൾ ആളുകൾക്കിടയിൽ നാം മാറ്റിക്കൊണ്ടിരിക്കുന്നതാണ്. വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും, നിങ്ങളിൽ നിന്ന് രക്തസാക്ഷികളെ ഉണ്ടാക്കിത്തീർക്കുവാനും കൂടിയാണത്. അല്ലാഹു അക്രമികളെ ഇഷ്ടപ്പെടുകയില്ല." (സൂറ.3:140).

......."വിശ്വസിച്ചവരെ അല്ലാഹു തിരിച്ചറിയുവാനും"........

കഷ്ടം! വിശ്വസിച്ചവരെ തിരിച്ചറിയണമെങ്കിലും ഈ സർവ്വജ്ഞാനിക്ക് യുദ്ധം നടത്തേണ്ട ഗതികേടാണ്........

"അതല്ല, നിങ്ങളിൽ നിന്ന് ധർമ്മസമരത്തിൽ ഏർപ്പെട്ടവരെയും ക്ഷമാശീലരെയും അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ വിചാരിച്ചിരിക്കയാണോ?" (സൂറ.3:142).

വെറുതെയല്ല, ജിഹാദിക്കൂട്ടന്മാർ പടക്കം പൊട്ടിക്കാൻ നടക്കുന്നത്. തങ്ങൾ വിശ്വസിച്ചവരാണെന്നു അല്ലാഹു തിരിച്ചറിയാൻ വേണ്ടി കാട്ടിക്കൂട്ടുന്ന ഓരോ ക്രൂരതകളേ......

"രണ്ട് സംഘങ്ങൾ ഏറ്റുമുട്ടിയ ആ ദിവസം നിങ്ങൾക്ക് ബാധിച്ച വിപത്ത് അല്ലാഹുവിന്റെ അനുമതിയോടെത്തന്നെയാണുണ്ടായത്. സത്യവിശ്വാസികളാരെന്ന് അവന് തിരിച്ചറിയുവാൻ വേണ്ടിയുമാകുന്നു അത്" (സുറ.3:166).

അല്ലാഹുവിനു സത്യവിശ്വാസികളെ തിരിച്ചറിയാൻ വേണ്ടി യുദ്ധത്തിനിടക്ക് മുസ്ലീങ്ങൾക്ക് തന്നെ പണി കൊടുത്ത കാര്യമാണ് ഈ പറഞ്ഞിരിക്കുന്നത്!!!

"നിങ്ങൾ വരൂ. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യൂ. അല്ലെങ്കിൽ ചെറുത്ത് നിൽക്കുകയെങ്കിലും ചെയ്യൂ എന്ന് കൽപിക്കപ്പെട്ടാൽ യുദ്ധമുണ്ടാകുമെന്ന് ഞങ്ങൾക്ക് ബോധ്യമുണ്ടായിരുന്നെങ്കിൽ ഞങ്ങളും നിങ്ങളുടെ പിന്നാലെ വരുമായിരുന്നു എന്ന് പറയുന്ന കാപട്യക്കാരെ അവൻ തിരിച്ചറിയുവാൻ വേണ്ടിയുമാകുന്നു അത്. അന്ന് സത്യവിശ്വാസത്തോടുള്ളതിനേക്കാൾ കൂടുതൽ അടുപ്പം അവർക്ക് അവിശ്വാസത്തോടായിരുന്നു. തങ്ങളുടെ വായ് കൊണ്ട് അവർ പറയുന്നത് അവരുടെ ഹൃദയങ്ങളിലില്ലാത്തതാണ്. അവർ മൂടിവെക്കുന്നതിനെപ്പറ്റി അല്ലാഹു കൂടുതൽ അറിയുന്നവനാകുന്നു" സൂറ.3:167.

........."കാപട്യക്കാരെ അവൻ തിരിച്ചറിയുവാൻ വേണ്ടിയുമാകുന്നു"....... കാപട്യക്കാരെ തിരിച്ചറിയണമെങ്കിലും അല്ലാഹുവിനു അവരുടെ വാക്കുകൾ കേൾക്കണം!! അവരുടെ ഹൃദയത്തിൽ വിശ്വാസമുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാൻ അല്ലാഹുവിന് കഴിയുകയില്ല എന്ന് സമ്മതിക്കുന്നത് കണ്ടോ ???

"സത്യവിശ്വാസികളേ, നിങ്ങളുടെ കൈകൾ കൊണ്ടും ശൂലങ്ങൾ കൊണ്ടും വേട്ടയാടിപ്പിടിക്കാവുന്ന വിധത്തിലുള്ള വല്ല ജന്തുക്കളും മുഖേന അല്ലാഹു നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും. അദൃശ്യമായ നിലയിൽ അതിന് ശേഷം അതിക്രമം കാണിച്ചാൽ അവന്ന് വേദനയേറിയ ശിക്ഷയുണ്ടായിരിക്കും." സൂറ. 5:94.

അദൃശ്യമായ നിലയിൽ അല്ലാഹുവെ ഭയപ്പെടുന്നവരെ അവൻ വേർതിരിച്ചറിയാൻ വേണ്ടിയത്രേ അത്.

പരീക്ഷ ഇല്ലാതെ ഒന്നും അറിയാൻ അല്ലാഹുവിന് കഴിയില്ല.

അവരുടെ മുൻപുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുക തന്നെ ചെയ്യും. കള്ളം പറയുന്നവരേയും അവൻ അറിയും. സുറ. 29:3.

പരീക്ഷ നടത്തി മാത്രമേ അല്ലാഹുവിന് കാര്യങ്ങൾ അറിയാൻ പറ്റൂ.

നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു. സുറ.67:2.

"അല്ലാഹുവിന്റെ പരീക്ഷണവസ്തുക്കളാണ് മനുഷ്യൻ".

ഇനി തന്റെ പ്രവാചകന്റെ കാര്യത്തിലും

അല്ലാഹുവിനു ഉറപ്പില്ല: നോക്കാം.

"ഇയാൾക്ക് ഒരു നിധി ഇറക്കപ്പെടുകയോ, ഇയാളോടൊപ്പം ഒരു മലക്ക് വരികയോ ചെയ്യാത്തതെന്ത് എന്ന് (നിന്നെപ്പറ്റി) അവർ പറയുന്ന കാരണത്താൽ നിനക്ക് നൽകപ്പെടുന്ന സന്ദേശങ്ങളിൽ ചിലത് നീ വിട്ടുകളയുകയും, അതിന്റെ പേരിൽ നിനക്ക് മനഃപ്രയാസമുണ്ടാകുകയും ചെയ്തേക്കാം. എന്നാൽ നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു. അല്ലാഹു എല്ലാ കാര്യത്തിന്റെയും സംരക്ഷണമേറ്റവനാകുന്നു." സൂറ.11:12.

"നിനക്ക് മനഃപ്രയാസമുണ്ടാകുകയും ചെയ്തേക്കാം" അല്ലാഹുവിന് യാതൊരു ഉറപ്പുമില്ല!!!

"അതിനാൽ ഈ സന്ദേശത്തിൽ അവർ വിശ്വസിച്ചില്ലെങ്കിൽ അവർ പിന്തിരിഞ്ഞ് പോയതിനെത്തുടർന്ന് (അതിലുള്ള) ദുഃഖത്താൽ നീ ജീവനൊടുക്കുന്നവനായേക്കാം". സൂറ. 18:6.

"നീ ജീവനൊടുക്കുന്നവനായേക്കാം" തന്റെ പ്രവാചകൻ ആത്മഹത്യ ചെയ്യുമോ ഇല്ലയോ എന്ന് അല്ലാഹുവിന് ഒരു പിടിയുമില്ല!!!

"അവർ വിശ്വാസികളാകാത്തതിന്റെ പേരിൽ നീ നിന്റെ ജീവൻ നശിപ്പിച്ചേക്കാം" സൂറ.26:3.

ഇവിടെയും കാര്യങ്ങൾ തഥൈവ!!!

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങൾ ഉറപ്പിച്ച് നിർത്തുകയും ചെയ്യുന്നതാണ്" സൂറ. 47:7.

"നിങ്ങൾ അല്ലാഹുവെ സഹായിക്കുന്ന പക്ഷം അവൻ നിങ്ങളെ സഹായിക്കുകയും"

അല്ലാഹുവും ജിഹാദികളും പരസ്പരസഹായസഹകരണ സംഘമാണ്. അനുയായികളുടെ സഹായമില്ലാതെ നിലനിൽക്കാൻ കഴിയാത്ത അല്ലാഹുവിനെയാണ് നമുക്ക് ഈ ആയത്തിൽ കാണാൻ കഴിയുന്നത്. ഇങ്ങനെയുള്ള അള്ളാഹുവും "ആരംഭത്തിൽത്തന്നെ അവസാനവും പൂർവ്വകാലത്ത് തന്നെ മേലാൽ സം ഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു" (യെശയ്യാ.46:10) എന്ന് പറഞ്ഞ ബൈബിളിലെ സത്യദൈവമായ യഹോവയും ഒരാളാകുന്നതെങ്ങനെ ?

തീർന്നില്ല, ഖുർ ആൻ വെളിപ്പെടുത്തുന്ന അല്ലാഹുവിനു കണക്കിലും വലിയ പിടിയില്ല എന്ന് ഖുർ ആനിൽ നിന്നും നമുക്ക് മനസ്സിലാകും:

സ്വത്ത് ഭാഗം വയ്ക്കുന്നതിനെപ്പറ്റി പറയുമ്പോഴാണ് ഈ കണക്ക് അള്ളാഹു പറയുന്നത്.

"നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദ്ദേശം നൽകുന്നു; ആണിന് രണ്ട് പെണ്ണിന്റേതിന് തുല്യമായ ഓഹരിയാണുള്ളത്. ഇനി രണ്ടിലധികം പെൺമക്കളാണുള്ളതെങ്കിൽ (മരിച്ച ആൾ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് അവർക്കുള്ളത്. ഒരു മകൾ മാത്രമാണെങ്കിൽ അവൾക്ക് പകുതിയാണുള്ളത്. മിരച്ച ആൾക്കു സന്താനമുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കളിൽ ഓരോരുത്തർക്കും അയാൾ വിട്ടേച്ചുപോയ സ്വത്തിന്റെ ആറിലൊന്നുവീതം ഉണ്ടായിരിക്കുന്നതാണ്. ഇനി അയാൾക്ക് സന്താനമില്ലാതിരിക്കുകയും, മാതാപിതാക്കൾ അയാളുടെ അനന്തരാവകാശികളായിരിക്കുകയുമാണെങ്കിൽ അയാളുടെ മാതാവിന് മൂന്നിലൊരു ഭാഗം ഉണ്ടായിരിക്കും. ഇനി അയാൾക്ക് സഹോദരങ്ങളുണ്ടായിരുന്നാൽ അയാളുടെ മാതാവിന് ആറിലൊന്നുണ്ടായിരിക്കും. മരിച്ച ആൾ ചെയ്തിട്ടുള്ള വസിയ്യത്തിനും കടമുണ്ടെങ്കിൽ അതിനും ശേഷമാണ് ഇതെല്ലാം. നിങ്ങളുടെ പിതാക്കളിലും നിങ്ങളുടെ മക്കളിലും ഉപകാരം കൊണ്ട് നിങ്ങളോട് ഏറ്റവും അടുത്തവർ ആരാണെന്ന് നിങ്ങൾക്കറിയില്ല. അല്ലാഹുവിന്റെ പക്കൽ നിന്നുള്ള (ഓഹരി) നിർ ണയമാണിത്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.

നിങ്ങളുടെ ഭാര്യമാർക്ക് സന്താനമില്ലാത്ത പക്ഷം അവർ വിട്ടേച്ചുപോയ ധനത്തിന്റെ പകുതി നിങ്ങൾക്കാകുന്നു. ഇനി അവർക്ക് സന്താനമുണ്ടായിരുന്നാൽ അവർ വിട്ടേച്ചുപോയതിന്റെ നാലിലൊന്ന് നിങ്ങൾക്കായിരിക്കും. അവർ ചെയ്യുന്ന വസിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടേച്ചുപോയ ധനത്തിൽ നിന്ന് നാലിലൊന്നാണ് അവർക്ക് (ഭാര്യമാർക്ക്) ഉള്ളത്. ഇനി നിങ്ങൾക്ക് സന്താനമുണ്ടായിരുന്നാൽ നിങ്ങൾ വിട്ടേച്ചുപോയതിൽ നിന്ന് എട്ടിലൊന്നാണ് അവർക്കുള്ളത്. നിങ്ങൾ ചെ

യ്യുന്ന വസിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. അനന്തരമെടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളായിരിക്കുകയും, അയാൾക്ക് (മാതാവൊത്ത) ഒരു സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ (ആ സഹോദരസഹോദരിമാരിൽ) ഓരോരുത്തർക്കും ആറിൽ ഒരംശം ലഭിക്കുന്നതാണ്. ഇനി അവർ അതിലധികം പേരുണ്ടെങ്കിൽ അവർ മൂന്നി ലൊന്നിൽ സമാവകാശികളായിരിക്കും. ദ്രോഹകരമല്ലാത്ത വസിയ്യത്തോ കടമോ ഉണ്ടെങ്കിൽ അതൊഴിച്ചാണിത്. അല്ലാഹുവിങ്കൽ നിന്നുള്ള നിർദ്ദേശമത്രെ ഇത്. അല്ലാഹു സർവ്വജ്ഞനും സഹനശീലനുമാകുന്നു" സൂറ. 4:11,12.

ഇതനുസരിച്ച് മാതാപിതാക്കളും ഭർത്താവും രണ്ടു പെൺമക്കളും ഉള്ള, മൂന്നു ലക്ഷം രൂപ സ്വത്തുള്ള ഒരു സ്ത്രീ മരിച്ചുപോയാൽ എങ്ങനെയായിരിക്കും അവരുടെ സ്വത്ത് പങ്കുവെക്കുന്നത്???

മരണപ്പെട്ട സ്ത്രീയുടെ സ്വത്തു:Rs.3,00,000
ഭർത്താവിന് അവകാശപ്പെട്ടത്:1/4=Rs.75,000
ബാക്കി: Rs.3,00,000 - Rs. 75,000 = Rs.2,25,000
പെൺമക്കൾക്ക്: 2/3 = Rs. 2,00,000
ബാക്കി: Rs.3,00,000 - Rs. 2,75,000 = Rs.25,000
മാതാവിന്: 1/6 = Rs. 50,000
പിതാവിന്: 1/6 = Rs. 50,000
മൊത്തം: Rs.75,000+Rs.2,00,000+Rs.50,000+Rs.50,000 = Rs.3,75,000

ആകെയുള്ളത് മൂന്നു ലക്ഷം രൂപ. അല്ലാഹു പറഞ്ഞതനുസരിച്ച് ഭാഗം വെച്ചാൽ എല്ലാവർക്കും കൊടുക്കണമെങ്കിൽ എഴുപത്തയ്യായിരം രൂപ ഭാഗം വെയ്ക്കുന്നയാൾ സ്വന്തം പോക്കറ്റിൽ നിന്നെടുത്തു കൊടുക്കണം!! ഇനി ഈ മരണപ്പെട്ട സ്ത്രീയുടെ മാതാപിതാക്കൾ ജീവനോടെ ഇല്ല എങ്കിൽ, സ്വത്ത് ഭാഗം വെയ്ക്കുമ്പോൾ 25,000 രൂപ ബാക്കി വരും. അത് എന്ത് ചെയ്യണം എന്ന് അള്ളാഹു പറയുന്നില്ല!

സർവ്വജ്ഞാനിയെന്നവകാശപ്പെടുന്ന അല്ലാഹുവിന്റെ കണക്കാണിത്! സ്വത്ത് ഭാഗം വെയ്ക്കുന്നയാൾക്ക് നഷ്ടം വരാത്തവിധം ഈ കണക്ക് ഒന്ന് ആർക്കെങ്കിലും പരിഹരിക്കാൻ കഴിയുമോ?

* തുടരും....

# 'വേർപാട്'ൽ ചേക്കേറിയവർ ഒഴിഞ്ഞു പോകണം

Dr. ജോൺസൻ സി.ഫിലിപ്പ് ചീഫ് എഡിറ്ററായി പ്രസിദ്ധീകരിക്കുന്ന 'വേർപാട്' ന്റെ എഡിറ്റോറിയൽ ടീമിൽ ഉൾപ്പെട്ട ഡാർവിനിസ്റ്റ് ബ്രദറൺകാർ അല്ലാത്തവർ എത്രയും വേഗം 'വേർപാട്' ന്റെ എഡിറ്റോറിയൽ ടീമിൽ നിന്നും ഒഴിഞ്ഞുപോകണം. ഡാർവിനിസ്റ്റ് ബ്രദറൺകാരല്ലാത്തവർ 'വേർപാട്' ൽ ചേക്കേറി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ അത്തരക്കാരെ 'കൈകാര്യം ചെയ്യാൻ' 'വേർപാട് സംരക്ഷകർ' എന്ന ബാനറും പിടിച്ച് നിൽക്കുന്ന Dr. ജോൺസൻ സി.ഫിലിപ്പും ടീമും വളരെയേറെ കഷ്ടപ്പെടുന്നു എന്ന് 'വേർപാട്' ൽ തന്നെ തുറന്നെഴുതിയ സ്ഥിതിക്ക് ശ്രേഷ്ഠരായ ദൈവദാസന്മാർ പലരും എന്തിനാണ് ഈ പാരമ്പര്യവാദികളുടെ ആട്ടും തുപ്പും സഹിച്ച് അടിമകളെപ്പോലെ തുടരുന്നത് ? എഡിറ്റോറിയൽ ടീമിൽ പേർ ഉണ്ടെന്നല്ലാതെ വേറെ ദൗത്യമൊന്നും 'വേർപാട്'ൽ നിങ്ങൾക്കില്ലല്ലോ ? പിന്നെന്തിനാണ് Dr. ജോൺസൻ സി.ഫിലിപ്പ് പാരമ്പര്യ ബ്രദറൺകാരല്ലാത്തവരെയും 'വേർപാട്' ന്റെ എഡിറ്റോറിയൽ ടീമിൽ ഉൾപ്പെടുത്തിയത്. തന്റെ വചനവിരുദ്ധ പ്രചരണത്തിന് ധാരാളം പിൻതുണ ഉണ്ടെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാൻ തന്നെ. ഈ വഞ്ചനയ്ക്ക് ഇനിയും വിധേയപ്പെടണമോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കൂ.

വചനധ്വനി
2013 മാർച്ച് - മേയ്
PRIVATE CIRCULATION ONLY

# കർത്തൃമേശാചരണം

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസന്തോറും കർത്തൃമേശയാചരിക്കുക എന്നുള്ളത് സഭയുടെ ആരംഭം മുതൽ എല്ലാ സത്യവിശ്വാസിയുടെയും പതിവായിരുന്നു പ്രവ 20:7. കർത്താവിന്റെ അത്താഴം ഒരു ഓർമ്മയുടെ ശുശ്രൂഷയാണ്. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ" എന്നാണല്ലോ കർത്താവ് പറഞ്ഞത്.

നവമതത്തിന്റെയും ഉപദേശപരമായ അയവിന്റെയും ഇക്കാലത്തു കർത്താവിന്റെ അത്താഴത്തിന്റെ പ്രാധാന്യം വളരെ കുറച്ചുകളയുന്നു എന്നു കാണുന്നത് ദുഃഖകരമാണ്. ഇതു എല്ലാ ആഴ്ചയിലും ആചരിക്കേണ്ട ആവശ്യമില്ല എന്നു ചിലർ നിർദ്ദേശിക്കുന്നു. മറ്റു ചിലർ ദൈവവചനപ്രകാരമുള്ള ക്രമത്തിൽ വ്യത്യാസം വരുത്തുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ നിന്നും മറ്റു ദിവസങ്ങളിലാക്കുന്നു. വേറെ ചിലർ തങ്ങളുടെ സഭാക്രമത്തിൽ നിന്നു ഇതു പാടേ മാറ്റിക്കളയുന്നു 1കൊരി 11:18-20.

കർത്തൃദിവസം പിക്നിക്കിനും മറ്റും ഉപയോഗിക്കുന്ന യുവാക്കന്മാരെ എനിക്കറിയാം. കർത്തൃദിവസത്തിൽ ഒഴിഞ്ഞുനിൽക്കുന്നതിനു ന്യായീകരണം കണ്ടെത്താനായി പിക്നിക് നടത്തുന്ന സ്ഥലത്തു തിരുവത്താഴാചരണം നടത്തും. മറ്റു ചിലർ തങ്ങളുടെ സ്വന്ത സൗകര്യാർത്ഥം കർത്തൃമേശ ആചരിക്കുന്നതു മറ്റു ദിവസത്തേക്കു മാറ്റുന്നു. അവർക്കു കർത്തൃദിവസം ചെയ്യുന്നതിന് അതിനെക്കാൾ പ്രധാനപ്പെട്ട വേറെകാര്യങ്ങൾ ഉണ്ട്. മറ്റു ചിലർ തങ്ങളുടെ പരിപാടികൾ എല്ലാം ആചരിച്ചു കഴിഞ്ഞ് തിരുവത്താഴ ശുശ്രൂഷയ്ക്ക് 10 മിനിറ്റു കണ്ടെത്തും.

തിരുവെഴുത്തിൽ എഴുതിയിരിക്കുന്ന പ്രകാരം കർത്തൃമേശ ആചരിക്കുവാൻ നാം ഒരുങ്ങേണ്ടതാണ്. കർത്താവ് വീഞ്ഞ് ഉപയോഗിച്ചതിനു പകരം മറ്റെന്തെങ്കിലും പകരം ഉപയോഗിക്കാൻ ചിലർ ശ്രമിക്കുന്നു. ഇങ്ങനെ മാറ്റം വരുത്തുന്നതിനു അവരുടേതായ ന്യായവാദങ്ങൾ നിരത്തുന്നു. എന്നാൽ തിരുവെഴുത്ത് അനുസരിച്ചു ചെയ്യണമെങ്കിൽ പാനപാത്രത്തിൽ വീഞ്ഞുതന്നെയായിരിക്കണം. ഒരു പാനപാത്രം എന്നു കർത്താവ് പറഞ്ഞതിനു പകരം ചില സഭക്കാർ അനേകം ചിമിഴുകൾ ഉപയോഗിക്കുന്നു. ഇതിന് ഒരിക്കലും ഒരു പാനപാത്രം എന്നു പറയാൻ സാദ്ധ്യമല്ല. ഇതിനു പറയുന്ന ഒഴിവുകഴിവ് ആരോഗ്യപരമായ കാരണങ്ങളാണ് ഒരു കപ്പിൽ നിന്നു തന്നെ അനേകർ കുടിക്കുന്നത് രോഗം പകരുവാൻ ഹേതുവായിത്തീരുമെന്നു പറയുന്നു. ഒരു പക്ഷേ എയ്ഡ്സ് ബാധിച്ചവരും കൂടിവരവിൽ ഉണ്ടെന്ന് വരാമെന്നും ശങ്കിക്കുന്നു. ഇതിന്റെ അർത്ഥം അവർക്കു തങ്ങളുടെ സഹോദരീസഹോദരന്മാരെ വിശ്വാസമില്ലെന്നാണ്. അവർ സ്വവർഗ്ഗഭോഗികളോ വ്യഭിചാരികളോ ഒക്കെ ആകാമെന്നാണ്.

കർത്താവ് ഈ കല്പന തരുമ്പോൾ തന്റെ ജനത്തിന്റെ ആരോഗ്യത്തെക്കുറിച്ചു ഓർ മ്മയില്ലാത്തവനായിപ്പോയി എന്നു തോന്നും. അല്ലെങ്കിൽ 20-ാം നൂറ്റാണ്ടിലെ കാര്യങ്ങൾ മുൻകൂട്ടി കാണുവാൻ തനിക്കു കഴിയുമായിരുന്നില്ല എന്നു വരും. കർത്താവിന്റെ ദീർഘ ദൃഷ്ടിയില്ലായ്മയ്ക്കു പരിഹാരം വരുത്തുവാൻ ദയാദൃഷ്ടിയും ബുദ്ധിയുമുള്ളവരായ ഇന്നത്തെയാളുകൾ കല്പന രൂപഭേദപ്പെടുത്തുകയാണ്. ഇതു നമ്മുടെ കർത്താവിന്റെ ആളത്വത്തിനു കളങ്കമല്ലേ! താൻ ഏർപ്പെടുത്തിയ കാര്യത്തിൽ കർത്താവ് ബുദ്ധിശൂന്യനായിപ്പോയി എന്നല്ലേ! തന്റെ ദൈവത്വത്തെപ്പോലും സംശയിക്കുന്നതിനു ഇതു കാരണമാകുന്നില്ലേ ?

**ചാസ് വിഗ്**

Printed & Published by Jeesan. S. at Press Raj, Kattakkada